# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ



## ഫെബ്രുവരി 2021

**അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്**

**പൗരോഹിത്യ സുവർണ്ണജൂബിലിയുടെയും**

**മെത്രാഭിഷേക വാർഷികത്തിന്റെയും ആശംസകൾ**

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No.2 ഫെബ്രുവരി 2021


ഫ്രാൻസിസ് പാപ്പായുടെ സന്ദേശം - 5
സർക്കുലർ - 13
ഇടയലേഖനം - 21
കച്ചേരിക്കാര്യം - 27
പൗരോഹിത്യ സുവർണ്ണജൂബിലി ആശംസകൾ - 30
പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ - 34
പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ - 42
അജപാലനോത്തേജനവിഭാഗം - 43
വിശ്വാസജീവിതപരിശീലനരംഗം - 45
ചെറുപുഷ്പ മിഷൻലീഗ് - 48
ബൈബിൾ അപ്പോസ്തലേറ്റ് - 51
സീറോ മലബാർ യൂത്ത് മൂവ്മെന്റ് - 52
കുടുംബപ്രേഷിതത്വം - 54
മാതൃവേദി - 55
നസ്രാണി റിസേർച്ച് സെന്റർ - 57
മേരി മാതാ മൈനർ സെമിനാരി - 59
കാത്തലിക് കരിസ്മാറ്റിക് നവീകരണം - 60
ആവേ മരിയ റിട്രീറ്റ് സെന്റർ - 62
മരിയൻ റിട്രീറ്റ് സെന്റർ - 63
സന്യസ്തർ - 65
കെ.സി.എസ്.എൽ. - 73
കത്തോലിക്കാ കോൺഗ്രസ് - 75
മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ - 80
ലീജിയൻ ഓഫ് മേരി - 82
ഡി.സി.എം.എസ്. - 83
ഫ്രാൻസിസ്ക്കൻ അല്മായസഭ - 84
വിൻസെൻഷ്യൻ വേദി - 85
ആരോഗ്യപുനരധിവാസ മദ്യവിരുദ്ധസമിതി - 87
വിമല പബ്ലിക്കേഷൻസ് - 88
Special Care Homes & Charitable institution - 90
മലനാട് ഡവലപ്മെന്റ് സൊസൈറ്റി - 91
പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി - 94
രൂപതാവാർത്തകൾ - 97
Bishop's Engagements -100



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No. 2 ഫെബ്രുവരി 2021



**മാർ മാത്യു അറയ്ക്കൽ**

| | | |
|---|---|---|
| 1944 ഡിസംബർ 10 | - | ജനനം |
| 1961 | - | സെമിനാരി പ്രവേശനം |
| 1964 | - | മേജർ സെമിനാരി പഠനം - വടവാതൂർ |
| 1971 മാർച്ച് 13 | - | പൗരോഹിത്യം |

**കർമ്മവീഥികൾ**

| | | |
|---|---|---|
| 1971-1974 | - | അസ്തേന്തി - അമ്പൂരി<br>ഡയറക്ടർ - സമരിറ്റൻ ആശുപത്രി<br>മാനേജർ - അതിരൂപതാ എസ്റ്റേറ്റ് |
| 1974 - 1977 | - | ചങ്ങനാശ്ശേരി അതിരൂപതാ<br>ഹൗസ് പ്രോക്കുറേറ്റർ |
| 1977 - 1993 | - | വികാരി - പീരുമേട്, മുറിഞ്ഞപുഴ |
| 1993 - 2001 | - | വികാരി - ഏലപ്പാറ, പള്ളിക്കുന്ന് |
| 1977 - 2001 | - | സ്ഥാപക ഡയറക്ടർ - പി.ഡി.എസ്. |
| 2001 ഫെബ്രുവരി 9 | - | രൂപതാ മെത്രാൻ |
| 2020 ഫെബ്രുവരി 3 | - | വിരമിക്കൽ |

FULLNESS IN LIFE

'ജീവനുണ്ടാകുവാനും
അത് സമൃദ്ധമായി ഉണ്ടാകുവാനും'

## അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്

**മെത്രാഭിഷേകത്തിന്റെ 20-ാം വാർഷികത്തിന്റെയും (ഫെബ്രുവരി 9)**
**പൗരോഹിത്യ സുവർണ്ണജൂബിലിയുടെയും (മാർച്ച് 13)**
**രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.**



SALT OF THE EARTH
LIGHT OF THE WORLD

മെത്രാഭിഷേകത്തിന്റെ 5–ാം വാർഷികം (ഫെബ്രുവരി 4)
അനുസ്മരിക്കുന്ന വേളയിൽ
**അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്**
സർവ്വവിധ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനാശംസകളും
രൂപതാകുടുംബം നേരുന്നു.

# പൗരോഹിത്യ സുവർണ്ണ ജൂബിലി
# ആഘോഷിക്കുന്ന





റവ. ഫാ. ആന്റണി
കൊച്ചാങ്കലിനും

റവ. ഫാ. ജോസഫ് (ജോയി)
ചിറ്റൂരിനും

രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ.



Ref: 3433/K-5/KCBC/OL/DS

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## 29–ാം ലോകരോഗീ ദിനം – 2021

*"നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ;*
*നിങ്ങളെല്ലാവരും സഹോദരന്മാരാണ്"* (മത്താ 23:8).

രോഗീശുശ്രൂഷയുടെ അടിത്തറയായ പരസ്പരവിശ്വാസം

പ്രിയ സഹോദരീസഹോദരന്മാരേ,

ഇരുപത്തി ഒൻപതാം ലോകരോഗീദിനാചരണം 2021 ഫെബ്രുവരി 11–നു നടക്കും. അന്ന് ലൂർദു മാതാവിനെ ആരാധനക്രമപരമായി ഓർക്കുന്ന ദിവസമാണ്. രോഗികളെയും ആരോഗ്യശുശ്രൂഷാസ്ഥാപനങ്ങളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും രോഗികളെ സഹായിക്കുന്നവരെയും പ്രത്യേകം ശ്രദ്ധിക്കാനുള്ള ഒരു അവസരമാണത്. ആഗോള പകർച്ചവ്യാധിയായ കൊറോണ വൈറസിന്റെ ഫലങ്ങൾ അനുഭവിച്ചവരെയും അനുഭവിച്ചുകൊണ്ടിരിക്കുന്നവരെയും നമ്മൾ പ്രത്യേകമായി ഓർമ്മിക്കുന്നു. എല്ലാവരോടും, പ്രത്യേകിച്ച് ദരിദ്രരോടും പുറംപോക്കിലാക്കപ്പെട്ടവരോടും, ആധ്യാത്മിക സാമീപ്യം ഞാൻ പ്രകാശിപ്പിക്കുന്നു. അവർക്ക് സഭയുടെ സ്നേഹപൂർണമായ പരിഗണന ഉറപ്പുവരുത്തുകയും ചെയ്യുന്നു.

1. ഈ ദിവസത്തേക്കുള്ള പ്രമേയം സുവിശേഷത്തിൽ നിന്നെടുത്തതാണ്. തങ്ങൾ പ്രസംഗിക്കുന്നത് പ്രയോഗത്തിലാക്കുന്നതിൽ പരാജയപ്പെട്ടവരുടെ കാപട്യത്തെ യേശു അവിടെ വിമർശിക്കുന്നു (cf. മത്താ 23:1–12). നമ്മുടെ വിശ്വാസം പൊള്ളയായ വാക്കുകളായി ചുരുക്കപ്പെടുമ്പോൾ മറ്റുള്ളവരുടെ ജീവിതവും ആവശ്യങ്ങളുമായി താത്പര്യം പുലർത്താതിരിക്കുമ്പോൾ, നാം ഏറ്റുപറയുന്ന വിശ്വാസപ്രമാണം നാം

നയിക്കുന്ന ജീവിതത്തിനു ചേരാത്തതാകും. അപകടം യഥാർത്ഥമാണ്. അതുകൊണ്ടാണ് ആത്മ-വിഗ്രഹാരാധന യിൽ വീഴുകയെന്ന അപകടത്തെക്കുറിച്ച് യേശു ശക്തമായ വാക്കുകൾ ഉപയോഗിക്കുന്നത്. അവിടന്നു നമ്മോടു പറ യുന്നു: "നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ. നിങ്ങൾ എല്ലാവരും സഹോദരന്മാരാണ്" (വാക്യം 8).

"പ്രസംഗിക്കുകയും എന്നാൽ പ്രാവർത്തികമാക്കാതിരിക്കു കയും" ചെയ്യുന്നവർക്ക് (വാക്യം 3) എതിരേ ക്രിസ്തു നട ത്തുന്ന വിമർശനം എപ്പോഴും എല്ലായിടത്തും സഹായകമാ ണ്. കാരണം, കാപട്യമെന്ന വലിയ തിന്മയിൽ നിന്ന് ഒഴിവു ള്ളവരായി നമ്മിൽ ആരുമില്ല. ആ തിന്മ സാർവത്രിക സാഹോ ദര്യത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരും ഏകപിതാവിന്റെ മക്കളും എന്ന നിലയിൽ വളർന്നു വികസിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നു.

നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങൾക്കു മുമ്പിൽ അത്തരം കാപട്യത്തിനു തികച്ചും വിരുദ്ധമായ വിധ ത്തിൽ പ്രത്യുത്തരിക്കാൻ യേശു നമ്മോട് ആവശ്യപ്പെടുന്നു. നിന്ന് ശ്രദ്ധിച്ചുകേൾക്കാനും മറ്റുള്ളവരുമായി നേരിട്ടുള്ള വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനും സഹാനുഭൂതിയും സഹതാപവും അനുഭവിക്കാനും, നാം അവർക്ക് സേവനം ചെയ്യാൻ പരിശ്രമിക്കുമ്പോൾ അവരുടെ സഹനം നമ്മുടേ താക്കിത്തീർക്കാനും അവിടന്നു നമ്മോട് ആവശ്യപ്പെടുന്നു (cf. ലൂക്കാ 10:30-35).

2. രോഗാനുഭവം നമ്മുടെ തന്നെ ദുർബലാവസ്ഥയും മറ്റുള്ളവ രെകൊണ്ട് നമുക്കുള്ള ആവശ്യവും നമുക്കു മനസ്സിലാക്കി ത്തരുന്നു. ദൈവത്തെ ആശ്രയിച്ചു കഴിയുന്ന സൃഷ്ടികളാ ണ് നാം എന്ന വസ്തുത അത് നമുക്കു കൂടുതൽ വ്യക്തമാ

ക്കിത്തരുന്നു. നമ്മൾ രോഗികളാകുമ്പോൾ ഭയവും പരിഭ്രമവും നമ്മുടെ മനസ്സുകളെയും ഹൃദയങ്ങളെയും പിടിച്ചമർത്തിയേക്കാം. നമ്മൾ ശക്തിഹീനരാണെന്ന് നമുക്കു തോന്നാം. നമ്മുടെ ആരോഗ്യം നമ്മുടെ കഴിവുകളെയോ നിരന്തര ജീവിതാകുലതകളെയോ ആശ്രയിച്ചല്ലല്ലോ നിലകൊള്ളുന്നത് (cf. മത്താ 6:27).

ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള ചോദ്യം രോഗം ഉന്നയിക്കുന്നു. അത് വിശ്വാസത്തിൽ നാം ദൈവ തിരുമുമ്പാകെ കൊണ്ടുവരുന്നു. നമ്മുടെ ജീവിതത്തിൽ നവീനവും അഗാധതരവുമായ ഒരു ആഭിമുഖ്യാന്വേഷണത്തിൽ പെട്ടെന്ന് ഒരു ഉത്തരം നാം കണ്ടെത്തിയെന്നു വരുകയില്ല. ദുർഘടമായ ഈ ആവശ്യത്തിൽ സഹായിക്കാൻ നമ്മുടെ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ എപ്പോഴും സാധിക്കുകയില്ല.

ഈ വിഷയത്തിൽ ബൈബിളിലെ ജോബ് എന്നയാൾ പ്രതീകാത്മക വ്യക്തിയാണ്. അദ്ദേഹത്തിനുണ്ടായ ദുരവസ്ഥയിൽ ഭാര്യയോ കൂട്ടുകാരോ കൂടെയുണ്ടായിരുന്നില്ല. പകരം അവർ അയാളെ കുറ്റപ്പെടുത്തുകയും ഏകാന്തതയും അസ്വസ്ഥതയും വർധിപ്പിക്കുകയും മാത്രമേ ചെയ്തുള്ളൂ. താൻ നിരാലംബനും തെറ്റിധരിക്കപ്പെട്ടവനുമാണെന്ന് ജോബിനു തോന്നി. എന്നാൽ അങ്ങേയറ്റത്തെ ഈ തകർച്ചയിലും അയാൾ കാപട്യം ഉപേക്ഷിക്കുന്നു. ദൈവത്തോടും മറ്റുള്ളവരോടും സത്യസന്ധതയുടെ വഴി തിരഞ്ഞെടുക്കുന്നു. അയാൾ ദൈവത്തോട് നിരന്തരം കരഞ്ഞപേക്ഷിച്ചു. അവസാനം ദൈവം അയാളോട് ഉത്തരം പറയുകയും പുതിയൊരു ചക്രവാളം കാണാൻ അനുവദിക്കുകയും ചെയ്തു. ജോബിന്റെ സഹനം ഒരു ശിക്ഷയോ ദൈവത്തിൽ നിന്നുള്ള വേർപെടലോ അല്ലെന്ന് ഉറപ്പു പറയുന്നു, അത്രപോലും ദൈവത്തിന്റെ നിസ്സംഗതയുടെ അടയാളമല്ലെന്നും പറയുന്നു.

മുറിപ്പെടുകയും സുഖമാക്കപ്പെടുകയും ചെയ്ത ജോബിന്റെ ഹൃദയം അപ്പോൾ കർത്താവിനോട് പ്രകമ്പനപരവും ഹൃദയസ്പർശകവുമായ ഈ ഏറ്റുപറച്ചിൽ നടത്തുന്നു: “അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു” (42:5).

3. രോഗത്തിന് എപ്പോഴും ഒന്നിൽ കൂടുതൽ മുഖമുണ്ട്: എല്ലാ രോഗികളുടെയും മുഖം അതിനുണ്ട്. അവഗണിക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും മൗലികാവകാശങ്ങളെ നിഷേധിക്കുന്ന സാമൂഹിക അനീതികൾക്ക് ഇരയാക്കപ്പെടുകയും ചെയ്തവരുടെയും മുഖവും അതിനുണ്ട് (cf. Fratelli Tutti, 22). ഇപ്പോഴത്തെ പകർച്ചവ്യാധി നമ്മുടെ ആരോഗ്യ ശുശ്രൂഷയിലെ അപര്യാപ്തതകൾ വെളിവാക്കുകയും ചെയ്തിട്ടുണ്ട്. വൃദ്ധരും ദുർബലരും അരക്ഷിതരുമായ ആളുകൾക്ക് പരിചരണം സർവദാ ലഭിച്ചില്ലെന്നു മാത്രമല്ല, സമത്വഭാവത്തിലും ലഭിച്ചിട്ടില്ല. ഇത് രാഷ്ട്രീയ തീരുമാനങ്ങളുടെയും വിഭവങ്ങളുടെ കൈകാര്യത്തിന്റെയും ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിലുള്ളവരുടെ ഭാഗത്തുനിന്നുണ്ടായ വലുതോ ചെറുതോ ആയ സമർപ്പണരാഹിത്യത്തിന്റെയും ഫലമാണ്. ആരോഗ്യം പ്രാഥമിക പൊതുനന്മയാണ് എന്ന മൗലിക തത്ത്വത്തോടു ബന്ധപ്പെട്ട മുൻഗണനയാണ് രോഗികൾക്കുള്ള ശുശ്രൂഷയിലും വിഭവങ്ങൾ നിക്ഷേപിക്കുകയെന്നത്. എന്നാലും ആരോഗ്യപാലകർ, വോളന്റിയർമാർ, പിന്തുണ പ്രവർത്തകർ, വൈദികർ, സന്ന്യാസിനീസന്ന്യാസിമാർ എന്നിവരുടെ സമർപ്പണത്തെയും ഔദാര്യത്തെയും പകർച്ചവ്യാധി ഉയർത്തിക്കാണിക്കുകയും ചെയ്തു. അവർ എല്ലാവരും തൊഴിൽ വൈദഗ്ധ്യം, ആത്മ-ദാനം, അയൽക്കാരനോടുള്ള ഉത്തരവാദിത്വവും സ്നേഹവും എന്നിവയോടെ അനേകം രോഗികളെയും അവരുടെ കുടുംബാം

ഗങ്ങളെയും സഹായിക്കുകയും ചികിത്സിക്കുകയും ആശ്വസിപ്പിക്കുകയും അവർക്ക് സേവനമനുഷ്ഠിക്കുകയും ചെയ്തു. സ്ത്രീ പുരുഷന്മാരുടെ ഒരു നിശ്ശബ്ദസമൂഹമായ അവർ അയൽക്കാരും ഏകമാനവ കുടുംബത്തിലെ അംഗങ്ങളുമായി കണ്ട രോഗികളുടെ സഹനത്തിൽ പങ്കുചേരുകയല്ലാതെ മറ്റൊരു വഴിയും നോക്കാതിരിക്കാൻ നിശ്ചയിച്ചു.

രോഗികൾക്ക് അവരുടെ സഹനത്തിൽ പിന്തുണയും ആശ്വാസവും നല്കുന്ന അമൂല്യതൈലമാണ് അത്തരം അടുപ്പം. ആ അടുപ്പത്തെ, ക്രൈസ്തവരെന്ന നിലയിൽ, നാം അനുഭവിക്കുന്നത് പാപത്താൽ മുറിവേറ്റ ഓരോ സ്ത്രീയുടെയും പുരുഷന്റെയും പക്കൽ കാരുണ്യവുമായി അടുത്തു വരുന്ന നല്ല സമരിയാക്കാരനായ യേശു ക്രിസ്തുവിന്റെ സ്നേഹത്തിന്റെ അടയാളം പോലെയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് ഐക്യപ്പെട്ടുകൊണ്ട്, ദൈവപിതാവിനെപ്പോലെ കാരുണ്യമുള്ളവരായിരിക്കാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. ദുർബലരും രോഗികളും പീഡസഹിക്കുന്നവരുമായ നമ്മുടെ സഹോദരീസഹോദരന്മാരെ പ്രത്യേകമാംവിധം സ്നേഹിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നു (cf. യോഹ 13:34-35). വ്യക്തികൾ എന്ന നിലയിൽ മാത്രമല്ല പിന്നെയോ സമൂഹമെന്ന നിലയിലും ഈ അടുപ്പം നാം അനുഭവിക്കുന്നു. യഥാർത്ഥത്തിൽ, ക്രിസ്തുവിലുള്ള സഹോദരസ്നേഹം സൗഖ്യത്തിന്റെ ഒരു സമൂഹത്തെ, ആരെയും ഉപേക്ഷിച്ചുകളയാത്ത ഒരു സമൂഹത്തെ, പ്രത്യേകിച്ച് ഏറ്റവും അധികം ആവശ്യത്തിൽ കഴിയുന്നവരെ ഉൾക്കൊണ്ട് സ്വാഗതം ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു.

ഇവിടെ സഹോദരപരമായ ഐക്യദാർഢ്യത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് മൂർത്തമായി സേവനത്തിൽ പ്രകാശിപ്പിക്കപ്പെടുന്നതാണ്. അതിനു

വ്യത്യസ്തരൂപങ്ങൾ ഉണ്ടായിരിക്കാം. എല്ലാ രൂപങ്ങളും നമ്മുടെ അയൽക്കാരെ പിന്തുണയ്ക്കാൻ വേണ്ടിയുള്ളതായിരിക്കും. "സേവനം ചെയ്യുകയെന്നതിന്റെ അർത്ഥം... നമ്മുടെ കുടുംബങ്ങളിലെയും സമൂഹത്തിലെയും നമ്മുടെ ജനതയിലെയും ദുർബലരെ സംരക്ഷിക്കുകയെന്നതാണ്" (Homily in Havanna, 20 Sept. 2015). ഈ പരിശ്രമത്തിൽ ഏറ്റവും ദുർബലരായവരുടെ ഉറ്റുനോട്ടത്തിനുമുമ്പിൽ എല്ലാവരും സ്വന്തം ആശകളും ആഗ്രഹങ്ങളും, അധികാരത്തിനുവേണ്ടിയുള്ള പരിശ്രമവും മാറ്റിവയ്ക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. സേവനം എപ്പോഴും അവരുടെ മുഖങ്ങളിലേക്ക് നോക്കുന്നു; അവരുടെ ശരീരത്തിൽ സ്പർശിക്കുന്നു; അവരുടെ അടുപ്പം മനസ്സിലാക്കുന്നു; ചില സന്ദർഭങ്ങളിൽ ആ അടുപ്പം 'സഹിക്കുകയും' അവരെ സഹായിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. സേവനം ഒരിക്കലും പ്രത്യയശാസ്ത്രപരമല്ല. കാരണം, നമ്മൾ ആശയങ്ങൾക്കു സേവനം ചെയ്യുന്നില്ല, നമ്മൾ ജനങ്ങൾക്കാണ് സേവനം ചെയ്യുന്നത്" (ibid).

4. ഒരു ചികിത്സാക്രമം ഫലപ്രദമാകണമെങ്കിൽ അതിന് ബന്ധപരമായ ഒരു വശമുണ്ടായിരിക്കണം. കാരണം, അത് രോഗിയോടുള്ള സമഗ്രാരോഗ്യദായകമായ ഒരു സമീപനം സാധ്യമാക്കുന്നു. പരസ്പര വിശ്വാസത്തിലധിഷ്ഠിതമായ വ്യക്ത്യന്തരബന്ധത്തിൽ അടിയുറച്ച ഒരു രോഗശാന്തി പാതയിൽ രോഗികളെ സഹഗമിക്കാനുള്ള തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഡോക്ടർമാരെയും നേഴ്സുമാരെയും വിദഗ്ധരെയും സന്നദ്ധസേവകരെയും ബോധ്യമുള്ളവരാക്കാൻ ബന്ധത്തിന്റെ മാനത്തെ ഊന്നിപ്പറയുന്നതിലൂടെ സാധിക്കും (cf. New Charter for Health Care Workers [2016], 4). ആരോഗ്യശുശ്രൂഷ ആവശ്യമുള്ളവരും അതു നല്കുന്നവരും തമ്മിലുള്ള ഒരു ഉടമ്പടി ഇതു സൃഷ്ടിക്കുന്നു. അത് പരസ്പര വിശ്വാസത്തിലും പരസ്പര ബഹുമാനത്തിലും തുറവിലും ലഭ്യത

യിലും അടിയുറപ്പിച്ച ഉടമ്പടിയാണ്. പ്രതിരോധ മനോഭാവങ്ങളെ കീഴടക്കാനും  രോഗികളുടെ മഹത്ത്വത്തെ ആദരിക്കാനും ആരോഗ്യ ശുശ്രൂഷ ചെയ്യുന്നവരുടെ തൊഴിൽ വൈദഗ്ധ്യത്തെ സംരക്ഷിക്കാനും രോഗികളുടെ കുടുംബങ്ങളുമായി നല്ല ബന്ധം വളർത്താനും ഇതു സഹായിക്കും.

രോഗികളുമായിട്ടുള്ള അത്തരം ബന്ധത്തിന് ക്രിസ്തുവിന്റെ പരസ്നേഹത്തിൽ ലക്ഷ്യത്തിന്റെയും ശക്തിയുടെയും വറ്റാത്ത ഉറവ കണ്ടെത്താൻ കഴിയും. സഹസ്രാബ്ദങ്ങളായി രോഗാതുരർക്കായുള്ള സേവനത്തിലൂടെ വിശുദ്ധിയിൽ വളർന്ന സ്ത്രീപുരുഷന്മാരുടെ സാക്ഷ്യം ഇതു വ്യക്തമാക്കുന്നുണ്ടല്ലോ. എന്തെന്നാൽ രോഗികളുടെയും ആരോഗ്യ ശുശ്രൂഷകരുടെയും അനുഭവത്തിന് പൂർണമായ അർത്ഥം നല്കാൻ  കഴിയുന്ന ക്രിസ്തുവിന്റെ മരണോത്ഥാനങ്ങളുടെ രഹസ്യം സ്നേഹത്തിന്റെ ഉറവിടമാണ്. സുവിശേഷം ഇക്കാര്യം കൂടെക്കൂടെ വ്യക്തമാക്കുന്നുണ്ട്. യേശു സുഖപ്പെടുത്തുന്നത് മാജിക് കൊണ്ടല്ല, പിന്നെയോ കണ്ടുമുട്ടലിന്റെ, വ്യക്ത്യന്തര ബന്ധത്തിന്റെ, ഫലമായിട്ടാണ് എന്ന് കാണിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ആ വ്യക്ത്യന്തരബന്ധത്തിൽ ദൈവത്തിന്റെ ദാനം അതിനെ സ്വീകരിക്കുന്നവരുടെ വിശ്വാസത്തിൽ ഒരു പ്രത്യുത്തരം കണ്ടെത്തുന്നു. യേശു മിക്കപ്പോഴും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ: “നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.”

5. പ്രിയ സഹോദരീസഹോദരന്മാരേ, യേശു തന്റെ ശിഷ്യന്മാർക്കു നല്കിയ സ്നേഹത്തിന്റെ കല്പന, രോഗികളുമായിട്ടുള്ള നമ്മുടെ ബന്ധത്തിലും സൂക്ഷിക്കണം. ഒരു സമൂഹം സഹോദരസ്നേഹത്തിന്റെ ചൈതന്യത്തിൽ ഏറ്റവും ദുർബലരും സഹിക്കുന്നവരുമായ അംഗങ്ങളെ എത്ര കൂടുതൽ കാര്യക്ഷമമായി ശുശ്രൂഷിക്കുന്നുവോ അത്ര കൂടുതലായി

മാനുഷികമായിത്തീരും. താൻ ഒറ്റപ്പെട്ടവനോ ഒഴിവാക്കപ്പെട്ടവനോ പരിത്യക്തനോ ആണെന്ന് ആർക്കും തോന്നാതിരിക്കുംവിധം ഈ ലക്ഷ്യം പ്രാപിക്കാൻ നമുക്കു പരിശ്രമിക്കാം.

രോഗികളെയും ആരോഗ്യ ശുശ്രൂഷകരെയും നമ്മുടെ സഹിക്കുന്ന സഹോദരീസഹോദരന്മാർക്ക് ഉദാരതയോടെ സഹായം ചെയ്യുന്ന എല്ലാവരെയും കാരുണ്യത്തിന്റെ അമ്മയും രോഗികളുടെ ആരോഗ്യവുമായ കന്യകാമറിയത്തിന് ഞാൻ കാഴ്ചവയ്ക്കുന്നു. ലൂർദിലെ ഗ്രോട്ടോയിൽ നിന്നും ലോകത്തെങ്ങുമുള്ള മറ്റ് അനേകം ഗ്രോട്ടോകളിൽ നിന്നും അവൾ നമ്മുടെ വിശ്വാസവും പ്രത്യാശയും പരിപോഷിപ്പിക്കുകയും സഹോദരസ്നേഹത്തോടെ പരസ്പരം കരുതലുള്ളവരാകാൻ സഹായിക്കുകയും ചെയ്യട്ടെ. ശുശ്രൂഷിക്കാൻ നമ്മെ സഹായിക്കട്ടെ. എല്ലാവർക്കും എന്റെ ആശീർവാദം ഹൃദയപൂർവം ഞാൻ നല്കുന്നു.

റോം, സെന്റ് ജോൺ ലാറ്ററൻ, 20 ഡിസംബർ 2020
ആഗമനകാലത്തിന്റെ നാലാം ഞായറാഴ്ച
**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി.,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref: 3423/K-5/KCBC/OL/DS

# 2021 ഫെബ്രുവരി 14 തിരുബാലസഖ്യദിനം കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൻ പ്രിയ മാതാപിതാക്കളേ, സഹോദരി സഹോദരന്മാരെ, വത്സലമക്കളേ,

മറ്റൊരു തിരുബാലസഖ്യദിനം കൂടി സമാഗതമായിരിക്കുന്നു. ഭാരതസഭ എല്ലാവർഷവും തിരുബാലസഖ്യദിനമായി ആചരിക്കുന്നത് ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 14-ാം തിയതിയാണ്. കഴിഞ്ഞ 177 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യം വച്ചുകൊണ്ട് ആഗോളകത്തോലിക്ക സഭയിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ ഈ സംഘടന 1843-ൽ ഫ്രാൻസിലെ നാൻസി രൂപത മെത്രാനായിരുന്ന ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് സ്ഥാപിച്ചത്. "കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ; കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം ഈ സംഘടനയുടെ മധ്യസ്ഥയും വി. യൗസേപ്പും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാകുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ തിരുബാലസഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും അനുഗ്രഹങ്ങളും ആശംസിക്കുന്നു.

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന്റെ വർഷമായി തിരുസഭ ആചരിക്കുക

യാണല്ലോ. വി. യൗസേപ്പിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖ നത്തെ ആസ്പദമാക്കി ഈ വർഷത്തെ തിരുബാലസഖ്യദി നത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കുന്നു. ''പാത്രിസ് കോർദെ'' (ഒരു പിതാവിന്റെ ഹൃദയത്തോടെ) എന്ന അപ്പ സ്തോലിക ലേഖനത്തിൽ വി. യൗസേപ്പിന്റെ ഏഴ് സവിശേഷ ഗുണങ്ങളെ പാപ്പ എടുത്തു പറയുന്നുണ്ട്. വാത്സല്യമുള്ള പിതാവ്, ആർദ്രസ്നേഹമുള്ള പിതാവ്, അനുസരണയുള്ള പിതാവ്, സ്വീകരിക്കുന്ന പിതാവ്, ധീരനായ പിതാവ്, തൊഴി ലാളിയായ പിതാവ്, നിഴലായ പിതാവ് എന്നിവയാണ് എല്ലാ പിതാക്കളും മാതൃകയാക്കണം എന്ന ആഗ്രഹത്തോടെ അവ തരിപ്പിച്ചിരിക്കുന്ന പിതൃഭാവങ്ങൾ.

''ഒരു പിതാവിന്റെ ഹൃദയത്തോടെ ജോസഫ് യേശു വിനെ സ്നേഹിച്ചു'' എന്ന മനോഹര വാക്യത്തോടെയാണ് ഫ്രാൻസിസ് പാപ്പ തന്റെ അപ്പസ്തോലിക ലേഖനം ആരംഭി ക്കുന്നത്. ദൈവപിതാവിന്റെ പ്രതിനിധിയായി യേശുവിന്റെ വളർത്തുപിതാവായി തിരഞ്ഞെടുക്കപ്പെട്ട യൗസേപ്പിതാവിന്റെ മഹനീയ മാതൃക പാപ്പ തുടർന്ന് അവതരിപ്പിക്കുന്നു. പരി. മറിയത്തെയും ഉണ്ണിയേശുവിനെയും വാത്സല്യത്തോടെ സംര ക്ഷിച്ചു വളർത്തിയ യൗസേപ്പിതാവിന്റെ ജീവിതം മുഴുവൻ അവരോട് അലിവുള്ള ഹൃദയത്തോടെയുള്ള പെരുമാറ്റവും സ്നേഹവും നിറഞ്ഞതായിരുന്നു. ''ജോസഫിൽ യേശു ദൈവ ത്തിന്റെ ആർദ്രമായ സ്നേഹം കണ്ടു'' എന്ന് പറയുമ്പോൾ സ്നേഹം - ദൈവസ്നേഹവും പരസ്നേഹവും, ഏറ്റവും ആദ്യമായും അധികമായും കുട്ടികളിലേക്ക് പകർന്നുനൽക പ്പെടുന്നത് കുടുംബത്തിൽ, പ്രത്യേകിച്ച് മാതാപിതാക്കളിൽ

നിന്നാണ് എന്ന് പാപ്പ ഓർമപ്പെടുത്തുന്നു. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹവും ബഹുമാനവും നിറഞ്ഞ ഒരു കുടുംബാന്തരീക്ഷം രൂപപ്പെടുത്തുന്നതുവഴി കുട്ടികളുടെ വ്യക്തിപരവും സാമൂഹ്യപരവുമായ വളർച്ച പരിപോഷിപ്പിക്കാൻ മാതാപിതാക്കൾക്ക് കഴിയും. സമൂഹത്തിന്റെ സുസ്ഥിതിക്കാവശ്യമായ സാമൂഹ്യനന്മകളുടെ പ്രഥമ വിദ്യാലയമായി നമ്മുടെ കുടുംബങ്ങൾ മാറും.

"സ്നേഹത്തിന്റെ ആനന്ദം" എന്ന സിനഡനന്തര അപ്പസ്തോലിക പ്രബോധനത്തിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് കുടുംബങ്ങളെകുറിച്ച് വിചിന്തനം നടത്താൻ കൂടി ഈ വർഷം ഫ്രാൻസിസ് പാപ്പ നമ്മെ ക്ഷണിക്കുകയാണ്. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന പാപ്പ "വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയൽക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി കുടുംബം തുടരണം" (സ്നേഹത്തിന്റെ ആനന്ദം 287) എന്ന് അടിവരയിട്ടു പറയുന്നു.

തലമുറകൾ കൈമാറി നാം സ്വീകരിച്ച വിശ്വാസത്തിൽ നമ്മുടെ മക്കളുടെ ഹൃദയവും മനസ്സും രൂപപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വം എല്ലാ മാതാപിതാക്കളും പൂർവ്വാധികം ആത്മാർത്ഥമായി ഏറ്റെടുക്കേണ്ട കാലഘട്ടമാണിത്. അതിനായി ആദ്യം വേണ്ടത് വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികൾ വർദ്ധിച്ചുവരുമ്പോൾ മക്കളുടെ വിശ്വാസരൂപീകരണത്തിൽ മാതാപിതാക്കളുടെ ഒഴിച്ചുകൂടാനാവാത്തതും മറ്റാർക്കും കൈമാറാനാവാത്തതുമായ ദൗത്യത്തെക്കുറിച്ച്

വ്യക്തമായ ബോധ്യം ഉണ്ടാകുക എന്നതാണ്. കൂദാശകൾ ഭക്തിപൂർവ്വം സ്വീകരിക്കുകയും അവയുടെ ചൈതന്യമനുസരിച്ച് ജീവിക്കുകയും നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ ബന്ധങ്ങൾ വളർത്തിയും മാതാപിതാക്കൾ നല്ല മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിലേക്ക് സംവേദനം ചെയ്യുന്നു. മറ്റുള്ളവരെ സഹായിക്കാനോടിയെത്തുന്ന സുകൃതജീവിതവും അനുദിനംതുടരുന്ന പ്രാർത്ഥനാ ജീവിതവും മാതാപിതാക്കളുടെ ജീവിതത്തിലെ വിശ്വാസതീക്ഷ്ണതയുടെ ബഹിർസ്ഫുരണമായി മക്കൾക്ക് അനുഭവപ്പെടണം.

നസ്രത്തിലെ ഭവനത്തിൽ ജീവിച്ചുകൊണ്ട് യേശു മാനുഷികമായ പക്വതയിലേക്ക് വളർന്നുവന്നത് യൗസേപ്പിതാവിന്റെ ത്യാഗോജ്ജ്വലമായ സമർപ്പണം കണ്ടുകൊണ്ടും ആ ഹൃദയത്തിന്റെ വാത്സല്ല്യ സ്നേഹം അനുഭവിച്ചുകൊണ്ടുമാണ്. നാല് സ്വപ്നങ്ങളിലൂടെ വെളിപ്പെടുത്തികിട്ടിയ ദൈവഹിതം, ഉണ്ണിയേശുവിന്റെയും മറിയത്തിന്റേയും സംരക്ഷണാർത്ഥം എന്തു ത്യാഗം സഹിച്ചും വിശ്വസ്തതയോടെ നിർവ്വഹിച്ച നീതിമാനായിരുന്നു യൗസേപ്പിതാവ്. ദൈവപിതാവിന്റെ ഹിതം അനുസരിക്കാൻ യേശു പഠിച്ചത് നസ്രത്തിലെ ‘‘ജോസഫിന്റെ സ്കൂളിൽ’’ നിന്നാണെന്ന് പാപ്പ വ്യക്തമാക്കുന്നു. മംഗളവാർത്തയിൽ മറിയവും ഗത്സമെൻ തോട്ടത്തിൽ യേശുവും നല്കിയതുപോലെ ജീവിതത്തിന്റെ സർവ്വസന്ദർഭങ്ങളിലും ജോസഫ് പ്രഖ്യാപിച്ച ഫിയാത് (Fiat) (ഇതാ ഞാൻ നിന്റെ ദാസി/ ദാസൻ എന്ന അരൂപി) നാം ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ നമ്മുടെ മക്കളും ദൈവഹിതം അന്വേഷിക്കുന്നവരും അനുസരിക്കുന്നവരുമായി മാറും എന്നത് തീർച്ച.

കുട്ടികൾ ഇന്ന് പലപ്പോഴും പിതാക്കന്മാരില്ലാത്ത അനാഥരായി കാണപ്പെടുന്നു എന്ന് പാപ്പ ദുഃഖത്തോടെ മുന്നറിയിപ്പ് നൽകുന്നു. ഒരു പിതാവായിരിക്കുക എന്നതിനർത്ഥം ജീവിതത്തിലേക്കും യാഥാർത്ഥ്യത്തിലേക്കും മക്കളെ കൈപിടിച്ച് നടത്തുക എന്നതാണ്. കുടുംബാംഗങ്ങളോടുള്ള, പ്രത്യേകിച്ച് മാതാപിതാക്കളോടുള്ള, ഊഷ്മളമായ ബന്ധം കുട്ടികളുടെ സമഗ്രവളർച്ചയ്ക്ക് അത്യാവശ്യമാണ്. കോവിഡ് 19 മഹാമാരിയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾ ഏറ്റവുമധികം സമയം വീട്ടിൽതന്നെ ചിലവഴിക്കുമ്പോഴും "അകന്നു" കഴിയുന്ന മാതാപിതാക്കളും മക്കളും ഇന്നിന്റെ കാഴ്ചയാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് ടി. വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതികതലത്തിൽ അവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമായി തീർന്നിരിക്കുന്നു, എങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. അതുവഴി തങ്ങളുടെ സ്വാർത്ഥലോകത്തിലേക്ക് കുട്ടികൾ ഒതുങ്ങി കൂടുകയും ആത്മീയമായ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യാം. താത്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. എല്ലാ ബുദ്ധിമുട്ടുകളും സഹിച്ച് കുട്ടികളുടെ കൂടെയായിരിക്കാൻ മാതാപിതാക്കൾ സമയം കണ്ടെത്തണം.

യേശുവുമായുള്ള ബന്ധത്തിൽ ജോസഫ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഭൂമിയിലെ നിഴലായിരുന്നു എന്ന് പാപ്പ പറയുന്നത് തന്റെ ജീവിതകാലം മുഴുവൻ ഒരു പിതാവിനെപ്പോലെ ഉണ്ണിയേശുവിനെ സംരക്ഷിച്ച യൗസേപ്പിതാവിന്റെ ദൗത്യബോധം കണ്ടിട്ടാണ്. പിതാക്കൾ ജനിക്കുകയല്ല, രൂപപ്പെടുകയാണ്. ഒരു മനുഷ്യൻ പിതാവാകുന്നത് കേവലം ഒരു ശിശുവിനെ ജനിപ്പിക്കുന്നതിലൂടെ മാത്രമല്ല, ആ ശിശുവിന്റെ സംരക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിലൂടെയാണെന്ന് പാപ്പ ഓർമിപ്പിക്കുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആത്മീകവുമായ അപകടമേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. കുട്ടികൾ ചെറുപ്പത്തിലെ മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെടാതിരിക്കാനും മുതിർന്നവർ കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്തബന്ധങ്ങളിലേക്ക് അവർ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. ഓൺലൈൻ ക്ലാസ്സുകളുടെ ഈ കാലഘട്ടത്തിൽ, സാമൂഹ്യമാധ്യമങ്ങൾ വഴിയും ടെലിഫോൺ ഉപയോഗം വഴിയും കുട്ടികൾ തെറ്റിപോകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികൾക്ക് അമിത സംരക്ഷണം നല്കുകയോ അവരെ പിന്തിരിപ്പിക്കുകയോ ചെയ്യാതെ, സ്വയം തീരുമാനിക്കാനും സ്വാതന്ത്ര്യം ആസ്വദിക്കാനും പുതിയ സാധ്യതകൾ പര്യവേക്ഷണം ചെയ്യാനും കഴിവുള്ളവരായി പടിപടിയായി അവരെ വളർത്തണം. അവരുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കാത്ത പിതാക്കന്മാരെയാണ് ഇന്നിന്റെ ആവശ്യം എന്ന് പാപ്പ പറയുന്നത്

ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്.

നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നാണ് സഭയുടെ ആഗ്രഹം. കുട്ടികൾ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും വൈദികസന്യസ്ത ജീവിതാന്തസ്സുകളിലേക്കുള്ള ആഭിമുഖ്യം അവരിൽ വളർത്താനും സഹായിക്കുന്നതിൽ തിരുബാലസംഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. മഹാമാരിയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായുള്ള നിയന്ത്രണങ്ങൾ മാറികഴിയുമ്പോൾ മുൻവർഷങ്ങളിലെപ്പോലെ ഇടവകയിൽ ആഴ്ചയിൽ ഒരിക്കൽ തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്ന നല്ല പതിവുകൾ തുടരണം. (സാർവ്വത്രിക സഭയിലെ തിരുബാല സംഖ്യത്തിന്റെ സ്ഥാനത്താണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ "മലങ്കര സുറിയാനി കത്തോലിക്കാ ചിൽഡ്രൺസ് ലീഗ് ").

തിരുബാലസഖ്യ ദിനമാചരിക്കുമ്പോൾ ഓരോ കുട്ടിയിലും നസ്രത്തിലെ തിരുബാലനെ നമുക്കുകാണാം. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവന്നു. നമ്മുടെ കുട്ടികൾക്ക് ഇതു പ്രചോദനവും ശക്തിയുമാകണം.

പ്രിയ മക്കളെ, നിങ്ങളെ എല്ലാവരെയും ഞാൻ ഉണ്ണിയേശുവിന് സമർപ്പിക്കുന്നു. സമൂഹത്തിനു മക്കൾ മുതൽകൂട്ടുകളായി ഭവിക്കട്ടെ. യേശുവിനെ അറിഞ്ഞ് സ്നേഹിച്ച് അവിടുത്തോടൊപ്പം വളരുവാൻ നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ കാത്തുസംരക്ഷിക്കട്ടെ.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി,

**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുംതോട്ടം**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

പിഒസി,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2021 ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

PL. 01/2021

# ഇടയലേഖനം

## ദൈവപരിപാലനയിൽ
## കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ
## മാർ ജോസ് പുളിക്കൽ
## രൂപതയിലെ വൈദികർക്കും സന്ന്യസ്തർക്കും
## ദൈവജനം മുഴുവനും വേണ്ടി എഴുതുന്നത്

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവിന്റെ പരസ്യജീവിതത്തെ അനുസ്മരിക്കുന്ന ദനഹാക്കാലത്തിൽനിന്ന് അവിടുത്തെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഓർമ്മ നിറഞ്ഞുനില്ക്കുന്ന നോമ്പുകാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. തിരിഞ്ഞുനോക്കലിന്റെയും തിരുത്തലിന്റെയും പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും കാലഘട്ടമാണത്. തപസ്സുകാലം, സഭയുടെ വാർഷികധ്യാനകാലം എന്നൊക്കയാണ് അൻപതുനോമ്പ് അറിയപ്പെടുന്നത്. ഉയിർപ്പുതിരുനാളിന് മുമ്പായി സഭാമാതാവ് തന്റെ മക്കൾക്കുവേണ്ടി സജ്ജീകരിച്ചിരിക്കുന്ന ഒരുക്കത്തിന്റെയും നവീകരണത്തിന്റെയും നല്ല നാളുകളാണവ. സന്തോഷപൂർവ്വം നമുക്ക് 2021 -ലെ വലിയ നോമ്പിലേക്ക് കടക്കാം.

മരുഭൂമിയുടെ വിജനതയിൽ നമ്മുടെ കർത്താവ് നാല്പത് ദിനരാത്രങ്ങൾ പ്രാർത്ഥനയിലും ഉപവാസത്തിലും ചിലവഴിച്ചതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവ

ത്തിൽനിന്നും ദൈവേഷ്ടം നിറവേറ്റുന്നതിൽ നിന്നും തന്നെ അകറ്റുവാൻ വന്ന പ്രലോഭകനെ മിശിഹാ പരാജയപ്പെടുത്തി. ജഡമോഹം, ആധിപത്യം, അഹന്ത തുടങ്ങി മനുഷ്യജീവിതത്തെ ചൂഴ്ന്നുനിൽക്കുന്ന പ്രലോഭനങ്ങളെയാണ് ഈശോ തന്റെ ഉപവാസയത്നത്തിലൂടെ ദൈവവചനത്തിന്റെ ശക്തിയാൽ അതിജീവിക്കുന്നത്. നോമ്പെടുത്ത് പ്രാർത്ഥിക്കുന്ന സഭാസമൂഹം ഈശോയുടെ ജീവിതാനുഭവങ്ങളുമായി താദാത്മ്യപ്പെടുകയും പ്രലോഭനങ്ങളെ അതിജീവിച്ച് എപ്പോഴും ദൈവത്തിന്റെ പക്ഷം ചേർന്നുനില്ക്കാനും ദൈവഹിതം നിറവേറ്റുവാനുമുള്ള ശക്തി സംഭരിക്കുകയാണ്.

വിശ്വാസത്തിന്റെ പേരിൽ വിവിധ കാലങ്ങളിലും ദേശങ്ങളിലും ക്രൈസ്തവൻ പീഡിപ്പിക്കപ്പെടുകയും ചിലപ്പോൾ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്. ആധുനികകാലത്തെ മതപീഡനം കുറെക്കൂടി പരിഷ്ക്കരിച്ച രീതിയിലാണ് നടപ്പിലാക്കുന്നത്. ശരീരത്തെ അക്രമിക്കാതെതന്നെ ആത്മാവിനെ കൊല്ലുന്ന വിദ്യയാണത്. വിശ്വാസത്തെ ഇഞ്ചിഞ്ചായി നശിപ്പിച്ച് ക്രമേണ വ്യക്തിയെ വിശ്വാസരഹിതനാക്കുകയും അങ്ങനെ ദൈവത്തെ തള്ളിപ്പറയുവാൻ പ്രേരിപ്പിക്കുകയുമാണത്. സഭയെയും വൈദികരെയും സമർപ്പിതരെയും പൊതുവേദികളിൽ നിരന്തരം കുറ്റപ്പെടുത്തുകയും അവഹേളിക്കുകയും ചെയ്യുന്നവരുടെ ലക്ഷ്യം മറ്റൊന്നല്ല. കർത്താവിന്റെ ശരീരമാകുന്ന സഭ ജനമദ്ധ്യത്തിൽ വിചാരണ ചെയ്യപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുമ്പോൾ പ്രതികരിക്കുന്നത് സ്വന്തം സ്വാർത്ഥതാല്പര്യങ്ങൾക്കു തടസ്സമാകുമോയെന്ന ഭയംമൂലം നിസ്സംഗതയോടെ കഴിയുന്നത് സഭാമക്കൾക്ക് ഭൂഷ

ണമല്ല. കയ്യാപ്പാസിന്റെ കൊട്ടാരത്തിൽ കൈയാമം വയ്ക്കപ്പെട്ട ഗുരുവിന്റെ മുഖത്ത് ശത്രുക്കൾ തുപ്പുകയും അവിടുത്തെ കരണത്തടിക്കുകയും ചെയ്ത സമയത്ത് നിസ്സംഗതയോടെ മുറ്റത്ത് തീ കാഞ്ഞിരുന്ന ശെമയോന് പിന്നീട് ഏറെ കരയേണ്ടിവന്നത് മറക്കാതിരിക്കാം.

മണ്ണിൽനിന്ന് എടുക്കപ്പെട്ട മനുഷ്യൻ മണ്ണിലേയ്ക്കു തന്നെ മടങ്ങുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് അൻപതു നോമ്പ് ആരംഭിക്കുന്നത്. തിന്മകളുടെ ഉറവിടമായ ധനമോഹം കൈവെടിയാനും കോപവും അസൂയയുമെല്ലാം ഹൃദയത്തിൽനിന്ന് വേരോടെ പിഴുതുകളയുവാനും അനുതാപക്കണ്ണീരാൽ പാപം കഴുകാനും പാപിക്കഭയം നല്കുന്ന കർത്താവിന്റെ പക്കൽ ശരണം തേടാനും നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു. കാർക്കശ്യത്തോടെ ജറുസലേം ദൈവാലയം ശുദ്ധീകരിച്ച കർത്താവ് ചിലരെയൊക്കെ പുറത്താക്കാനും ചില മേശകൾ തട്ടിമറിച്ചിടാനും ചില ഇരിപ്പിടങ്ങൾ എടുത്തുമാറ്റാനും നമ്മുടെ ഹൃദയത്തിലേയ്ക്കും പ്രവേശിക്കട്ടെ.

വീടിനെക്കുറിച്ചും കുടുംബത്തെക്കുറിച്ചും കൊറോണാക്കാലത്ത് നാം കൂടുതൽ ചിന്തിച്ചുവല്ലോ. മഹാമാരി ഭയന്ന് നാടും നഗരവും അടഞ്ഞുകിടന്നപ്പോൾ വീടും കുടുംബവുമായിരുന്നു നമ്മുടെ അഭയം. വീട്ടിലിരിക്കുക എന്ന നിർദ്ദേശമാണ് നിരന്തരമായി നാം കേട്ടുകൊണ്ടിരുന്നത്. അകലം പാലിക്കാതെയും മുഖം മറയ്ക്കാതെയും വ്യാപരിക്കാവുന്ന ഏകസ്ഥലം വീടായിമാറി. സുരക്ഷയും സംരക്ഷ

ണവും കരുതലും കൂട്ടായ്മയും കുടുംബങ്ങളിലാണുള്ളതെന്ന് നാം ഒരിക്കൽകൂടി മനസ്സിലാക്കി.

നൂറ്റമ്പത് വർഷങ്ങൾക്കുമുമ്പ് വിശുദ്ധ ചാവറയച്ചൻ എഴുതി : "നല്ല ക്രിസ്ത്യാനികുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു. ദുഃഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും, ഏറ്റം മധുരിക്കപ്പെട്ട ആശ്വാസവും സമാധാനവും, ഉപവിയും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു" (നല്ല അപ്പന്റെ ചാവരുൾ). പ്രതിദിന പ്രാർത്ഥനയിൽ ഒന്നുചേരാനും ദൈവവചനം വായിക്കാനും ദിവ്യകാരുണ്യസ്വീകരണത്തിൽ പങ്കുചേരാനും അങ്ങനെ സ്നേഹത്തിൽ വളർന്ന് പരിശുദ്ധാരൂപി വസിക്കുന്ന സമ്പൂർണ്ണ ദൈവാലയമായിത്തീരാനും കുടുംബം വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ പഠിപ്പിക്കുന്നു (സ്നേഹത്തിന്റെ ആനന്ദം, 29).

തിരുക്കുടുംബത്തിന്റെ നാഥനായ വിശുദ്ധ യൗസേപ്പിന്റെ വർഷം ആചരിച്ചുകൊണ്ട് കുടുംബവിശുദ്ധീകരണത്തിന് നാം കൂടുതൽ ശ്രദ്ധകൊടുക്കുന്ന കാലഘട്ടമാണല്ലോ ഇത്. നമ്മുടെ ഓരോ കുടുംബത്തെയും കർത്താവിന്റെ മുമ്പിൽ വീണ്ടും കൊണ്ടുവരുമ്പോഴാണ് യഥാർത്ഥ കുടുംബവിശുദ്ധീകരണം സാദ്ധ്യമാകുന്നത്. നസ്രസ്സിലെ തിരുക്കുടുംബമാണ് നമ്മുടെ മാതൃക. ഒരേസമയം അത് ഒരു സന്ന്യാസാശ്രമവും ഒരു കുടുംബവുമാണ്. ദാരിദ്ര്യവും അനുസരണവും ബ്രഹ്മചര്യവുമൊക്കെ പാലിച്ചുകൊണ്ട് അതിലേ അംഗങ്ങൾ താപസജീവിതം നയിച്ചു. അതേസമയം തന്നെ ഭാര്യ-ഭർത്തൃസ്നേഹവും മാതാ-പിതാ-പുത്രബന്ധവും തിളങ്ങിനിന്നിരുന്ന ഉത്ത

മകുടുംബവുമായിരുന്നു അത്. താപസചൈതന്യവും കുടുംബജീവിത മഹനീയതയും നസ്രസ്സിലെ തിരുക്കുടുംബത്തിൽ ഒത്തുചേരുന്നു.

താപസചൈതന്യം മാർത്തോമ്മാനസ്രാണികളുടെ കുടുംബജീവിതത്തിന്റെ മഹത്തായ പാരമ്പര്യമാണ്. നോമ്പും പ്രാർത്ഥനയും ദാനധർമ്മവുമെല്ലാം അവിടെ നിത്യവും ഉള്ളതാണ്. ആർഭാടവും ധൂർത്തും അതിരുവിട്ട സുഖഭോഗങ്ങളുമൊന്നും അവിടെ പതിവില്ല. കുടുംബാംഗങ്ങൾ പരസ്പരം സ്നേഹിക്കുന്നവരും ആദരവോടെ പെരുമാറുന്നവരും ഉള്ളതുകൊണ്ട് സംതൃപ്തിയോടെ ജീവിക്കാൻ സന്നദ്ധരും അയല്ക്കാരോട് കടപ്പാടും തുറവിയുമുള്ളവരുമായിരുന്നു. ജീവിതത്തെക്കുറിച്ചുള്ള ഉത്തമകാഴ്ചപ്പാടും കുലീനതയാർന്ന പെരുമാറ്റവും മാന്യമായ വസ്ത്രധാരണശൈലിയും സമൂഹത്തിൽ അവർക്ക് ആദരവും ബഹുമാനവും നേടിക്കൊടുത്തിരുന്നു.

പ്രിയ സഹോദരങ്ങളേ,

വ്യത്യസ്തമായൊരു ജീവിതശൈലിയെക്കുറിച്ച് ചിന്തിക്കാൻ മഹാമാരി നല്കുന്ന അനുഭവപാഠങ്ങളും അവസരങ്ങളും നമ്മെ സഹായിക്കട്ടെ. നോമ്പുകാലം പുതിയ പ്രതിജ്ഞകളുടെയും തീരുമാനങ്ങളുടെയും കാലമാണല്ലോ. നഷ്ടപ്പെട്ടുപോയ നല്ല പാരമ്പര്യങ്ങളെ തിരികെപ്പിടിക്കാനുള്ള അവസരമാണത്. ജീവിതത്തിന്റെ ഹ്രസ്വതയും മനുഷ്യന്റെ നിസ്സഹായാവസ്ഥയും ധ്യാനവിഷയമാക്കേണ്ട കാലമാണിത്. ഉപവാസവും പ്രാർത്ഥനയും പ്രായശ്ചിത്തപ്രവൃത്തികളുംവഴി ആത്മവിശുദ്ധീകരണം നേടാനുള്ള അവസരമായി വലിയ നോമ്പിനെ നമുക്ക് പ്രയോജനപ്പെടുത്താം. ജീവി

ത്തിലെ സഹനനിമിഷങ്ങളിൽ കുരിശിലെ കർത്താവിനോട് ചേർന്നുനില്ക്കാനുള്ള ആത്മധൈര്യവും പ്രത്യാശയും നമുക്കു ലഭിക്കട്ടെ.

നമ്മുടെ പ്രാർത്ഥനകളും യാചനകളും സ്വീകരിച്ച്, നിനിവെ നിവാസികളോടെന്നപോലെ, ദൈവം നമ്മോട് കരുണകാണിക്കട്ടെ. വിപത്തുകളും അനർത്ഥങ്ങളും രോഗങ്ങളും ബാധകളും നമുക്ക് ഉപദ്രവമൊന്നും ഉണ്ടാക്കാതെ കടന്നുപോകട്ടെ. ദുരിതത്തിലും സങ്കടങ്ങളിലുമായിരിക്കുന്നവരുടെ ഹൃദയത്തിലേക്ക് ദൈവം സമാധാനം കൊണ്ടുവരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വലിയ നോമ്പിന്റെ വിശുദ്ധദിനങ്ങളിലേക്ക് സന്തോഷത്തോടും പ്രത്യാശയോടുംകൂടെ നമുക്ക് പ്രവേശിക്കാം. പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രാർത്ഥനയും മാർ യൗസേപ്പിന്റെയും മാർ തോമ്മാശ്ലീഹായുടെയും മദ്ധ്യസ്ഥ്യവും നമുക്കു ശക്തിപകരട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നാമേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
25-01-2021

---

NB : ഈ ഇടയലേഖനം 2021 ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

## 1. വലിയനോമ്പ്

ഈ വർഷത്തെ വലിയനോമ്പ് ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച പാതിരാ മുതൽ ആരംഭിക്കും. നോമ്പുദിവസങ്ങളിൽ മാംസവർജ്ജനത്തിലൂടെയും ഉപവാസത്തിലൂടെയും പരിഹാരചൈതന്യം പുലർത്തുവാൻ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. വലിയ നോമ്പിനോടനുബന്ധിച്ച് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ദിവ്യകാരുണ്യ ആരാധനയും ധ്യാനങ്ങളും കുരിശിന്റെവഴിയും വചനശുശ്രൂഷയും ഇടവകകളിൽ ക്രമവത്ക്കരിക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. നോമ്പ് ആരംഭിക്കുന്ന തിങ്കളാഴ്ച ഉപവാസദിനമാണെന്നു പള്ളിയിൽ അറിയിക്കേണ്ടതാണ്.

## 2. വിവാഹാഘോഷം മുടക്ക്

തിരുസഭയുടെ പാരമ്പര്യം അനുസരിച്ചുകൊണ്ടും ആരാധനക്രമവത്സരത്തിലെ നോമ്പുകാലത്തിന്റെ പരിഹാരചൈതന്യം ഉൾക്കൊണ്ടുകൊണ്ടും വലിയ നോമ്പിന്റെ ആദ്യതിങ്കളാഴ്ച മുതൽ പീഡാനുഭവശനിയാഴ്ച ഉൾപ്പെടെയുള്ള ദിവസങ്ങളിൽ മനസ്സമ്മതവും വിവാഹവും നടത്തുവാൻ പാടില്ലാത്തതാകുന്നു.

## 3. സകല മരിച്ചവരുടെയും ഓർമ്മ : ഫെബ്രുവരി 12

ദനഹാക്കാലത്തെ അവസാനത്തെ വെള്ളിയാഴ്ചയായ 2021 ഫെബ്രുവരി 12-ാം തീയതിയാണ് സകല മരിച്ചവരുടെയും ഓർമ്മ ദിനം. ഇടവകയിൽ ഈ ദിനം പ്രത്യേകമായി ആചരിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

**4. തിരുബാലസഖ്യദിനം - ഫെബ്രുവരി 14**

ആഗോളസഭ ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യദിനമായി ആചരിക്കുകയാണല്ലോ. അന്നേദിവസം വിശുദ്ധ കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച ലോകമെമ്പാടുമുള്ള അനാഥക്കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും അവരുടെ വിദ്യാഭ്യാസത്തിനുമായി നൽകുന്നതിന് ഫെബ്രുവരി 28-ന് മുമ്പായി ഫിനാൻസ് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**5. ആഗോളരോഗീദിനം - ഫെബ്രുവരി 11**

ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ാം തീയതിയാണ് സഭയിൽ രോഗീദിനമായി ആചരിക്കുന്നത്. ഈ ദിവസമോ മറ്റേതെങ്കിലും ദിവസമോ രോഗീദിനമായി ഇടവകയിൽ ആചരിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**6. മാർ മാത്യു അറയ്ക്കൽ - പൗരോഹിത്യ ജൂബിലിയാഘോഷം**

അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയും മെത്രാഭിഷേകത്തിന്റെ 20-ാം വാർഷികവും സംയുക്തമായി ആഘോഷിക്കുന്നു. 2021 ഫെബ്രുവരി 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.15 ന് കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ വിശുദ്ധ കുർബാനയും തുടർന്ന് മഹാജൂബിലി ഹാളിൽ ആശംസാ സമ്മേളനവും ഉണ്ടായിരിക്കും. മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി വിശുദ്ധ കുർബാനമദ്ധ്യേ വചനസന്ദേശം നല്കുന്നതും ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ആശംസകളർപ്പിക്കുന്നതുമാണ്. ചങ്ങനാശ്ശേരി പ്രൊവിൻസിലെ മറ്റ് അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിദ്ധ്യമുണ്ടായിരിക്കും.

കോവിഡ് പ്രോട്ടോകോൾ അനുസരിച്ചുള്ള ചടങ്ങുകളിൽ രൂപതയിലെ എല്ലാ വൈദികരും ക്ഷണിക്കപ്പെട്ട പ്രതിനിധികളും പങ്കെടുക്കുന്നതാണ്. എല്ലാ വൈദികരും തിരുവസ്ത്രങ്ങൾ കൊണ്ടുവന്ന് വിശുദ്ധ കുർബാനയിൽ പങ്കെടുക്കേണ്ടതാണ്. അഭിവന്ദ്യ പിതാ

വിന്റെ സഹപാഠികളായ ഫാ. ആന്റണി കൊച്ചാങ്കൽ, ഫാ. ജോയി ചിറ്റൂർ എന്നിവരുടെ ജൂബിലിയും ഈ അവസരത്തിൽ ആഘോഷി ക്കുന്നതാണ്.

**7. Appointments**

Rev. Frs.

| | | |
|---|---|---|
| Chakkummoottil Joseph | - | Secretary to Bishop Mar Jose Pulickal |
| Karimattathil Sanal O.Carm | - | Vicar in Charge, Pampadumpara |
| Kilirooparampil Thomas | - | Vicar in Charge, Cheenkalthadam |
| Kunnathu Abin CMI | - | Asst.Vicar, Mundakayam |
| Nirappel Thomas | - | Director, Bible Apostolate, Eparchy of Kanjirapally |

**Relieved**

Rev. Frs.

| | | |
|---|---|---|
| Arucheril Sebastian O.Carm | - | Vicar, Pampadumpara |
| Chakkummoottil Joseph | - | Asst.Vicar, Mundakayam |
| Mathenkunnel Cyriac | - | Vicar, Cheenkalthadam,<br>Asst. Vicar, Pathanamthitta<br>(Study - Mysore) |
| Puthuparampil Augustine | - | Director, Bible Apostolate, Eparchy of Kanjirapally |
| Vadakkemuriyil Sebastian | - | Secretary to Bishop Mar Jose Pulickal<br>(Study - Rome) |

**8. Income Tax Return**

2019-2020 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് ചെയ്ത Income Tax Return File ചെയ്തതിന്റെ കോപ്പി (ITR-V) രൂപതാ ഫിനാൻസ് ഓഫീസിൽ എത്തിയിട്ടുണ്ട്. അത് ഇവിടെനിന്നും കൈപ്പറ്റി ഒപ്പിട്ട് Banglore Income Tax Office-ലേയ്ക്ക് അയച്ചുകൊടുക്കേണ്ടതുണ്ട്. (ഫെ ബ്രുവരി 20 ന് മുമ്പ് Banglore Office - ൽ എത്തേണ്ടതാണ്.) ഫിനാൻസ് ഓഫീസിൽ വരുമ്പോൾ Audit Fees - ഉം അടയ്ക്കേണ്ടതാണ്.

# പൗരോഹിത്യ സുവർണ്ണ ജൂബിലി ആശംസകൾ

## റവ. ഫാ. ആന്റണി കൊച്ചാങ്കൽ

ഇളങ്ങുളം ഇടവക കൊച്ചാങ്കൽ മത്തായി - മറിയം ദമ്പതികളുടെ മകനായി 1943 മെയ് 5 - ന് ബഹുമാനപ്പെട്ട ആന്റണിയച്ചൻ ജനിച്ചു. തച്ചപ്പുഴ എൽ.പി. സ്കൂളിലും ഇളങ്ങുളം സെന്റ് മേരീസ് ഹൈസ്കൂളിലും ചങ്ങനാശ്ശേരി എസ്.ബി. കോളേജിലുമായിരുന്നു പഠനം. വൈദികദൈവവിളി തിരിച്ചറിഞ്ഞ് പാറേൽ സെമിനാരിയിൽ ചേർന്നു. ആലുവാ സെമിനാരിയിലെ പഠനത്തിനുശേഷം 1970 ഡിസംബർ 20-ന് പൗരോഹിത്യപട്ടം സ്വീകരിച്ചു.

കല്ലാർ പള്ളിയിലെ കൊച്ചച്ചനായാണ് അജപാലനശുശ്രൂഷ ആരംഭിച്ചത്. കുറച്ചുകാലം പുള്ളിക്കാനം വികാരിയായി സേവനമനുഷ്ഠിച്ചു. തുടർന്ന് ചെമ്മണ്ണിലും കൽത്തൊട്ടിയിലും പത്തുവർഷം വീതം വികാരിയായി ശുശ്രൂഷ ചെയ്തു. എലിക്കുളം, തെക്കേമല, കോരുത്തോട് എന്നിവിടങ്ങളിലെ സേവനത്തിനുശേഷം ഉപ്പുതറ ഫൊറോനാ വികാരിയായി നിയമിക്കപ്പെട്ടു. വള്ളക്കടവ്, താമരക്കുന്ന്, ചേമ്പളം, കൊച്ചറ ഇടവകകളായിരുന്നു തുടർന്ന് അച്ചന്റെ സേവനരംഗം. ഇപ്പോൾ അണക്കര സാൻജോ ഭവനിൽ വിശ്രമജീവിതം നയിക്കുന്നു.

സുദീർഘമായ അജപാലന ജോലിക്കാലത്ത് കൂടുതൽ സമയം ഹൈറേഞ്ചിലാണ് അച്ചൻ ചിലവഴിച്ചത്. ചെന്നിടത്തെല്ലാം വികസന പ്രവർത്തനങ്ങളിൽ ചുറുചുറുക്കോടെ വ്യാപൃതനായി. വഴിവെട്ടിയും ഉള്ള വഴികൾ ടാറിട്ടും വൈദ്യുതിയെത്തിച്ചും വീടുകൾ പണിതും ആന്റണിയച്ചൻ നാനാജാതിമതസ്ഥരായ ആളുകളെ പുരോഗതിയിലേക്ക് നയിച്ചു. പി.ഡി.എസ്., സേവ് എ. ഫാമിലി പ്ലാൻ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി കുടുംബങ്ങളെ സ്വയംപര്യാപ്തതയിലേ

ക്കുയർത്തി. പാവങ്ങളോട് ഒരു പ്രത്യേക പരിഗണന അദ്ധ്വാനശീല നായ ആ പുരോഹിതന്റെ പിതൃമനസ്സിൽ എപ്പോഴും ഉണ്ടായിരുന്നു. കുട്ടികൾക്ക് പഠനസഹായത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കു ന്നതിനും അദ്ദേഹം നിരന്തരം പരിശ്രമിച്ചു. ദൈവജനത്തിന് സദാ സേവനം ചെയ്യുക അദ്ദേഹത്തിന് ജീവിതവ്രതമായിരുന്നുവെന്ന് പറ യാം. ദരിദ്രരെയും ബുദ്ധിമുട്ടുന്നവരേയും സഹായിക്കുന്നതിൽ അദ്ദേഹം സന്തോഷവും സംതൃപ്തിയും കണ്ടെത്തി.

കൃഷിയേയും കർഷകരെയും പ്രകൃതിയേയും സ്നേഹിക്കുന്ന വൈദികനാണ് ആന്റണിയച്ചൻ. എല്ലാക്കാര്യങ്ങളും ശാസ്ത്രീയമായും ചിട്ടയായും ആസൂത്രണമികവോടെയും ചെയ്യുന്നതിൽ അച്ചന് പ്രത്യേകമായൊരു സിദ്ധിയുണ്ട്. പ്രതിബന്ധങ്ങൾക്ക് മുമ്പിൽ പത റാതെ ഉറച്ച ആത്മവിശ്വാസത്തോടെ അദ്ദേഹം നിലകൊണ്ടു.

ആചാര്യശുശ്രൂഷയുടെ അഞ്ചുദശാബ്ദങ്ങൾ പൂർത്തിയാക്കി വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ആന്റണിയച്ചനെ ദൈവം സന്തോഷവും സമാധാനവും ആരോഗ്യവും നൽകി പരിപാലിക്കട്ടെ. പൗരോഹിത്യ സുവർണ്ണജൂബിലിയുടെ നിറവിൽ നിൽക്കുന്ന അച്ചന് കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ സ്നേഹാദരവുകൾ സമർപ്പി ക്കുന്നു.

# പൗരോഹിത്യ സുവർണ്ണ ജൂബിലി ആശംസകൾ

## റവ. ഫാ. ജോസഫ് (ജോയി) ചിറ്റൂർ

കുമരകത്ത് പ്രസിദ്ധമായ ചിറ്റൂർ കുടുംബത്തിൽ നിന്ന് ഉപ്പുതറയിൽ താമസമാക്കിയ ഔസേപ്പ് - മറിയം ദമ്പതികളുടെ മകനായി 1940 ഒക്ടോബർ 18-ന് ബഹുമാനപ്പെട്ട ജോയിയച്ചൻ ജാതനായി. ഉപ്പുതറ എൽ.പി. സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കുമരകം ഗവ. ഹൈസ്കൂളിലും ചങ്ങനാശ്ശേരി എസ്.ബി. കോളേജിലുമായി പഠനം പൂർത്തിയാക്കി. പ്രതിഭാശാലിയായ പിതൃസഹോദരൻ മോൺ. എൽ. ജെ. ചിറ്റൂരിന്റെ പാതയിൽ പൗരോഹിത്യ ശുശ്രൂഷയാണ് തന്റെയും ദൈവവിളിയെന്ന് തിരിച്ചറിഞ്ഞ് ജോയിയച്ചൻ പാറേൽ മൈനർ സെമിനാരിയിൽ ചേർന്നു. വടവാതൂർ സെമിനാരിയിലെ പരിശീലനത്തിനൊടുവിൽ 1971 ആഗസ്റ്റ് 13-ന് വൈദികപട്ടം സ്വീകരിച്ച് കിഴക്കൻ മേഖലയിൽനിന്നുള്ള ആദ്യകാല വൈദികനായിത്തീർന്നു.

അതിരമ്പുഴയിലും എടത്വായിലും കണ്ടങ്കരിയിലും അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ഠിച്ചു. നീണ്ട 10 വർഷക്കാലം വണ്ടൻമേട്ടിൽ വികാരിയായിരുന്നു. നാടിന്റെ സാമൂഹിക-സാമ്പത്തിക - സാംസ്ക്കാരിക വികസനം ലക്ഷ്യമാക്കി അക്ഷീണം പ്രയത്നിച്ചു. തുടർന്ന് മണിപ്പുഴ, തുലാപ്പള്ളി, കണ്ണംപള്ളി, ഇടവകകളിൽ വികാരിയായി ജോലി നോക്കി. അച്ചന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ധ്യാനപരിപാടികൾ അനേകായിരങ്ങൾക്ക് ആത്മീയ നവീകരണത്തിനും വിശ്വാസവളർച്ചയ്ക്കും കാരണമായി.

കപ്പാടുപള്ളി അച്ചന്റെ സേവനകാലത്ത് തിരുക്കുരിശിന്റെ

തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടു. നയനാനന്ദകരമായ മലർവാടികളും ആത്മീയ ചിന്തകളുണർത്തുന്ന ശില്പങ്ങളും നവീന പാരീഷ്ഹാളും നിർമ്മിച്ചുകൊണ്ട് പള്ളിപ്പരിസരം അലങ്കരിക്കുന്ന ജോയിയച്ചനെയാണ് അവിടെ കണ്ടത്. മുണ്ടക്കയത്തും എലിക്കുളത്തും സമാനമായ പ്രവർത്തനശൈലി തുടർന്നു. ഇപ്പോൾ എലിക്കുളം സെറെനെറ്റി ഹോമിൽ താമസിച്ച് ശുശ്രൂഷ ചെയ്യുന്നു.

ഉടുപ്പിലും നടപ്പിലും കുലീനതയും സൗന്ദര്യബോധവും പുലർത്തുന്ന അച്ചന്റെ പ്രസന്നവദനം നിഷ്കളങ്ക സന്തോഷം നിറയുന്ന ആ മനസ്സിന്റെ കണ്ണാടിയാണ്. യൗസേപ്പിതാവിനെപ്പോലെ ദൈവികസന്ദേശങ്ങൾക്ക് സദാ കാതോർത്തിരിക്കുന്ന ബഹു. ജോസഫ് ചിറ്റൂരച്ചൻ ദൈവജനത്തിന് പ്രാർത്ഥനയുടെ മനുഷ്യനാണ്. ദിവസവും അനേകർ പ്രാർത്ഥനയും ആത്മീയോപദേശങ്ങളും തേടി അച്ചനെ കാണാനെത്തുന്നു. പാവങ്ങളോടും ക്ലേശിതരോടുമുള്ള കരുതലും കാരുണ്യവും അച്ചനെ എന്നും നല്ല അയല്ക്കാരനാക്കുന്നു.

ജോയിയച്ചന്റെ കൂടെ വൈദികശുശ്രൂഷ ചെയ്യുവാൻ സാധിക്കുന്നത് വലിയ ഭാഗ്യമായി കൊച്ചച്ചന്മാർ കരുതുന്നു. അച്ചൻ അവരെ ഉത്തരവാദിത്വങ്ങൾ ഏല്പിക്കുകയും ക്ഷമയോടെ പരിശീലിപ്പിക്കുകയും ചെയ്യും. വല്ല കുറവോ അവിവേകമോ ഉണ്ടായാൽകൂടി വികാരിയച്ചൻ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കും. മറ്റുള്ളവരെ സ്നേഹാദരവുകളോടെ കാണാനും നല്ല ആതിഥേയനാകാനുമുള്ള കഴിവ് ജോയിയച്ചനെ എല്ലാവർക്കും പ്രിയങ്കരനാക്കുന്നു.

പൗരോഹിത്യത്തിന്റെ അൻപതാണ്ടുകൾ പൂർത്തിയാക്കുന്ന ജോയിയച്ചന് കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ സ്നേഹാദരവുകളും പ്രാർത്ഥനാശംസകളും നേരുന്നു.



# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## ദൈവകൃപയുടെ കാര്യസ്ഥതാജീവിതം

**(തിരുവചനഭാഗം: 1 പത്രോ 4,1–19)**

പത്രോസ്ശ്ലീഹായുടെ ഒന്നാം ലേഖനം നാലാം അദ്ധ്യായം ക്രിസ്തീയവിശ്വാസത്തിൽ സ്ഥിരതയോടെ നില്ക്കാൻ സഭാംഗങ്ങൾക്കു നല്കുന്ന ഉപദേശമാണ്. ക്രിസ്തീയവിശ്വാസം ദൈവത്തിന്റെ ദാനമാണ്; കൃപാവരമാണ്. ഈ കൃപാവരത്തിൽ നിലനില്ക്കുന്നവരും, ആ കൃപാവരത്തിന്റെ കാര്യസ്ഥരായി വർത്തിക്കുന്നവരും ആകാനുള്ള വിളിയാണ് എല്ലാ ക്രൈസ്തവർക്കുമുള്ളത്. സഭയിൽ വിശ്വാസപരിശീലനം നല്കുവാൻ പ്രത്യേകം വിളിക്കപ്പെട്ടവരെന്ന നിലയിൽ പുരോഹിതർക്ക് ഇക്കാര്യത്തിൽ പ്രത്യേകമായ ഒരു സ്ഥാനമുണ്ട്. ഈ വചനഭാഗത്തെ താഴെപ്പറയുംവിധം വിഭജിക്കാം:

1. ദൈവഹിതാനുസൃതജീവിതം (4,1–6)
2. സമചിത്തതയുടെയും പ്രാർത്ഥനയുടെയും ജീവിതം (4,7)
3. പരസ്പരസ്നേഹത്തിന്റെയും ശുശ്രൂഷയുടെയും ജീവിതം (4,8–11)
4. മിശിഹായുടെ സഹനത്തിൽ പങ്കുചേരുന്ന ജീവിതം (4,12–16)
5. സഹനമദ്ധ്യേ നന്മ ചെയ്യുന്ന ജീവിതം (4,1–6)

### 1. ദൈവഹിതാനുസൃതജീവിതം

"*ശരീരത്തിൽ പീഡനമേറ്റ മിശിഹായുടെ മനോഭാവം നിങ്ങൾക്ക് ആയുധമായിരിക്കട്ടെ. എന്തെന്നാൽ, ശരീരത്തിൽ സഹി*

*ച്ചിട്ടുള്ളവൻ പാപത്തോടു വിടവാങ്ങിയിരിക്കുന്നു. അവൻ ശരീരത്തിൽ ജീവിക്കുന്നിടത്തോളംകാലം മാനുഷികവികാരങ്ങൾക്ക് അടിമപ്പെട്ടല്ല, ദൈവഹിതത്തിനൊത്താണ് ജീവിക്കുന്നത്"* (4,1-2).

ക്രിസ്തീയധാർമ്മികത മിശിഹായിലുള്ള വിശ്വാസത്താൽ പ്രേരിതമായിരിക്കണം. മാമ്മോദീസാ സ്വീകരിക്കുന്നതിലൂടെയാണല്ലോ ക്രിസ്തീയവിശ്വാസത്തിലേക്കു നാം പ്രവേശിക്കുന്നത്. വിശ്വാസം ഒരു വെളിച്ചമാണ്. ഈശോ സ്വയം വിശേഷിപ്പിച്ചതും, താൻ ലോകത്തിന്റെ വെളിച്ചമാണെന്നാണല്ലോ. ജന്മനാ അന്ധനായ മനുഷ്യനു കാഴ്ച നല്കിക്കൊണ്ടാണ് താൻ വെളിച്ചമാണെന്ന് അവിടുന്നു പ്രഖ്യാപിച്ചത് (യോഹ 9,5). അതുകൊണ്ട് മിശിഹായിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് വിശ്വാസികൾ എപ്പോഴും ജീവിക്കേണ്ടത്. മിശിഹായിലുള്ള വിശ്വാസത്തിന്റെ കേന്ദ്രബിന്ദു അവിടുത്തെ മരണവും ഉത്ഥാനവുമാണ്.

ക്രിസ്തീയജീവിതം ശരീരത്തിന്റെ ദുരാശകളെ കീഴടക്കുന്ന, അതിജീവിക്കുന്ന, ജീവിതമാണ്. മനുഷ്യരെ സംബന്ധിച്ചിടത്തോളം അത് അവശ്യം സഹനമുളവാക്കുന്ന ജീവിതമാണ്. അപ്രകാരം ജീവിക്കാൻ നിത്യപ്രചോദനമായിത്തീരുന്നത് മിശിഹായുടെ മരണോത്ഥാനങ്ങളാണ്. മാമ്മോദീസാ മുങ്ങുമ്പോൾ നാം പാപത്തിനു മരിച്ച് ദൈവത്തിനുവേണ്ടി ജീവിക്കുന്നവരായി മാറുന്നു. പക്ഷേ, ലോകത്തിൽ ജീവിക്കുന്നിടത്തോളംകാലം ശരീരത്തിന്റെ ദുരാശകൾ നമ്മെ കീഴടക്കുവാൻ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കും. മിശിഹാ വചനം മാംസമായി അവതരിച്ച വ്യക്തി എന്ന നിലയിൽ നിരന്തരം തന്റെ പിതാവിന്റെ ഹിതം നിറവേറ്റിക്കൊണ്ടാണ് ജീവിച്ചിരുന്നത് (യോഹ 4,34). ആ ഹിതപ്രകാരമാണ് അവിടുന്ന് മരിച്ച് ഉത്ഥാനം ചെയ്തതും. അതുകൊണ്ട് അവിടുത്തെ മരണോത്ഥാനങ്ങളാണ് ക്രൈസ്തവർക്കും വചനാധിഷ്ഠിതജീവിതത്തിന് പ്രേരകമാകുന്നത്. ക്രൈസ്തവർക്കെല്ലാം ഇതു പ്രസക്തമെങ്കിൽ പുരോഹിതർക്ക് എത്രയധികം പ്രസക്തമാണ്!

## 2. സമചിത്തതയുടെയും പ്രാർത്ഥനയുടെയും ജീവിതം

*"സകലത്തിന്റെയും അവസാനം സമീപിച്ചിരിക്കുന്നു. ആകയാൽ, നിങ്ങൾ സമചിത്തരും പ്രാർത്ഥനയിൽ ജാഗരൂകരും ആയിരിക്കുവിൻ"* (4,7).

ക്രിസ്തീയജീവിതം അവശ്യം അന്ത്യാത്മകമാണ്. കർത്താവിന്റെ രണ്ടാം ആഗമനം പ്രതീക്ഷിച്ചു മുന്നോട്ടുനീങ്ങുന്ന ഒരു ജീവിതമാണ് ക്രൈസ്തവന്റേത്. 'മാറാനാത്താ' എന്ന പ്രാർത്ഥന ക്രിസ്തീയജീവിതത്തിന്റെ മുഖമുദ്രയാണ്. വെളിപാടു പുസ്തകം അവസാനിക്കുന്നത് ഈ പ്രാർത്ഥനയോടുകൂടിയാണ്: "ഇതു സാക്ഷ്യപ്പെടുത്തുന്നവൻ പറയുന്നു. അതേ ഞാൻ വേഗം വരുന്നു. ആമ്മേൻ; കർത്താവായ ഈശോയേ, വരണമേ" (വെളിപാട് 22,20). കർത്താവ് അന്ത്യവിധിക്കായി വരുമ്പോൾ അവിടുത്തെ സ്വർഗ്ഗീയമഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രതീക്ഷയാണ് ക്രൈസ്തവജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നത്. എന്നാൽ വിശ്വാസജീവിതം നയിക്കാതെ, ശാരീരികാഭിലാഷങ്ങൾക്കടിമപ്പെട്ടു ജീവിക്കുന്നവർക്ക് കർത്താവിന്റെ രണ്ടാമാഗമനം ഭയം ജനിപ്പിക്കുന്നതാണ്. കാരണം അത് അന്ത്യവിധിയുടെ നിമിഷമാണ്. സ്വർഗ്ഗമോ നരകമോ എന്ന് നിർണ്ണായകമായി നിശ്ചയിക്കപ്പെടുന്ന നിമിഷമാണ്. അതുകൊണ്ട് വിശ്വാസജീവിതം നയിക്കുന്നവർക്ക് കർത്താവിന്റെ രണ്ടാം ആഗമനം സന്തോഷവും പ്രത്യാശയും നല്കുന്ന ഒന്നാണ്. അതിനാൽ സമചിത്തതയോടുകൂടെ ഈലോകജീവിതം നയിക്കുവാൻ അവർക്കു കഴിയും.

ശാന്തതയോടൊപ്പം പ്രാർത്ഥനയിൽ ജാഗരൂകരായിരിക്കേണ്ട ജീവിതവുമാണെന്ന് പത്രോസ്ശ്ലീഹാ വിശ്വാസികളെ ഉപദേശിക്കുന്നു. കർത്താവിന്റെ രണ്ടാമാഗമനം അവിടുത്തെ ഒന്നാമാഗമനത്തിന്റെ പൂർത്തീകരണമാണ്. നമ്മുടെ മാമ്മോദീസാ ഈശോമിശിഹായുടെ ഒന്നാമാഗമനമാണെന്നു പറയാം. മിശിഹാ നമ്മുടെ ജീവിതത്തിലേക്ക് ആദ്യമായി കടന്നുവരുന്നത് നമ്മുടെ മാമ്മോദീസായിലൂടെയാണ്. മാമ്മോദീസായിൽ നാം മിശിഹായോടൊത്തുള്ള ജീവിതത്തിന് ആരംഭം കുറിക്കുന്നു. അതേത്തുടർന്ന് പരിശുദ്ധ കുർബാന, കൂദാശ

കൾ, പ്രാർത്ഥനകൾ എന്നിവയിലൂടെ ഈ ആഗമനം തുടർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ആഗമനാനുഭവത്തിൽ നാം നിലനില്ക്കേണ്ടത് പ്രാർത്ഥനാജീവിതത്തിലൂടെയാണ്. "പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ" (ലൂക്കാ 22,46) എന്ന് ഈശോ ശിഷ്യർക്കു നല്കുന്ന നിർദ്ദേശം ഈ വസ്തുതയെ സൂചിപ്പിക്കുന്നതാണ്. എല്ലാ വിശ്വാസികൾക്കും ഇതു പ്രസക്തമാണെങ്കിൽ അവർക്കു വിശ്വാസപരിശീലനം നല്കേണ്ട പുരോഹിതർക്ക് ഇത് എത്രമാത്രം പ്രസക്തമാണെന്ന് പറയേണ്ടതില്ല. സമചിത്തതയുടെയും പ്രാർത്ഥനയുടെയും ജീവിതമില്ലെങ്കിൽ പുരോഹിതശുശ്രൂഷ ഫലപ്രദമാകുകയില്ല.

### 3. പരസ്പരസ്നേഹത്തിന്റെയും ശുശ്രൂഷയുടെയും ജീവിതം

"*സർവ്വോപരി നിങ്ങൾക്ക്, ഗാഢമായ പരസ്പരസ്നേഹം ഉണ്ടായിരിക്കട്ടെ; കാരണം, സ്നേഹം നിരവധി പാപങ്ങളെ മറയ്ക്കുന്നു. പിറുപിറുപ്പുകൂടാതെ നിങ്ങൾ പരസ്പരം ആതിഥ്യമര്യാദ പാലിക്കുവിൻ. ഓരോരുത്തനും തനിക്കു കിട്ടിയ ദാനത്തെ ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കട്ടെ*" (4,8-10).

ക്രൈസ്തവജീവിതത്തിന്റെ മുഖമുദ്ര പരസ്പരസ്നേഹമാണ്. പുതിയ ഉടമ്പടിയുടെ പ്രമാണമായി ഈശോ നല്കിയത് പരസ്പരസ്നേഹത്തിന്റെ കല്പനയാണ്. പഴയ ഉടമ്പടിയിൽ 'അയൽക്കാരനെ സ്നേഹിക്കുക' എന്നായിരുന്നത്, പുതിയ ഉടമ്പടിയിൽ 'പരസ്പരം സ്നേഹിക്കുക' എന്നായിത്തീർന്നു (യോഹ 13,34-35). സഭാസമൂഹം പരസ്പരം സ്നേഹിക്കുന്നവരുടെ സമൂഹമായിരിക്കണം. സഭ ത്രിത്വാത്മക കൂട്ടായ്മയായതുകൊണ്ട് സഭാംഗങ്ങൾ തമ്മിലുള്ള സ്നേഹമാണ് സഭയുടെ മുഖമുദ്ര. അതുവഴി മാത്രമേ സഭയ്ക്ക് മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനും കഴിയുകയുള്ളു. അതുകൊണ്ട് സഭാസമൂഹം പരസ്പരസ്നേഹത്തിൽ നിലനില്ക്കണം. 'സ്നേഹം നിരവധി പാപങ്ങളെ മറയ്ക്കുന്നു' എന്ന പ്രസ്താവനയെക്കുറിച്ച് പലവിധത്തിലുള്ള വ്യാഖ്യാനങ്ങൾ നല്കപ്പെടുന്നുണ്ട്. എങ്കിലും സ്നേഹം വിശു

ദ്ധിയുടെ അടിസ്ഥാനമായി കാണുകയായിരിക്കും ശരി. സ്നേഹം നമ്മിലുളവാക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവാണ്. 'റൂഹാദക്കുദ്ശാ' എന്ന സുറിയാനിവാക്കിന്റെ അർത്ഥം 'വിശുദ്ധിയുടെ അരൂപി' എന്നാണ്. അരൂപി പ്രവർത്തിക്കുന്നിടത്ത് പാപത്തിനു സ്ഥാനമില്ല. ക്രൈസ്തവജീവിതം അവശ്യം പരിശുദ്ധാരൂപിയിലുള്ള ജീവിതമായതുകൊണ്ട്, അത് വിശുദ്ധിയുടെ അഥവാ സ്നേഹത്തിന്റെ ജീവിതമാണ്.

സ്നേഹത്തോടൊപ്പം ശുശ്രൂഷയും ക്രൈസ്തവജീവിതത്തിന്റെ മുഖമുദ്രയാണ്. കാരണം മിശിഹായുടെ സ്നേഹം ശുശ്രൂഷാസ്വഭാവമുള്ളതായിരുന്നു. സ്നേഹത്തിന്റെ പുതിയ കല്പന ഈശോ നല്കിയത് 'പാദം കഴുകൽ' ശുശ്രൂഷ നിർവഹിച്ചതിനുശേഷമാണ് (യോഹ 13,1-11). പാദം കഴുകി സ്നേഹിച്ചതിനുശേഷം ശിഷ്യരും അപ്രകാരം സ്നേഹിക്കണമെന്ന് അവിടുന്നു കല്പിക്കുകയും ചെയ്തു (യോഹ 13,12-14). അതുകൊണ്ട് സഭാംഗങ്ങൾ തമ്മിലുള്ള സ്നേഹം പരസ്പര ശുശ്രൂഷയിൽ പ്രകടമാകണം. നമുക്കുള്ള നന്മകളെല്ലാം പരസ്പര ശുശ്രൂഷയ്ക്കായി ദൈവം നല്കിയിട്ടുള്ളതാണ്. അക്കാരണത്താലാണ് നാം അവയുടെ കാര്യസ്ഥരായി നമ്മെത്തന്നെ കരുതണമെന്നുകൂടി ശ്ലീഹാ ഉപദേശിക്കുന്നത്. നമുക്കുള്ള നന്മകളുടെ ഉടമസ്ഥൻ ദൈവമാണ്. ദൈവഹിതത്തിനനുസൃതമായി അവ പരസ്പര ശുശ്രൂഷയ്ക്കായി ഉപയോഗിക്കണം. പുരോഹിതന്റെ മുഖമുദ്ര അജപാലനസ്നേഹവും അജപാലനശുശ്രൂഷയുമാണല്ലോ. അതുകൊണ്ട് ക്രിസ്തീയസമൂഹത്തിന്റെ സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും സവിശേഷത, അതിന്റെ പൂർണ്ണതയിൽ ജീവിക്കുവാൻ പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നു.

### 4. മിശിഹായുടെ സഹനത്തിൽ പങ്കുചേരുന്ന ജീവിതം

*"പ്രിയപ്പെട്ടവരേ, നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ, അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്. മിശിഹായുടെ പീഢകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ! അവന്റെ മഹത്ത്വം വെളിപ്പെടു*

*മ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും. മിശിഹായുടെ നാമം നിമിത്തം നിന്ദിക്കപ്പെട്ടാൽ നിങ്ങൾ ഭാഗ്യവാന്മാർ. എന്തെന്നാൽ, മഹത്ത്വത്തിന്റെ ആത്മാവ്, അതായത് ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു"* (4,12-14).

ക്രിസ്തീയജീവിതത്തിലെ വേദനകളെ മിശിഹായുടെ സഹനത്തിലുള്ള പങ്കാളിത്തമായി മനസ്സിലാക്കണമെന്നാണ് പത്രോസ്ശ്ലീഹാ ഉപദേശിക്കുന്നത്. സമാഗതമാകുന്ന വിധിയെക്കുറിച്ച് (4,7.17) നല്കുന്നസൂചനയുടെ വെളിച്ചത്തിലാണ് ഈ പ്രസ്താവനയും മനസ്സിലാക്കേണ്ടത്. ആദിമസഭയ്ക്കു നേരിടേണ്ടിവന്ന മതമർദ്ദനപശ്ചാത്തലവും ഇവിടെ കാണാവുന്നതാണ്. 'പരിഭ്രമിക്കരുത്' എന്ന ഉപദേശം 4,4 ൽ വിജാതീയരുടെ മനോഭാവത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നതാണ്. വിശ്വാസവെളിച്ചമില്ലാത്ത വിജാതീയർ പരിഭ്രമം പ്രകടിപ്പിക്കുന്നവരാണ്. എന്നാൽ സത്യമറിയാവുന്ന ക്രൈസ്തവർ കഷ്ടതകൾക്കു മുമ്പിൽ പരിഭ്രമിക്കേണ്ടതില്ല. സഹനങ്ങളെ, സ്ഫുടം ചെയ്യുന്ന അഗ്നിയോടാണ് ശ്ലീഹാ ഉപമിക്കുന്നത് (1,7; 4,12). മിശിഹായുടെ സഹനത്തെ വിശ്വാസികളുടെ സഹനത്തിന്റെ മാതൃകയും രക്ഷയുടെ ഉറവിടവുമായി കാണണം. നമ്മുടെ സഹനം മിശിഹായുടെ സഹനത്തിലുള്ള കൂട്ടായ്മയായി മനസ്സിലാക്കണം. അപ്രകാരം സഹനത്തിലൂടെ മിശിഹായുടെ മഹത്ത്വത്തിൽ നമുക്കു പങ്കാളിത്തം ലഭിക്കും. യുഗാന്ത്യത്തിൽ മിശിഹായുടെ മഹത്ത്വം വെളിപ്പെടുമ്പോൾ നമുക്ക് സമ്പൂർണ്ണ ആനന്ദം സംജാതമാകുകയും ചെയ്യും.

മിശിഹായുടെ സഹനത്തിലും മഹത്ത്വത്തിലും പങ്കുചേർന്നുള്ള ജീവിതം ആത്മാവിന്റെ ശക്തിയാലുള്ള വിശ്വാസമായിട്ടാണ് പത്രോസ്ശ്ലീഹാ അവതരിപ്പിക്കുന്നത് (4,14-16). പരിശുദ്ധാത്മാവിനെ ഉന്നതത്തിൽനിന്നുള്ള ശക്തിയായിട്ടാണല്ലോ സുവിശേഷങ്ങളും അവതരിപ്പിക്കുന്നത്: "പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും" (ലൂക്കാ 1,35); "ഇതാ, എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാനയയ്ക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗര

ത്തിൽത്തന്നെ വസിക്കുവിൻ" (ലൂക്കാ 24,49). സഹനങ്ങളുടെ മദ്ധ്യേ അന്തിമമഹത്ത്വം കാത്തിരിക്കുന്ന വിശ്വാസികളുടെ ഉള്ളിൽ മഹത്ത്വത്തിന്റെ ആത്മാവായ പരിശുദ്ധാരൂപി വസിക്കുന്നുണ്ട് (4,13-14). പുരോഹിതന്റെ ജീവിതം വിവിധങ്ങളായ സ്വകാര്യദുഃഖങ്ങളുള്ള ജീവിതമാണെന്നുള്ളതിന് സംശയമില്ല. അപ്പോഴെല്ലാം മിശിഹായുടെ സഹനത്തിലും മഹത്ത്വത്തിലും പങ്കുചേരുന്നു എന്നു വിശ്വസിക്കുവാനും അരൂപിയിൽ ശക്തിപ്രാപിച്ച് അവയെ നേരിടുവാനും പുരോഹിതനു കഴിയണം.

**5. സഹനമദ്ധ്യേ നന്മചെയ്യുന്ന ജീവിതം**

"*എന്തെന്നാൽ, വിധിയുടെ സമയം സമാഗതമായിരിക്കുന്നു. ദൈവത്തിന്റെ ഭവനത്തിലായിരിക്കും അത് ആരംഭിക്കുക. അതു നമ്മിലാണ് ആരംഭിക്കുന്നതെങ്കിൽ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും! നീതിമാൻ കഷ്ടിച്ചു മാത്രം രക്ഷപെടുന്നുവെങ്കിൽ, ദുഷ്ടന്റെയും പാപിയുടെയും സ്ഥിതി എന്തായിരിക്കും! ആകയാൽ, ദൈവഹിതമനുസരിച്ചു സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ടു വിശ്വസ്തനായ സ്രഷ്ടാവിനു തങ്ങളുടെ ആത്മാക്കളെ ഭരമേല്പിക്കട്ടെ*" (4,17-19).

യുഗാന്ത്യത്തിലെ ശിക്ഷാവിധിയുടെ കാഠിന്യമാണ് ഈ വാക്കുകളിലെ പ്രമേയം. യുഗാന്ത്യസമയത്തെ സൂചിപ്പിക്കുന്ന 'കയ്റോസ്' എന്ന ഗ്രീക്കുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അതായത് ഈശോയിൽ പൂർത്തീകരിക്കപ്പെടുന്ന സമയം. ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സഹനങ്ങൾ യുഗാന്ത്യവിധിയുടെ ഭാഗമായി കരുതുവാനാണ് ശ്ലീഹാ ആവശ്യപ്പെടുന്നത്. ദൈവത്തിന്റെ വിധി ആരംഭിക്കുന്നത് 'ദൈവഭവനത്തിലാണ്' എന്ന മുന്നറിയിപ്പ് ശ്രദ്ധേയമാണ്. 'ദൈവഭവനം' സഭയെയാണ് സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ സ്വന്തം ജനമാണ് 'ദൈവഭവനം'. സഭയിലുള്ളവരും സഭയ്ക്കു പുറത്തുള്ളവരും തമ്മിലുള്ള വ്യത്യാസമാണ് ഇവിടെ എടുത്തുകാണിക്കുന്നത്. സഭയ്ക്കു പുറമേയുള്ളവർ (മതമർദ്ദകർ) യുഗാന്ത്യത്തിൽ അനുഭവിക്കേണ്ടിവരുന്ന കഠിനശിക്ഷയുമായി താരതമ്യം

ചെയ്യുമ്പോൾ അവർമൂലം വിശ്വാസികൾ ഇപ്പോൾ അനുഭവിക്കേണ്ടി വരുന്ന കഷ്ടതകൾ നിസ്സാരമായി നാം കരുതണം.

ഈ പശ്ചാത്തലത്തിൽ രണ്ടു കാര്യങ്ങൾ നാം ശ്രദ്ധിക്കണം. ഒന്നാമതായി സകലത്തിനെയും നീതിയോടും കാരുണ്യത്തോടുംകൂടി പരിപാലിക്കുന്ന സർവ്വശക്തനിൽ അടിയുറച്ചു വിശ്വസിക്കണം. രണ്ടാമതായി, ദൈവത്തിന്റെ നീതിയിലും കാരുണ്യത്തിലും വിശ്വസിക്കുന്നവരെന്ന നിലയിൽ, നന്മ ചെയ്യുന്നതിൽ വീഴ്ച വരുത്താതെ നാം ജീവിക്കണം. സഹനം അതിൽത്തന്നെ ദൈവഹിതമാണെന്നു പറയുന്നില്ല. അതേസമയം ഉണ്ടാകുന്ന സഹനങ്ങളെ ദൈവഹിതാനുസൃതമായിരിക്കണം നാം നേരിടേണ്ടത്. അതോടൊപ്പം ഈശോയെപ്പോലെ എപ്പോഴും നന്മ ചെയ്യുന്നവരായി നാം ജീവിക്കുകയും വേണം. പുരോഹിതരെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രസക്തമാണ്. പ്രതീക്ഷിക്കാത്ത സഹനങ്ങൾ പുരോഹിതജീവിതത്തിലുണ്ടാകും. എങ്കിലും നന്മമാത്രം ചെയ്യുന്നവരായി തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർ ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. എല്ലാ ജീവിതസാഹചര്യങ്ങളിലും ദൈവഹിതത്തിനു വിധേയപ്പെട്ടു ജീവിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. എപ്പോഴും സമചിത്തതയുടെയും പ്രാർത്ഥനയുടെയും ജീവിതം ഞാൻ നയിക്കുന്നുണ്ടോ?
3. പരസ്പരസ്നേഹത്തിന്റെയും ശുശ്രൂഷയുടെയും ജീവിതം നയിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. ജീവിതസഹനങ്ങളെ മിശിഹായുടെ സഹനങ്ങളിലുള്ള പങ്കുചേരലായി സ്വീകരിക്കാൻ എനിക്കു സാധിക്കുന്നുണ്ടോ?
5. സഹനമദ്ധ്യേ നന്മ ചെയ്യുന്ന ജീവിതം നയിക്കുവാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. ജോഷി വാണിയപ്പുരയ്ക്കൽ | 12,000/- |
| റവ. ഫാ. ജെയിംസ് ഇലഞ്ഞിപ്പുറം | 3,00,000/- |
| റവ. ഫാ. ജിനോ മുട്ടത്തുപാടം | 50,000/- |

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**(പ്രസിഡന്റ്)**

---

## സ്നേഹസ്മരണയ്ക്ക്



**റവ. ഫാ. ജോസഫ് കുരീക്കാട്ട് (25.07.1905 – 04.02.1979)**



**റവ. ഫാ. ഫിലിപ്പ് കുന്നപ്പള്ളി (04.12.1914 – 26.02.2002)**



**റവ. ഫാ. ജോസഫ് ഇരുപ്പക്കാട്ട് (12.05.1930 – 11.02.2011)**



**റവ. ഫാ. ജോർജ് കാപ്പിലിപറമ്പിൽ (14.02.1962 – 20.02.2011)**

# അജപാലനോത്തേജന വിഭാഗം

**പാത്രിസ് കോർദേ : വിചിന്തനങ്ങൾ**

കാഞ്ഞിരപ്പള്ളി രൂപതയിലെ വൈദികർക്കും സന്യസ്തർക്കും പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് പാപ്പായുടെ പുതിയ ശ്ലൈഹിക ലേഖനമായ "പാത്രിസ് കോർദേ"യുടെ ആശയങ്ങൾ ബൈബിൾ പണ്ഡിതനും നമ്മുടെ രൂപതാംഗവും വിവിധ സെമിനാരികളിൽ അദ്ധ്യാപകനുമായ ഫാ. തോമസ് നിരപ്പേൽ പങ്കുവച്ചു. ജനുവരി 21 വ്യാഴാഴ്ച വൈകുന്നേരം 5.30 ന് സന്യാസിനികൾക്കും 7.00 ന് വൈദികർക്കുമായി സംഘടിപ്പിച്ച സൂം കോൺഫ്രൻസിൽ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് സന്ദേശം നല്കി.

**ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ സംഗമം**

കാഞ്ഞിരപ്പള്ളി രൂപതാംഗങ്ങളായ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ സംഗമം ജനുവരി 17 ഞായറാഴ്ച 3 മണിക്ക് ഹൈറേഞ്ച് മേഖലയിൽ നിന്നുള്ളവർക്ക് കുട്ടിക്കാനം മരിയൻ കോളേജിലും ലോറേഞ്ച് മേഖലയിൽ നിന്നുള്ളവർക്കായി 24-ാം തീയതി ഞായറാഴ്ച 3 മണിക്ക് കൂവപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിലും വച്ച് നടത്തപ്പെട്ടു. ഹൈറേഞ്ച് മേഖലയിൽനിന്നുള്ളവരുടെ സമ്മേളനത്തിൽ രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ഏറ്റം ബഹുമാനപ്പെട്ട ജോസഫ് വെള്ളമറ്റം അച്ചനും ലോറേഞ്ച് മേഖലയിൽനിന്നുള്ളവരുടെ സമ്മേളനത്തിൽ രൂപതാ സിഞ്ചെല്ലൂസും ചാൻസലറുമായ ഏറ്റം ബഹുമാനപ്പെട്ട കുര്യൻ താമരശ്ശേരി അച്ചനും അദ്ധ്യക്ഷം വഹിച്ചു. രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഏറ്റം ബഹുമാനപ്പെട്ട മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ സ്വാഗതമാശംസിച്ചു. ദീപിക മുൻ സീനിയർ അസോസിയേറ്റ് എഡിറ്റർ ശ്രീ. റ്റി.സി. മാത്യു ആനുകാലിക പ്രസക്തമായ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. രൂപതാംഗങ്ങളായ പഞ്ചാ

യത്ത് പ്രസിഡന്റുമാർ തങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കുകയും സന്നിഹിതരായിരുന്ന എല്ലാ ജനപ്രതിനിധികളും പരിചയപ്പെടുത്തുകയും ചെയ്തു. പൊതുവായ ചർച്ചകൾക്കും അവസരമുണ്ടായിരുന്ന യോഗത്തിന് രൂപത പി.ആർ.ഒ. ബഹുമാനപ്പെട്ട സ്റ്റാൻലി പുള്ളോലിക്കലച്ചൻ നന്ദിയർപ്പിച്ചു. ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിച്ച മരിയൻ കോളേജ് മാനേജർ ബഹുമാനപ്പെട്ട കോഴിമല ജയിംസച്ചൻ അമൽജ്യോതി കോളേജ് മാനേജർ ബഹുമാനപ്പെട്ട പായിക്കാട്ട് മാത്യു അച്ചൻ, ബഹുമാനപ്പെട്ട വൈദികർ, കോളേജുകളിലെ സ്റ്റാഫംഗങ്ങൾ, പെരുവന്താനം, പൊൻകുന്നം ഫൊറോനകളിലെ യുവദീപ്തി - SMYM അംഗങ്ങൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

**ജീവൻ ദശാംശം**

ദശാംശശേഖരണത്തിനായുള്ള കവറുകൾ മാർച്ച് മാസം 15-ാം തീയതിക്കകം എത്തിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിലും നമ്മുടെ സഹോദരങ്ങൾക്ക് ആശ്വാസം നല്കുന്ന പദ്ധതിയിൽ മുൻ വർഷങ്ങളിലേതുപോലെ ആത്മാർത്ഥമായി സഹകരിക്കുമല്ലോ.

**ആരാധനാവത്സര കലണ്ടർ**

ആരാധനവത്സര കലണ്ടറിന്റെ തുക എല്ലാ ഇടവകകളും തന്നെ നേരത്തേതന്നെ എത്തിച്ചതിന് പ്രത്യേകം നന്ദി. ഇനിയും നല്കുവാനുള്ള ഇടവകകൾ എത്രയും വേഗം എത്തിക്കുമല്ലോ. (10000 രൂപയും അതിൽ കൂടുതലും തുക ബാങ്ക് ട്രാൻസ്ഫറിലൂടെ മാത്രമേ സ്വീകരിക്കാനാവൂ.) ബാങ്ക് ട്രാൻസ്ഫറിനു ശേഷം Whatsapp message/ ഫോണിൽ വിളിച്ചറിയിക്കുമല്ലോ. 9846803036, 9496033110

For Bank Transfer

1. Sahyadri Credit Society, Kanjirapally, A/c No. 0122 (Co-Ordinator, Department of Pastoral Animation)
2. Federal Bank, Kanjirapally, A/c No. 10310100264341, Diocese of Kanjirapally, Department of Pastoral Animation, IFSC - FDRL0001031

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

## വാർഷിക പരീക്ഷ : സെന്റ് തോമസ് വിഭാഗം

10, 11, 12 ക്ലാസുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.15 വരെ നടത്തപ്പെടുന്നതാണ്. ചോദ്യപേപ്പറുകളും ഉത്തരമെഴുതാനുള്ള പേപ്പർ, 10, 11, 12 ക്ലാസുകാർക്കുള്ള ഫെയ്സ് ഷീറ്റ് എന്നിവ ഫെബ്രുവരി 4 വ്യാഴാഴ്ച ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. ഉത്തരക്കടലാസുകൾ ഈ വർഷം ഇടവകകളിൽ തന്നെയാണ് നോക്കേണ്ടത്. മാർക്ക് രേഖപ്പെടുത്താനുള്ള ഫോമിൽ അവ വ്യക്തമായി എഴുതി സുവാറ ഓഫീസിലേക്ക് അയച്ചു നല്കേണ്ടതാണ്. (E-mail/ Whatsapp മുഖേനയും അയയ്ക്കാം). 10, 12 ക്ലാസുകളിൽ 70-ൽ 68 - ഉം അതിൽ കൂടുതലും മാർക്ക് കിട്ടുന്ന കുട്ടികളുടെ ഉത്തരക്കടലാസുകൾ മാർച്ച് 7-നു മുമ്പായി സുവാറ ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

ഒന്നുമുതൽ 9 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഏപ്രിൽ 5-ാം തീയതി പരീക്ഷയും തുടർന്ന് 10-ാം തീയതി വരെ ഉത്ഥാനോത്സവവും നടത്തപ്പെടുന്നതാണ്. അതുവരെയുള്ള ഞായറാഴ്ചകളിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി കുട്ടികൾക്ക് ഓൺലൈൻ ക്ലാസുകൾ നൽകുന്നതാണ്.

## CTC, HDC പരീക്ഷകൾ

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജനുവരി മാസത്തിൽ നടത്താനിരുന്ന CTC, HDC കോഴ്സുകളുടെ പരീക്ഷകൾ മാറ്റിവച്ചിരിക്കുകയാണ്. പുതിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## CTC ഓൺലൈൻ കോൺഫ്രൻസ്

CTC 36-ാം ബാച്ചിന്റെ ഓൺലൈൻ സമ്മേളനം ജനുവരി 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നു മുതൽ നാലര വരെ നടത്തപ്പെട്ടു.

ഇതിനോടകം നടത്തപ്പെട്ട എട്ടു ക്ലാസുകളുടെയും Revision, പരീക്ഷ കളേക്കുറിച്ചുള്ള അഭിപ്രായശേഖരണം, അധ്യാപകരുടെ അനുഭവ ങ്ങൾ എന്നിവയെല്ലാമുൾച്ചേർന്ന ഓൺലൈൻ മീറ്റിംഗിൽ ക്ലാസുകൾ പൂർത്തിയാക്കിയ വിശ്വാസജീവിതപരിശീലകർ പങ്കുചേർന്നു.

**സന്ദേശനിലയത്തിന് നന്ദി**

ഇക്കഴിഞ്ഞ ജൂൺ മാസം മുതൽ ജനുവരി വരെ എല്ലാ ഞായ റാഴ്ചകളിലും വിവിധ ക്ലാസുകളിലെ വിശ്വാസപരിശീലന പാഠങ്ങൾ വ്യത്യസ്തതയോടെ ചങ്ങനാശ്ശേരി അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രമായ സന്ദേശനിലയത്തിൽനിന്നും നമുക്കു ലഭിച്ചു. ത്യാഗോ ജ്ജ്വലമായ ഈ ശുശ്രൂഷ നിർവഹിച്ച സന്ദേശനിലയത്തിനും ക്ലാസ്സു കളെടുത്ത വിശ്വാസജീവിതപരിശീലകർക്കും രൂപതാ കുടുംബ ത്തിന്റെ ആത്മാർത്ഥമായ നന്ദി.

**സംയുക്തസമ്മേളനം**

2021 ജനുവരി പത്താം തീയതി ഉച്ചകഴിഞ്ഞ് മൂന്നു മുതൽ നാലര വരെ സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സിന്റെയും ആനിമേ റ്റേഴ്സിന്റെയും ഫൊറോനാ സെക്രട്ടറിമാരുടെയും സംയുക്ത ഓൺലൈൻ സമ്മേളനം (Zoom Meeting) നടത്തപ്പെട്ടു. പ്രാർത്ഥന യോടെ ആരംഭിച്ച സമ്മേളനത്തിൽ ഓഫീസ് സെക്രട്ടറി സി. ജീവ ജോസ് സ്വാഗതം ആശംസിച്ചു.

ഇടുക്കി രൂപതയുടെ മുൻ മതബോധന ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വടക്കേൽ പുതുവർഷ ചിന്തകൾ പങ്കുവച്ചു. നിയമ ങ്ങൾ ഉള്ളതുകൊണ്ടല്ല മറിച്ച് ദൈവാനുഭവം ഉള്ളതുകൊണ്ടായിരി ക്കണം നമ്മുടെ കുട്ടികൾ ദൈവാലയത്തിലേക്ക് കടന്നുവരേണ്ടത്. അതിനുള്ള പരിശീലനമായിരിക്കണം സൺഡേസ്കൂളിൽ നിന്നും നൽകപ്പെടേണ്ടത് എന്ന് ബഹു. അച്ചൻ ഓർമ്മപ്പെടുത്തി. പ്ലാച്ചേരി സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോസ് വെട്ടിക്കാമറ്റത്തിൽ നന്ദി പറഞ്ഞു.

തുടർന്ന് ബഹുമാനപ്പെട്ട ഡയറക്ടർ അച്ചൻ ഭാവിപരിപാടിക ളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകി. ഫെബ്രുവരി 28-ന് മുമ്പായി അധ്യാപകരുടെ ലേഖനമത്സരത്തിന്റെ പേപ്പറുകളും, കയ്യെഴുത്തുമാ സികയും രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഇനിയും നടത്താത്തവർ എത്രയുംവേഗം അത്

പൂർത്തിയാക്കണം. വിശുദ്ധ യൗസേപ്പ്പിതാവിനെ പ്രത്യേകമായി അനുസ്മരിക്കുന്ന ഈ കുടുംബ നവീകരണവർഷം സമുചിതമായി ആചരിക്കുന്നതിനായി രൂപതാ കേന്ദ്രത്തിൽ നിന്നും തയ്യാറാക്കുന്ന കർമ്മപദ്ധതികളോട് പൂർണ്ണമായി സഹകരിക്കേണ്ടതാണെന്നും ഡയറക്ടർ അച്ചൻ ഓർമ്മിപ്പിച്ചു.

തുടർന്നുള്ള സമയം ബഹുമാനപ്പെട്ട അധ്യാപകർ കോവിഡ് കാലത്തെ തങ്ങളുടെ വിശ്വാസപരിശീലനാനുഭവങ്ങൾ പങ്കുവച്ചു. ഫെബ്രുവരി മാസം കഴിഞ്ഞും വി. കുർബാന, പ്രാർത്ഥന, മൂല്യങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച് കുട്ടികൾക്ക് ക്ലാസുകൾ നൽകണമെന്ന് പൊതുഅഭിപ്രായം ഉണ്ടായി. ഒന്നര മണിക്കൂർ നീണ്ട സമ്മേളനം പ്രാർത്ഥനയോടെ അവസാനിച്ചു.

### 50, 25 വർഷങ്ങൾ പൂർത്തിയാക്കിയവർ

വിശ്വാസജീവിതപരിശീലന മേഖലയിൽ 50, 25 വർഷങ്ങൾ പൂർത്തിയാക്കിയവരുടെ പേരുകൾ മാർച്ച് 7-ന് മുമ്പായി സുവാറ ഓഫീസിൽ അയച്ചു നൽകാൻ ശ്രദ്ധിക്കുമല്ലോ. കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും ഒരുമിച്ച് വാട്സ് ആപ്പ്/ഇ മെയിൽ വഴിയും അയയ്ക്കാവുന്നതാണ്.

### 12 വർഷവും മുടങ്ങാത്തവർ

1 മുതൽ 12 വരെ ഒരു ക്ലാസുപോലും മുടങ്ങാതെ മുഴുവൻ ഹാജർ നേടിയ കഴിഞ്ഞവർഷത്തെയും ഈ വർഷത്തെയും കുട്ടികളുടെ പേരുകളും നല്കാൻ ശ്രദ്ധിക്കുമല്ലോ. ഈ അധ്യയനവർഷത്തിൽ ഹാജർ ക്രമമായി നല്കാൻ കഴിയാത്തതിനാൽ 11-ാം ക്ലാസു വരെ മുഴുവൻ ഹാജർ നേടിയവരുടെ പേരുകൾ നല്കാവുന്നതാണ്.

## SMCC പ്രതിഭാസംഗമം

12 -ാം ക്ലാസിൽ പഠിക്കുന്ന വിശ്വാസതീക്ഷ്ണതയും ഇതര കാര്യങ്ങളിൽ മികവും പുലർത്തുന്ന 4 കുട്ടികളുടെ വീതം പേരുകൾ നല്കാവുന്നതാണ്. രൂപതാതലത്തിൽ ഇവർക്കായി ഓൺലൈൻ സംഗമവും ഇന്റർവ്യൂവും നടത്തി രൂപതാതല പ്രതിഭകളെ കണ്ടെത്തുന്നതാണ്.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**ഇടവക - ഫൊറോനാതല തെരഞ്ഞെടുപ്പ്**

ഇക്കഴിഞ്ഞ വർഷം തെരഞ്ഞെടുപ്പ് നടത്താനാകാത്ത സാഹ ചര്യത്തിൽ ഇടവകയിൽ വിശ്വാസജീവിതത്തിൽ ഉത്സുകരായിരി ക്കുന്നകുട്ടികളിൽ നിന്നും പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കുമല്ലോ. 6 മുതൽ 9 വരെ ക്ലാസുക ളിൽ പഠിക്കുന്ന കുട്ടികളെ തെരഞ്ഞെടുക്കുന്നതാണ് ഉചിതം.

തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളിൽ നിന്നും ഒരു ആൺകു ട്ടിയേയും ഒരു പെൺകുട്ടിയേയും ഫൊറോനായിലേക്ക് നിർദ്ദേ ശിക്കാവുന്നതാണ്. ഇവരിൽ നിന്നും ഫൊറോനാതലത്തിൽ 6 പേര ടങ്ങുന്ന എക്സിക്യൂട്ടീവിനെ തെരഞ്ഞെടുക്കാൻ ഫൊറോനാ ഡയ റക്ടർമാർ ശ്രദ്ധിക്കുമല്ലോ.

## Biblia / Saints Bell

രൂപതാകേന്ദ്രത്തിൽ നിന്നും ഓരോ ദിവസവും ഒരു വിശു ദ്ധനെ പരിചയപ്പെടുന്നതിനും 38 ദിവസം കൊണ്ട് ബൈബിൾ പുതിയ നിയമം വായിക്കുന്നതിനും അവസരമൊരുക്കുന്ന പദ്ധതി യാണ് ബിബ്ലിയ - സെയിന്റ്സ് ബെൽ. ഓരോ ദിവസവും അയ ച്ചുതരുന്ന വചനഭാഗം ക്രമമായി വായിച്ചു ധ്യാനിക്കുവാനും പരി ചയപ്പെടുന്ന വിശുദ്ധരെക്കുറിച്ച് നോട്ടുകുറിക്കുവാനും അവരിൽ വിളങ്ങിയിരിക്കുന്ന സുകൃതങ്ങൾ ജീവിതത്തിൽ പകർത്തുവാനും കുട്ടികൾക്കുവേണ്ട പ്രോത്സാഹനം നൽകുമല്ലോ.

**നിലയ്ക്കൽ തീർത്ഥാടനം**

കോവിഡ് 19-ന്റെ പ്രത്യേകമായ സാഹചര്യത്തിൽ പതിവിൽ നിന്നു വ്യത്യസ്തമായി രൂപതാ-ഫൊറോനാ എക്സിക്യൂട്ടീവ് അംഗങ്ങളും തുലാപ്പള്ളി ഇടവകയിലെ കുട്ടികളും നിലയ്ക്കൽ തീർത്ഥാടനത്തിൽ പങ്കുചേർന്നു. ജനുവരി 26-ാം തീയതി രാവിലെ 9.30 ന് നിലയ്ക്കൽ തുലാപ്പള്ളി ജൂബിലി കപ്പേളയിങ്കൽ നിന്നും വി. തോമാശ്ലീഹായുടെ മധ്യസ്ഥപ്രാർത്ഥന ചൊല്ലി ദൈവാലയത്തിലെത്തി ഇടവകയിലെ കുട്ടികളോടൊപ്പം വി. കുർബാനയിൽ പങ്കുചേർന്നു. തിരുശ്ശേഷിപ്പ് വണക്കത്തിനും നേർച്ചഭക്ഷണത്തിനും ശേഷം നിലയ്ക്കൽ എക്യുമെനിക്കൽ തീർത്ഥാടന ദൈവാലയം സന്ദർശിച്ചു പ്രാർത്ഥിച്ചു. തീർത്ഥാടനത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്ത നിലയ്ക്കൽ തുലാപ്പള്ളി ഇടവക വികാരി ബഹു. പീറ്റർ മേസ്തിരിപ്പറമ്പിലച്ചൻ, കൈക്കാരന്മാർ, വിശ്വാസജീവിതപരിശീലകർ എന്നിവരോടും ബഹു. കുര്യാക്കോസ് വടക്കേടത്തച്ചൻ, സീതത്തോട് ഇടവകയിലെ വിശ്വാസജീവിത പരിശീലകർ തുടങ്ങിയവരോടും പ്രത്യേകമായ നന്ദി അറിയിക്കുന്നു.

**മിഷൻസന്ദേശ്**

സീതത്തോട് ഇടവകദൈവാലയ നിർമ്മാണത്തിനായി ഈ പ്രതിസന്ധി ഘട്ടത്തിലും മനസ്സുതുറന്ന് സംഭാവന നല്കി സഹകരിച്ച എല്ലാവർക്കും നന്ദി. ഇതിനോടകം 38 ഇടവകകളിൽ നിന്നായി മൂന്നരലക്ഷത്തോളം രൂപയാണ് കേന്ദ്രഓഫീസിൽ ലഭിച്ചിട്ടുള്ളത്. ഇനിയും സീതത്തോടിനെ സഹായിക്കാൻ സന്മനസ്സുള്ളവർ താഴെപ്പറയുന്ന അക്കൗണ്ടിൽ തുക നിക്ഷേപിച്ച് ഓഫീസിൽ വിളിച്ചറിയിക്കാൻ ശ്രദ്ധിക്കുമല്ലോ.

Sahyadri Ac.No. 1597
South Indian Bank : Ac. Holder : Vicar General & Director, CML, Diocese of Kanjirapally
Ac. No.: 0113053000005241
Bank Br.: South Indian Bank, Kanjirapally
IFSC : SIBL000113

## പുണ്യങ്ങളുടെ നോമ്പുകാലം

ഫെബ്രുവരി 15-ാം തീയതി മുതൽ വലിയ നോമ്പിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. ആത്മീയമായി കൂടുതൽ വളരാൻ ഈ കാലയളവിൽ നമുക്കേവർക്കും പരിശ്രമിക്കാം. ഇപ്പോൾ നടത്തപ്പെടുന്ന പരിപാടികൾക്കു പുറമേ നല്കാവുന്ന മറ്റു കാര്യങ്ങൾ ചുവടെ ചേർക്കുന്നു. ഇടവക-ഫൊറോനാ തലങ്ങളിൽ നോമ്പിന്റെ ചൈതന്യം കുട്ടികൾക്കു പകർന്നു നല്കുവാൻ സാധിക്കുന്നത്ര ശ്രദ്ധിക്കുമല്ലോ.

- കുട്ടികളുടെ ചെറിയസന്ദേശങ്ങളടങ്ങിയ സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കുന്നു.
- ബൈബിൾ ധ്യാനപൂർവ്വം വായിച്ച് റെക്കോർഡ് ചെയ്യുന്നു.
- സങ്കീർത്തനങ്ങളെ ആസ്പദമാക്കി കുട്ടികൾ ഗാനങ്ങൾ രചിക്കുന്നു. സംഗീതം നല്കി ആലപിക്കുന്നു.
- വി. യൗസേപ്പിതാവിന്റെ ജീവിതം ധ്യാനവിഷയമാക്കി ചെറിയ ഉപന്യാസങ്ങൾ രചിക്കുന്നു.
- നോമ്പിന്റെ തീരുമാനങ്ങൾ എഴുതി വീടിന്റെ ഏതെങ്കിലും ഭാഗത്ത് പ്രദർശിപ്പിക്കുന്നു.
- 5 ആത്മീയ ഗ്രന്ഥങ്ങളെങ്കിലും വായിച്ച് നോട്ട് കുറിക്കുന്നു.
- രൂപതാകേന്ദ്രത്തിൽ നിന്നും നല്കുന്ന വിശുദ്ധരുടെ ജീവചരിത്രം ഹൃദിസ്ഥമാക്കുന്നു.
- സാധിക്കുന്നത്ര ദിവസങ്ങളിൽ വി. കുർബാനയിൽ പങ്കുചേരുന്നു.
- നോമ്പിലെ വെള്ളിയാഴ്ചകളിൽ കുരിശിന്റെ വഴി ചൊല്ലുന്നു.
- ഭവനങ്ങളിൽ റംശാപ്രാർത്ഥനയ്ക്ക് കുട്ടികൾ നേതൃത്വം നല്കുന്നു.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ ബൈബിൾ ആഴത്തിൽ പഠിക്കുവാനായി സൗകര്യമൊരുക്കുന്നു. ഇതിന്റെ ആദ്യപടിയായി ഓരോ പുസ്തകത്തെയും കുറിച്ച് അടിസ്ഥാന വിവരങ്ങൾ നല്കുന്ന ചെറിയ വീഡിയോകൾ തയ്യാറാക്കി നല്കുന്നതാണ്. ബൈബിൾ സംബന്ധമായി കൂടുതൽ പഠിക്കാനാഗ്രഹിക്കുന്നവർക്കായി പുതിയ വാട്ട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ട്. ചേരാനാഗ്രഹിക്കുന്നവർ ബഹു. വികാരിയച്ചന്മാരുമായി ബന്ധപ്പെടേണ്ടതാണ്.

**ലോഗോസ് ക്വിസ്**

2021 സെപ്റ്റംബർ 26-ാം തീയതി ലോഗോസ് ക്വിസ് നടത്തപ്പെടുന്നതാണെന്ന് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഓഫീസിൽ നിന്നും അറിയിച്ചിരിക്കുന്നു. 2020-ലെ പരീക്ഷയുടെ വിഷയങ്ങൾതന്നെയാണ്. നേരത്തെ പേര് ചേർത്തവരെ പ്രായപരിധിയുടെ അതാതു ഗ്രൂപ്പുകളിലേക്ക് മാറ്റി അറിയിക്കുന്നതാണ്. ജൂൺ, ജൂലൈ മാസങ്ങളിൽ ഇനിയും പുതുതായി ചേരുന്നവരെ മാത്രം ചേർത്താൽ മതിയാവും.

**ഫാ. തോമസ് നിരപ്പേൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

### നൈറ്റ് വിജിൽ

കാഞ്ഞിരപ്പള്ളി രൂപതാ SMYM ന്റെ നേതൃത്വത്തിൽ 2020 ഡിസംബർ 31, 2021 ജനുവരി 1 തീയതികളിൽ കാഞ്ഞിരപ്പള്ളി ഫൊറോനയിലെ തരകനാട്ടുകുന്ന് ഇടവകയിൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, ശ്രീ. അനിറ്റ് ഉറുമ്പന്മാക്കൽ, ശ്രീ. തോമാച്ചൻ കത്തിലാങ്കൽ എന്നിവർ നേതൃത്വം നൽകി.

### സവ്റ 2020

കാഞ്ഞിരപ്പള്ളി രൂപതാ SMYM-ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സവ്റ 2020 യുവജന സംഗമം വിവിധ ഫൊറോനാകളിലായി നടത്തപ്പെട്ടു. ജനുവരി 2, 3 മുണ്ടിയെരുമ, ജനുവരി 9, 10 കട്ടപ്പന, ജനുവരി 16, 17 റാന്നി – പത്തനംതിട്ട, ജനുവരി 23, 24 ഉപ്പുതറ, ജനുവരി 26 വെളിച്ചിയാനി എന്നിങ്ങനെ സവ്റ യുവജനസംഗമം നടത്തപ്പെട്ടു. ശ്രീ. ബിനോ പെരുന്തോട്ടം, ശ്രീ. സാജൻ പാപ്പച്ചൻ എന്നിവർ ക്ലാസ്സ് നയിച്ചു. കോവിഡ് പ്രശ്നങ്ങൾ മൂലം സവ്റ നടത്താൻ സാധിക്കാതെ പോയ സ്ഥലങ്ങളിൽ ഇതിനുശേഷം അതിനുള്ള അവസരം ഒരുക്കുന്നതാണ്.

### ഫൊറോനാ സെനറ്റ്, തിരഞ്ഞെടുപ്പ്

2020 വർഷത്തെ ഫൊറോനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനുള്ള ഫൊറോനാ വാർഷിക സെനറ്റ് സമ്മേളനം നടന്നു വരുന്നു. 2021 വർഷത്തേയ്ക്കുള്ള ഫൊറോനാ സമിതി തിരഞ്ഞെടുപ്പ് ഫെബ്രുവരി 7 ന് മുമ്പായി എല്ലാ ഫൊറോനാകളും പൂർത്തിയാക്കണം. ജനുവരി 17 പൊൻകുന്നം, ജനുവരി 24 കട്ടപ്പന, കാഞ്ഞിരപ്പള്ളി, കുമളി, ജനുവരി 31 മുണ്ടക്കയം, മുണ്ടിയെരുമ എന്നീ

ഫൊറോനകളിൽ വാർഷിക സെനറ്റും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു.

**Sanjos Career and Placement cell**

വി. യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച് യൗസേപ്പിതാവിന്റെ നാമധേയത്തിൽ Sanjos Career and Placement cell ആരംഭിച്ചു. ഇതുവഴി കുട്ടിക്കാനം മരിയൻ കോളേജിൽ മികച്ച രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്ലേസ്മെന്റ് സെല്ലിന്റെ പ്രവർത്തനം കാഞ്ഞിരപ്പള്ളി രൂപതയിലെ എല്ലാ യുവജനങ്ങൾക്കായും പ്രയോജനപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. കാഞ്ഞിരപ്പള്ളി രൂപത SMYM-ന്റെ ഔദ്യോഗിക ടെലിഗ്രാം അക്കൗണ്ട് വഴി തൊഴിലവസരങ്ങൾ വേഗത്തിൽ യുവജനങ്ങളിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം.

**രൂപത വാർഷിക സെനറ്റ് & ഇലക്ഷൻ**

SMYM-ന്റെ 2020 പ്രവർത്തനവർഷത്തിലെ രൂപതാ-ഫൊറോനാതല പ്രവർത്തനങ്ങളെ വിലയിരുത്തുവാനുള്ള വാർഷിക സെനറ്റ് സമ്മേളനവും, 2021 രൂപത സമിതിയെ തിരഞ്ഞെടുക്കുന്നതിനുള്ള തിരഞ്ഞെടുപ്പും ഫെബ്രുവരി 13, 14 (ശനി, ഞായർ) തീയതികളിൽ കാഞ്ഞിരപ്പള്ളി രൂപത പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടും. 2020-ലെ ഫൊറോനാസമിതി അംഗങ്ങളും 2021 ലെ പുതിയ ഫൊറോനാ സമിതി അംഗങ്ങളും സെനറ്റ് സമ്മേളനത്തിൽ പങ്കെടുക്കണം.

**അഭിനന്ദനങ്ങൾ**

ഇന്ത്യൻ പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ വച്ച് ജനുവരി 12, 13 തിയതികളിൽ നടത്തപ്പെട്ട നാഷണൽ യൂത്ത് പാർലമെന്റിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന 3 പേരിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ട പഴയിടം ഇടവകാംഗമായ മിസ് അർച്ചന പ്രകാശിനും ഡൽഹിയിൽ നടക്കുന്ന റിപബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്ന NCC കേഡെറ്റായ തേർഡ് ക്യാമ്പ് സെന്റ് ജോസഫ് ഇടവകാംഗം മിസ് അബിയ റോയിക്കും SMYM രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്കധ്യാനം ഓൺലൈനിൽ**

കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തലേറ്റ് വിവാഹ ഒരുക്കധ്യാനം ഓൺലൈനായി നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്കായി 04828-205628, 04828-201100, 9497096431, 8943895505 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഉടനെ വിവാഹത്തിനായി ഒരുങ്ങുന്നവരോടും പ്രത്യേക അനുവാദം വാങ്ങി വിവാഹ ഒരുക്കധ്യാനത്തിൽ പങ്കെടുക്കാതെ വിവാഹിതരായവരോടും ഈ online ധ്യാനത്തിൽ പങ്കെടുക്കുവാൻ ബഹു. വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ.

**ബധിര-മൂകർക്കുവേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്**

കെ.സി.ബി.സി. ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ബധിര-മൂകർക്കായി നടത്തുന്ന വിവാഹഒരുക്ക കോഴ്സ് 2021 മാർച്ച് 13, 14 (ശനി, ഞായർ) ദിവസങ്ങളിൽ പി.ഒ.സി.യിൽ വച്ച് നടത്തുന്നതാണ്. കോവിഡ് കാലത്ത് വിവാഹം കഴിഞ്ഞവർക്കും ഇതിൽ സംബന്ധിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 9995028229 എന്ന നമ്പരിൽ ബന്ധപ്പെടുക.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

**പദപ്രശ്നം**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പദപ്രശ്നമത്സ രത്തിന്റെ 32 ഭാഗങ്ങൾ പൂർത്തിയായി

**സമ്മാനാർഹരായവർ**

MVQ - 28 : സ്മിത ഷിജി, കാട്ടിപ്പീടികയിൽ, എരുമേലി
MVQ - 29 : സോണിയ ചാൾസ്, പുളിമൂട്ടിൽ, ഉപ്പുതറ
MVQ - 30 : എൽസമ്മ ജോസഫ്, തൂങ്ങുപാലം, റാന്നി
MVQ - 31 : സിനി ആന്റോ, കണുവേലിൽ, മുണ്ടക്കയം
MVQ - 32 : വത്സമ്മ വർഗീസ്, മലയിൽ, സന്ന്യാസിയോട

പദപ്രശ്നചോദ്യങ്ങൾ അയച്ചുതന്നവരിലെ വിജയികൾ

MVQ - 31 : ഡെയ്സമ്മ മാത്യു കരിയിലക്കുളം, കൊച്ചുതോവാള

**മാതൃവേദി കലോത്സവം**

മാതൃവേദി രൂപതാതല മത്സരങ്ങൾ പൂർത്തിയായി.

**സമ്മാനാർഹരായവർ**

**ലളിതഗാനം - വി. ജിയന്ന വിഭാഗം (ജൂണിയേഴ്സ്)**

ഒന്നാം സമ്മാനം : രമ്യ, മലക്കമറ്റം, മേരികുളം
രണ്ടാം സമ്മാനം : ലിജോ ബിജു, മ്യാലിമഠത്തിൽ, കണ്ണമ്പള്ളി
മൂന്നാം സമ്മാനം : സ്മിത പാറപ്പുറത്ത്, അണക്കര

**ലളിതഗാനം - മോനിക്കാ വിഭാഗം (സീനിയേഴ്സ്)**

ഒന്നാം സമ്മാനം : ജിജി ജോബ്, പാറയ്ക്കൽ, വണ്ടൻപതാൽ
രണ്ടാം സമ്മാനം : മോളമ്മ, കൊല്ലംകുന്നേൽ, കൊല്ലമുള
മൂന്നാം സമ്മാനം : മിനി ഷെറി, പുത്തൻകടുപ്പിൽ, അഞ്ചിലിപ്പ

**പ്രസംഗം - വി. ജിയന്ന വിഭാഗം (ജൂണിയേഴ്സ്)**

ഒന്നാം സമ്മാനം : ആഷ്ലി സിജോ, ആലുംമൂട്ടിൽ, വലിയതോവാള
രണ്ടാം സമ്മാനം : ജോളി അജോ, കടപ്ലാക്കൽ, മുണ്ടിയെരുമ
മൂന്നാം സമ്മാനം : മിന്റു, അക്കരവിളയിൽ, എലിക്കുളം

**പ്രസംഗം - മോനിക്കാ വിഭാഗം (സീനിയേഴ്സ്)**

ഒന്നാം സമ്മാനം : മിനി സണ്ണി, മണ്ണംപ്ലാക്കൽ, ചിറക്കടവ്
രണ്ടാം സമ്മാനം : സിൽവി സോളി, കുഴിപ്പാല, മുണ്ടക്കയം
മൂന്നാം സമ്മാനം : ആൻസി വർഗ്ഗീസ്, പാലമൂട്ടിൽ, പത്തനംതിട്ട
മൂന്നാം സമ്മാനം : ഷാന്റി പന്തിരുവേലിൽ, പൊൻകുന്നം

**സമൂഹഗാനം**

ഒന്നാം സമ്മാനം : ഫാത്തിമ മാതാ മാതൃവേദി, മ്ലാമല
രണ്ടാം സമ്മാനം : സെന്റ് ഇസിദോർ മാതൃവേദി, നെറ്റിത്തൊഴു
മൂന്നാം സമ്മാനം : ഇൻഫെന്റ് ജീസസ് മാതൃവേദി, എലിക്കുളം

**പദ്യോച്ചാരണം**

ഒന്നാം സമ്മാനം : റോസ്മി തോമസ്, മുട്ടത്തുകുന്നേൽ, വാളാർഡി
രണ്ടാം സമ്മാനം : അമ്പിളി കടുവാതൂക്കിൽ, എലിക്കുളം
മൂന്നാം സമ്മാനം : ഷീബാ ടോമി, ചുങ്കപ്പുര, മുണ്ടിയെരുമ

**നന്ദി**

ഫൊറോനാ ആനിമേറ്റർമാരായി കഴിഞ്ഞ വർഷങ്ങളിൽ ത്യാഗ നിർഭരമായ സേവനം അനുഷ്ഠിച്ച ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്
സി. ലിനറ്റ് FCC (കാഞ്ഞിരപ്പള്ളി)
സി. ലിന്റാ മരിയ SMC (കട്ടപ്പന)
സി. അലീസിയ SABS (മുണ്ടക്കയം)
സി. സലോമി CMC (പത്തനംതിട്ട)
സി. ജസ്ലിൻ SMC (പൊൻകുന്നം)
സി. മരിയ ജയിംസ് SH (വെളിച്ചിയാനി)

ഇവർക്ക് നന്ദിയുടെ നറുമലരുകൾ അർപ്പിക്കുകയും പുതിയ ഉത്തരവാദിത്വങ്ങളിൽ എല്ലാ ആശംസകളും അറിയിക്കുകയും ചെയ്യുന്നു.

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**ഗ്രീൻ & കെയർ പദ്ധതി**

നസ്രാണി റിസേർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ നാം ജീവിക്കുന്ന ഇടങ്ങളും പരിസരങ്ങളും മാലിന്യമുക്തവും ഹരിതാഭവും മനോഹരവുമാക്കുക എന്ന ലക്ഷ്യത്തോടെ തുടക്കംകുറിച്ച പദ്ധതിയാണ് 'ഗ്രീൻ & കെയർ'. പള്ളിയുടെ പരിസരങ്ങൾ 'ഗ്രീൻ പാരീഷ്' പദ്ധതിയിലൂടെയും മറ്റു സ്ഥലങ്ങൾ 'കെയർ ഫോർ ഔർ കോമൺ ഹോം' പദ്ധതിയിലൂടെയും മാലിന്യമുക്തമാക്കി ഹരിതശോഭയുള്ളതാക്കി തീർക്കാനുതകുന്ന പ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുന്നത്. ലൊദാത്തോ സീ എന്ന ചാക്രികലേഖനത്തിൽ നിന്നും

---

## മാതൃവേദി

**സ്വാഗതം**

ഫൊറോനാ ആനിമേറ്റർമാരായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് പുതിയ കർമ്മവീഥിയിലേക്ക് സ്വാഗതം.

സി. എൽസി ടോം SH (കട്ടപ്പന)
സി. ജോസ്‌ലിൻ CMC (മുണ്ടക്കയം)
സി. ലിസ്യൂ ഗ്രേസ്‌ലിൻ CMC (പത്തനംതിട്ട)
സി. മേരി മാത്യു SH (പൊൻകുന്നം)
സി. മെർളി CMC (വെളിച്ചിയാനി)

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

ഉൾക്കാഴ്ചകൾ സ്വീകരിച്ച് ആരംഭിച്ച ഈ പ്രോജക്ടിന്റെ ഒന്നാം ഘട്ടം ചങ്ങനാശ്ശേരി അതിരൂപതാ മെത്രാസനമന്ദിരത്തോടനുബന്ധിച്ചുള്ള പതിനാല് ഏക്കർ സ്ഥലത്ത് ആരംഭിച്ചു. ജനുവരി 22-ാം തീയതി ചങ്ങനാശ്ശേരി അതിരൂപതാകേന്ദ്രത്തിൽ വച്ച് അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം പദ്ധതിയുടെ ഉദ്ഘാടനം നടത്തി. മിയാവാക്കി വനം, മുളങ്കാടുകൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ഔഷധ ച്ചെടികൾ, മത്സ്യകൃഷി, തേനീച്ചകൃഷി തുടങ്ങിയവ ഉൾപ്പെടുത്തിയാണ് പദ്ധതി പൂർത്തിയാക്കുന്നത്.

**എൻ.ആർ.സി. വെബിനാർ**

പൗരസ്ത്യസഭകളുടെ കാനൻസംഹിതയനുസരിച്ച് ആരാധനക്രമഅനുശാസനങ്ങൾ പ്രായോഗികമാക്കാനുള്ള ഉദ്ബോധനം (Instruction for applying the Liturgical Prescription of the Code of Canons of the Eastern Churches) എന്ന വത്തിക്കാൻരേഖയുടെ പ്രസിദ്ധീകരണത്തിന്റെ ഇരുപത്തഞ്ചാം വർഷത്തിൽ ആ രേഖയെ കൂടുതൽ മനസ്സിലാക്കുന്നതിനും വിശ്വാസികൾക്ക് അതേക്കുറിച്ച് കൂടുതൽ അവബോധം നല്കുന്നതിനുമായി നസ്രാണി റിസേർച്ച് സെന്റർ വെബിനാറുകൾ സംഘടിപ്പിക്കുകയാണ്. ആദ്യത്തെ വെബിനാർ ഫെബ്രുവരി 15-ാം തീയതി തിങ്കളാഴ്ച വൈകിട്ട് ഏഴുമണി മുതൽ എട്ടുമണിവരെയാണ്. റവ. ഡോ. പോളി മണിയാട്ട് ഈ വെബിനാറിൽ ഈ രേഖയെ പരിചയപ്പെടുത്തും.

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ജനുവരി 2021**

01 പുതുവത്സരദിനത്തിൽ ബഹു. ജോസ് തറപ്പേലച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

06 ദനഹാ തിരുനാളിനോടനുബന്ധിച്ച് ബഹു. മാത്യു വാഴപ്പനാടിയിലച്ചൻ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

09–10 ഈ അദ്ധ്യയനവർഷത്തിലെ കലാമത്സരങ്ങൾ നടത്തപ്പെട്ടു.

15–16 രചനാമത്സരങ്ങളും കായികമത്സരങ്ങളും നടത്തപ്പെട്ടു.

20 വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് ബഹു. സെബാസ്റ്റ്യൻ വട്ടത്തറയച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ചു. സെബാസ്റ്റ്യൻ നാമധാരിയായ വട്ടത്തറയച്ചനും മറ്റു ബ്രദേഴ്സിനും തിരുനാളിന്റെ മംഗളങ്ങൾ നേർന്നു.

30–31 വൈദികവിദ്യാർത്ഥികൾക്കായുള്ള മാസധ്യാനം റവ. ഫാ. സ്റ്റാൻലി പുള്ളോലിക്കൽ നയിച്ചു.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

### സോണൽ സേവനസമിതി കോർ ടീം

2021 ജനുവരി 6 - ന് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ സോണൽ കോർ ടീം കരിസ്മാറ്റിക് ഓഫീസിൽ ഉച്ചകഴിഞ്ഞ് മൂന്നു മണി മുതൽ കൂടുകയുണ്ടായി. വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ഈ കാലയളവിൽ ചെയ്യാൻ സാധിച്ച പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും ചെയ്തു. പുതിയ വർഷത്തിൽ ചെയ്യുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങളെക്കുറിച്ച് രൂപരേഖ തയ്യാറാക്കി സേവനസമിതിയിൽ അവതരിപ്പിക്കുവാൻ തീരുമാനിച്ചു. എല്ലാ വെള്ളിയാഴ്ചകളിലും നടത്തിവരുന്ന കൂട്ടായ്മപ്രാർത്ഥന, L.S.S. പരിശീലന പ്രോഗ്രാം ആരംഭിക്കുന്നതിനാൽ 2021 മാർച്ച് മാസം വരെ നിർത്തിവയ്ക്കുവാൻ തീരുമാനിച്ചു. കാഞ്ഞിരപ്പള്ളി, ഇടുക്കി, കട്ടപ്പന സോണുകളിൽ നിന്നും 70 പേർ ഈ പരിശീലനപ്രോഗ്രാമിൽ ഗൂഗിൾമീറ്റ് വഴി പങ്കുചേരുന്നു. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണം രൂപതയിൽ ആചരിക്കുന്നതിനോടനുബന്ധിച്ച് കരിസ്മാറ്റിക്ക് കുടുംബത്തിന്റെ പങ്കാളിത്തം എങ്ങനെ നൽകാമെന്നുള്ള ചിന്തകളും കോർ ടീമിൽ പങ്കുവയ്ക്കപ്പെട്ടു.

### എമ്മാവൂസ് തിരുമണിക്കൂർ നിത്യാരാധന

Zoom/Google വെർച്വൽ ലിങ്കിൽ 2021 ജനുവരി 1 പകൽ 12 മണി മുതൽ 1 മണി വരെ - തിരുമണിക്കൂർ നിത്യാരാധനയിൽ സോണിൽനിന്നും അംഗങ്ങൾ പങ്കെടുത്തുവരുന്നു.

### സൗത്ത് സെൻട്രൽ സബ്റീജൻ മദ്ധ്യസ്ഥപ്രാർത്ഥന

ഗൂഗിൾ മീറ്റ് വഴി മാസത്തിലെ എല്ലാ ആദ്യബുധനാഴ്ചതോറും കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, കോട്ടയം, പാലാ സോണുകൾ ചേർന്ന്

നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥനയിലും, സോൺ പങ്കാളിത്തം നൽകി വരുന്നു.

**മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി**

സോൺ സെൻട്രൽ ടീമിന്റെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും 4.30 p.m. മുതൽ 6.00 p.m. വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. കൂടാതെ NIN പ്രവാചക മദ്ധ്യസ്ഥപ്രാർത്ഥന എല്ലാ ഞായറാഴ്ചതോറും 8.00 p.m. മുതൽ 10.00 p.m.വരെ ഡൽഹിയിൽ നിന്നും നയിക്കുന്ന പ്രോഗ്രാമിൽ സോണിൽനിന്നും പങ്കെടുത്തുവരുന്നു. സബ്സോൺ തലത്തിലും മദ്ധ്യസ്ഥപ്രാർത്ഥന ആഴ്ചയിൽ വിവിധ ദിവസങ്ങളിൽ നടത്തിവരുന്നുണ്ട്. മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രിയുടെ സെൻട്രൽ ടീം നടത്തുന്ന ശിഷ്വത്വധ്യാനത്തിൽ സോണിൽ നിന്നും 5 പേർ പങ്കെടുക്കുന്നുണ്ട്.

**തൂവാനിസാ മിനിസ്ട്രി**

തൂവാനീസാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടക്കുന്ന അഖണ്ഡജപമാല ശുശ്രൂഷയിൽ വളരെയധികം കുടുംബങ്ങൾ പങ്കെടുത്ത് വചനസന്ദേശങ്ങൾ ശ്രവിച്ച് സൗഖ്യം പ്രാപിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

**ക്രിസ്റ്റീൻ മിനിസ്ട്രി**

ക്രിസ്റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ വളരെയേറെ കാര്യങ്ങൾ നടത്തിവരുന്നു. ഓൾ കേരള ക്രിസ്റ്റീൻ മിനിസ്ട്രിയുടെ കാരിസ് ക്രിസ്റ്റീൻ മീഡിയ കുട്ടികൾക്കായി വചനം പ്രഘോഷിക്കാൻ അവസരമൊരുക്കുന്നു. അതുപോലെ 'ഉണ്ണീശോയ്ക്ക് ഒരു ബൈബിൾ' 5-ാം ക്ലാസുമുതൽ 12-ാം ക്ലാസുവരെയുള്ള കുട്ടികൾക്കായി സുവിശേഷ രചനോത്സവം നടത്തുന്നു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# ആവേ മരിയ റിട്രീറ്റ് സെന്റർ

പഴയകൊരട്ടി ആവേമരിയ നിത്യാരാധന ചാപ്പലിൽ രാവിലെ 8 മണി മുതൽ വൈകിട്ട് 8 മണി വരെ എല്ലാ ദിവസങ്ങളിലും നിത്യാരാധന നടത്തപ്പെടുന്നു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**ആദ്യശനി ഓൺലൈൻ ബൈബിൾ കൺവെൻഷൻ**

ജനുവരി 2 ശനി രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ ആദ്യശനി ബൈബിൾ കൺവെൻഷൻ മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. ബ്ര. ജോസ്സി, ബ്ര. ജോബിൻസ് എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**ശുശ്രൂകർക്കുള്ള ധ്യാനം**

മരിയൻ ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകർക്കായി ജനുവരി 6 ന് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1:30 വരെ ധ്യാനം നടന്നു. വിശുദ്ധ കുർബാനയ്ക്കും ആരാധനയ്ക്കും ഡോമിനിക്കച്ചൻ നേതൃത്വം നൽകി. ബഹു. തോമസ് അറയ്ക്കൽ അച്ചൻ ശുശ്രൂഷകളിൽ സഹായിച്ചു.

**ഓൺലൈൻ ധ്യാനം–U.S**

ജനുവരി 14 ന് രാവിലെ 7:30 മുതൽ 10:30 വരെ അമേരിക്കയിലുള്ളവർക്കുവേണ്ടി ധ്യാനം നടന്നു. ബഹുമാനപ്പെട്ട ഡോമിനിക്കച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**Grace Anointing International Leaders Meet**

ജനുവരി 17 ഞായറാഴ്ച രാവിലെ 10:30 ന് ലീഡേഴ്സിനുവേണ്ടി നടന്ന ധ്യാനത്തിൽ ബഹുമാനപ്പെട്ട ഡോമിനിക്കച്ചൻ വചനം പങ്കുവെച്ചു.

**ഏകദിന ധ്യാനം – ജനുവരി 2021**

ജനുവരി 25,26 27, 28 തിയതികളിലായി ഏകദിന ധ്യാനം

നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡോമിനിക്കച്ചൻ വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

**Grace Anointing Retreat for USA in Malayalam**

ജനുവരി 29, 30, 31 തിയതികളിലായി അമേരിക്കയി ലുള്ളവർക്കു വേണ്ടി ധ്യാനം ബഹുമാനപ്പെട്ട ഡോമിനിക്കച്ചന്റെ നേതൃത്വത്തിൽ നടന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, ബ്ര. ജെയ്സൺ, ബ്ര. ജോബിൻസ്, ബ്ര. ജോസ്സി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**RESURRECTION**

'RESURRECTION' എന്ന ശുശ്രൂഷയിലൂടെ ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ എല്ലാദിവസവും മൂന്നുമണിക്ക് ദൈവവചന പ്രഘോഷണം YouTube ചാനലിലൂടെ പങ്കുവയ്ക്കുന്നു.

**ഓൺലൈൻ ശുശ്രൂഷ**

മരിയൻ ധ്യാനകേന്ദ്രത്തിലൂടെ ഓൺലൈനായി കുരിശിന്റെ വഴി, വി. കുർബാന, വചനശുശ്രൂഷ, ആരാധന എന്നിവ എല്ലാ ദിവസവും വൈകിട്ട് 5 മുതൽ രാത്രി 8 വരെ നടന്നുകൊണ്ടിരിക്കുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. മനു പുത്തൻവീട്ടിൽ എന്നിവർ നേതൃത്വം നല്കുകയും വചനം പങ്കുവയ്ക്കുകയും ചെയ്യുന്നു.


**മധ്യസ്ഥപ്രാർത്ഥനാസഹായം**

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ ആവശ്യപ്പെടുന്നതിന് സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

വിളിക്കേണ്ട ഫോൺ നമ്പറുകൾ 730 60 65 493, 730 60 86 060, 730 60 55 176, 952 60 22 215.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. മനു പുത്തൻവീട്ടിൽ**
**(സ്പിരിച്വൽ ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- വി. ചാവറപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് 2021 ജനുവരി 2-ന് മാന്നാനത്ത് വച്ച് നടന്ന സമർപ്പിത സംഗമത്തിൽ പ്രൊവിൻഷ്യൽ കൗൺസിൽ അംഗങ്ങൾ സംബന്ധിച്ചു.
- ജനുവരി 3 സി.എം.സി. സന്യാസിനീസമൂഹത്തിന്റെ സ്ഥാപകനായ വിശുദ്ധ കുര്യാക്കോസ് ഏലിയാ ചാവറ പിതാവിന്റെ തിരുനാൾ എല്ലാ ഭവനങ്ങളിലും പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തി ആഘോഷിച്ചു.
- സന്യാസ സമർപ്പണത്തിന്റെ 12 വർഷങ്ങൾ പൂർത്തിയാക്കിയ സിസ്റ്റേഴ്സിന്റെ ഒരു മാസത്തെ കോഴ്സ് ആലുവ ജനറലേറ്റിൽ നിന്നും ഓൺലൈനായി നടത്തുന്നു. ഈ കോഴ്സിൽ 4 സിസ്റ്റേഴ്സ് സംബന്ധിക്കുന്നു.
- കാഞ്ഞിരപ്പള്ളി അമൽജ്യോതിയിൽ വച്ച് നടന്ന ബഹു. സേവ്യർ കൂടപ്പുഴയച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ 60-ാം വാർഷിക ആഘോഷപരിപാടിയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലിയും സി. റോസിറ്റായും സംബന്ധിച്ചു. സി. സീന ജോസ് സി.എം.സി. Theology and Spirituality of Monasticism and its Impacts in Syro Malabar Church എന്ന വിഷയത്തെ ആസ്പദമാക്കി പേപ്പർ അവതരിപ്പിച്ചു.
- ചാമംപതാൽ നവസന്യാസഭവനത്തിൽ സന്യാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന നോവിസസ്സിന് ഒരു മാസത്തെ ധ്യാനം മിസ്ട്രസ് സി. സീന ജോസിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- CRI യുടെ നേതൃത്വത്തിൽ മേജർ സുപ്പീരിയേഴ്സിനു വേണ്ടിയുള്ള zoom meeting - ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സംബന്ധിച്ചു.

- സന്യാസസമർപ്പണ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സി. ശോഭന, സി. ജാൻസി മരിയ, സി. ജ്യോതി, സി. പാവന, സി. എൽസി എന്നിവരുടെ സുവർണ്ണ ജൂബിലി ആഘോഷപരിപാടികൾ ആലുവ സി.എം.സി. ജനറലേറ്റിൽ നിന്നും ഓൺലൈനിൽ നടത്തിയതിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.
- പ്രേഷിതവാരാചരണം ആഘോഷപൂർവ്വമായ റംശാ പ്രാർത്ഥനയോടെ ആചരിച്ചു. മിഷൻ ഗാനം പാടി. 34 വർഷം വിവിധ രാജ്യങ്ങളിൽ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ഇപ്പോൾ 10 വർഷമായി ആഫ്രിക്കൻ മിഷനിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന കൽത്തൊട്ടി ഇടവകാംഗമായ സി. സൈന വെങ്ങാലൂരിനെ പൊന്നാട അണിയിച്ച് ആദരിക്കുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.
- ജർമ്മനിയിൽ ഷെയ്ഗ് എന്ന സ്ഥലത്ത് അമല പ്രോവിൻസിന്റെ ഭവനമായ സെന്റ് ജോസഫ് കോൺവെന്റിൽ ശുശ്രൂഷ ചെയ്യുന്ന സി. മെൽവിൻ തെരേസ് അവധിക്കായി നാട്ടിലെത്തി.
- പാലാരിവട്ടം പി.ഒ.സിയിൽ നടന്ന All Kerala School Management -ന്റെ മീറ്റിംഗിൽ എഡ്യുക്കേഷൻ കൗൺസിലർ സി. സെലി ജോവാൻ സംബന്ധിച്ചു.
- നല്ല സമറായൻ ആശ്രമത്തിന്റെ ഡയറക്ടർ റവ. ഫാ. റോയി വടക്കേലിന്റെ പൗരോഹിത്യ രജതജൂബിലി, നല്ല സമറായൻ കുടുംബാംഗങ്ങൾ സാഘോഷം ആചരിച്ചു. പ്രസ്തുത ആഘോഷപരിപാടികളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലിയും സിസ്റ്റേഴ്സും സംബന്ധിച്ചു.
- റവ. ഫാ. റോയി വടക്കേലിന്റെ പൗരോഹിത്യ രജതജൂബിലി പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ച് അച്ചനെ ആദരിച്ചു.
- പൗരോഹിത്യസ്വീകരണവും നവപൂജാർപ്പണവും നടത്തിയ പൊടിമറ്റം ഇടവകക്കാരായ ഫാ. സോണി എമ്പ്രയിൽ C.M.I., ഫാ. ഡേവിസ് വയലിൽ CST എന്നിവർക്ക് പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകുകയും ഇവർ വി. കുർബാന അർപ്പിക്കുകയും ചെയ്തു.

- പൊടിമറ്റം സെന്റ് മേരീസ് ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാളിനോട് അനുബന്ധിച്ച് നടത്തിയ പ്രദക്ഷിണം സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ ജംഗ്ഷനിൽ എത്തിയപ്പോൾ സിസ്റ്റേഴ്സും കൂട്ടായ്മാ അംഗങ്ങളും ചേർന്ന് ആദരപൂർവ്വം സ്വീകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.
- ക്രിസ്തുമസിനോട് അനുബന്ധിച്ച് കാഞ്ഞിരപ്പള്ളി സോഷ്യൽ മീഡിയ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ കരോൾ ഗാനമത്സരത്തിൽ ഒന്നാം സ്ഥാനവും Vox Assissi യുടെ നേതൃത്വത്തിൽ നടത്തിയ കരോൾ ഗാനമത്സരത്തിൽ Best Team - ൽ അഞ്ചാം സ്ഥാനവും കരസ്ഥമാക്കിയ സി.എം.സി. സിസ്റ്റേഴ്സിന് അഭിനന്ദനങ്ങൾ
- വി. ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ നവോത്ഥാന പ്രവർത്തനങ്ങളെ ആസ്പദമാക്കി CMI - CMC യുടെ നേതൃത്വത്തിൽ നടത്തിയ വെബിനാറിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.
- ആലുവ സി.എം.സി. ജനറലേറ്റിൽ വച്ച് നടത്തിയ മേജർ സുപ്പീരിയേഴ്സ് മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി സംബന്ധിച്ചു.
- വി. യൗസേപ്പ് പിതാവിന്റെ വർഷാചരണത്തിന്റെ ഉദ്ഘാടനം പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. ജോസഫ് വള്ളമറ്റത്തിൽ ദിവ്യബലിയർപ്പിച്ച് നിർവ്വഹിച്ചു.
- അഖിലകേരള ചാവറ പ്രസംഗമത്സരം L.P./U.P./ H.S. കുട്ടികൾക്കായി ഓൺലൈൻ വഴിയായി നടത്തി. വിജയികൾക്ക് കാഷ് അവാർഡ് നൽകി അഭിനന്ദിച്ചു.
- വി. യൗസേപ്പിതാവിന്റെ വർഷാചരണത്തോട് അനുബന്ധിച്ച് പരിശുദ്ധ ഫ്രാൻസീസ് മാർപ്പാപ്പയുടെ അപ്പസ്തോലിക ലേഖനമായ 'പിതൃഹൃദയത്തോടെ" എന്ന വിഷയത്തെയും വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ അപ്പസ്തോലിക ഉദ്ബോധനമായ "രക്ഷകന്റെ പാലകൻ" എന്ന വിഷയത്തെയും ആസ്പദമാക്കി ബഹു. തോമസ് നിരപ്പേലച്ചൻ നടത്തിയ വെബിനാറിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

- ആദരാഞ്ജലികൾ : കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് മഠാംഗമായ സി. ഡോറ കുന്നുംപുറത്ത് വട്ടയ്ക്കാട്ട് 24 ഞായർ 11 മണിക്ക് നിര്യാതയായി. തിങ്കൾ രാവിലെ 9 മണിക്ക് മഠം ചാപ്പലിൽ ബഹു. തോമസ് ഞള്ളിയിൽ അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ച കഴിഞ്ഞ് 2 മണിക്ക് മൃതസംസ്ക്കാരശുശ്രൂഷകൾ ആരംഭിക്കുകയും 3 മണിക്ക് കാഞ്ഞിരപ്പള്ളി കത്തീദ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ കാർമ്മികത്വത്തിൽ സമാപനശുശ്രൂഷകൾ നടത്തുകയും ചെയ്തു.
- കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ പാവപ്പെട്ട ഏതാനും കുടുംബങ്ങൾക്ക് സാമ്പത്തികസഹായം, ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, മരുന്നുകൾ എന്നിവ സാമൂഹ്യസേവനഡിപ്പാർട്ട്മെന്റിൽ നിന്നും നൽകി.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- KCBC മേജർ സുപ്പീരിയേഴ്സിനായി സംഘടിപ്പിച്ച സൂം മീറ്റിംഗിൽ പ്രൊവിൻഷ്യൽ ബഹു. സി. അമല പങ്കെടുത്തു.
- സിനാക്സിസ് അംഗങ്ങളെയും ലോക്കൽ സുപ്പീരിയേഴ്സിനെയും ഉൾപ്പെടുത്തി രണ്ടു ദിവസത്തെ പ്രൊവിൻഷ്യൽ പ്ലീനറി അസംബ്ലി നടത്തി.
- തന്റെ ശുശ്രൂഷാപൗരോഹിത്യത്തിൽ 50 വർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ ജൂബിലി ആഘോഷങ്ങൾ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. തങ്ങളുടെ സമർപ്പിത ജീവിതത്തിൽ 50 വർഷങ്ങൾ പൂർത്തിയാക്കിയ ബഹു. സി. ഫ്രാൻസി, ബഹു. സി. ലൂസി ട്രീസാ എന്നിവരുടെ ജൂബിലിയും അന്നേ ദിവസം ആഘോഷിച്ചു.
- കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ പാലാരിവട്ടം പി.ഒ.സി.യിൽ സംഘടിപ്പിച്ച കത്തോലിക്കാ സ്കൂൾ മാനേജർമാരുടെ ഏകദിന ശില്പശാലയിൽ ബഹു. സി. അലീസിയ പങ്കെടുത്തു.
- സി. റ്റെസി മരിയ രചിച്ച 'സൈബർ പുഷ്പം' വാഴ്ത്തപ്പെട്ട കാർലോ അക്കുത്തിസിനെക്കുറിച്ചുള്ള മലയാളത്തിലെ ആദ്യ കവിത പുറത്തിറക്കി.

- പുതുക്കി പണിത പുഞ്ചവയൽ മഠത്തിന്റെ വെഞ്ചിരുപ്പുകർമ്മം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിർവഹിച്ചു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- പ്രോവിൻസ് ഡേ ഡിസംബർ 27 ന് Zoom Meeting ലൂടെ എല്ലാ ഭവനങ്ങളിൽ നിന്നുമുള്ള വിവിധ കലാപരി പാടികളോടെ ആഘോഷിച്ചു.
- ജനുവരി ഒന്നിന് ജനറൽ– പ്രൊവിൻഷ്യൽ ടീം ഓൺലൈൻ മീറ്റിംഗ് നടത്തി. പ്രോവിൻസിന്റെ വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുകയും വിലയിരുത്തലുകൾ നടത്തുകയും ചെയ്തു.
- KCMS-ന്റെ നേതൃത്വത്തിൽ മേജർ സുപ്പീരിയേഴ്സിനായി നടത്തപ്പെട്ട Online Zoom Meeting-ൽ ബഹു. പ്രൊവിൻഷ്യലമ്മ സംബന്ധിച്ചു.
- പാലാരിവട്ടത്തുവെച്ച് നടത്തപ്പെട്ട KCBC Education Meeting ൽ Education Councillor സി. മെർളിൻ കാഞ്ഞിരത്തിങ്കൽ സംബന്ധിച്ചു.
- മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു. അഭിവന്ദ്യ പിതാവ് വി. ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ബഹു.പ്രൊവിൻഷ്യലമ്മ അഭിവന്ദ്യ പിതാവിന് പ്രാർത്ഥനാശംസകൾ അർപ്പിച്ചു.
- പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ച റവ. ഫാ. റോയി വടക്കേലിന്റെ ജൂബിലി പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു. ബഹു.പ്രൊവിൻഷ്യലമ്മ ബഹു. റോയി അച്ചന് പ്രാർത്ഥനാശംസകൾ അർപ്പിച്ചു.
- ബഹു. പ്രൊവിൻഷ്യലമ്മ നാടുകാണി, തലശ്ശേരി നൊവിഷ്യേറ്റ് ഭവനങ്ങൾ സന്ദർശിച്ച് നോവിസസിനെ വ്യക്തിപരമായി കണ്ട് ക്ഷേമാന്വേഷണങ്ങൾ നടത്തി.
- ബഹു. പ്രൊവിൻഷ്യലമ്മ മംഗലാപുരത്ത് നേഴ്സിംഗ് പഠനം നടത്തുന്ന സിസ്റ്റേഴ്സിനെ സന്ദർശിച്ചു.
- സോഷ്യൽവർക്ക് ചികിത്സാസഹായം ആറ് പേർക്ക് 1,75,500-/ രൂപയും 5 പേർക്ക് ഭവന നിർമ്മാണം 25,200-/ രൂപയും പഠനസ

ഹായം രണ്ട് പേർക്ക് 10,500-/ രൂപയും മിഷൻ സ്കൂൾ നിർമ്മാണം 3,70,000-/ രൂപയും നൽകി.

- കാഞ്ഞിരപ്പള്ളിയിൽ ഒരു നിർദ്ധനകുടുംബത്തിന് പഞ്ചായത്ത് അംഗങ്ങളും, പൊതുപ്രവർത്തകരും ചേർന്ന് നൽകിയ സഹായത്തിൽ സാൻജിയോ ഓൾഡേജ് ഹോം ഭവൻ അംഗങ്ങളും പങ്കെടുത്തു. സി. ആൻസ് മാത്യു, സി. തെരസ് എന്നിവർ പഞ്ചായത്ത് മെമ്പർ ശ്രീ ആന്റണി മാർട്ടിനോട് സഹകരിച്ച് വീടും പരിസരവും വൃത്തിയാക്കുകയും, രോഗബാധിതയായ കുടുംബാംഗത്തിന്റെ ഉത്തരവാദിത്വം സാൻജിയോ ഓൾഡേജ് ഹോം ഏറ്റെടുക്കുകയും ചെയ്തു.
- കുന്നുംഭാഗം സാൻജിയോവാനി മഠാംഗമായ സി. ലീമാ റോസ് ശൗര്യാംകുഴി ജനുവരി 14 വ്യാഴം വെളുപ്പിനെ 1.30 ന് നിര്യാതയായി. വെള്ളി ഉച്ചകഴിഞ്ഞ് 1.30 ന് റവ.ഫാ. ഫ്രാൻസീസ് കുബ്ലാനി ഒ.എസ്.ബി വി. കുർബാന അർപ്പിക്കുകയും മൃതസംസ്ക്കാര ശുശ്രൂഷകൾ ഭവനത്തിൽ ആരംഭിക്കുകയും ചെയ്തു. 3.30 ന് പൊൻകുന്നം തിരുക്കുടുംബ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമാപനശുശ്രൂഷകൾ നടത്തുകയും ചെയ്തു.
- കപ്പാട് ജ്യോതിഭവൻ മഠാംഗമായ സി. റോസിലി പനന്തോട്ടത്തിൽ ജനുവരി 24 ഞായർ 6.30 ന് നിര്യാതയായി. ഞായർ ഉച്ചകഴിഞ്ഞ് 2.00 ന് റവ.ഫാ. അലോഷ്യസ് സി.എം.ഐ വി. കുർബാന അർപ്പിക്കുകയും റവ. ഫാ. അഗസ്റ്റിൻ പീടികമല എസ്.ജെ യുടെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്ക്കാര ശുശ്രൂഷകൾ ഭവനത്തിൽ ആരംഭിക്കുകയും ചെയ്തു. 3.30 ന് കപ്പാട് മാർ സ്ലീവാ ദൈവാലയത്തിൽ Proto - Syncellus റവ.ഡോ. ജോസഫ് വെള്ളമറ്റത്തിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ സമാപനശുശ്രൂഷകൾ നടത്തുകയും ചെയ്തു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- സുപ്പീരിയർ ജനറൽ സിസ്റ്റർ മേഴ്സി തോമസ് അമ്മംകുളം ഭവനം സന്ദർശിച്ചു.
- മേജർ സുപ്പീരിയേഴ്സിനുള്ള ഓൺലൈൻ (Zoom) സൂം

മീറ്റിംഗിൽ സുപ്പീരിയർ ജനറൽ സിസ്റ്റർ മേഴ്സി തോമസ് പങ്കെടുത്തു.

- നല്ലതണ്ണി മാർ സ്ലീവാ ദയറായുടെ സുപ്പീരിയർ ബഹുമാനപ്പെട്ട ഫാദർ സേവ്യർ കൂടപ്പുഴയുടെ, കൂവപ്പള്ളി അമൽ ജ്യോതിയിൽ വച്ച് നടത്തിയ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ ബഹുമാനപ്പെട്ട സുപ്പീരിയർ ജനറൽ സിസ്റ്റർ മേഴ്സി തോമസ് പങ്കെടുത്തു.
- സിസ്റ്റേഴ്സിനായി ജനറലേറ്റിൽ വച്ച് രണ്ടുബാച്ചായി നടത്തിയ ക്ലാസ്സിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. ബഹുമാനപ്പെട്ട ഫാദർ റോബിൻ വട്ടത്തറ ക്ലാസ്സുകൾ നയിച്ചു.
- അർഹനായ ഒരു വ്യക്തിക്ക് ഭവന നിർമ്മാണത്തിന് സഹായം നൽകി.
- കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ സിസ്റ്റർ സ്റ്റെല്ല മരിയ പങ്കെടുത്തു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- ബഹുമാനപ്പെട്ട സേവ്യർ കൂടപ്പുഴയച്ചന്റെ പൗരോഹിത്യ ജീവിതത്തിന്റെ അറുപതാമത് ജൂബിലി നിർമ്മലാ തിയോളജി കോളേജിനോട് ചേർന്ന് സമുചിതമായി ആഘോഷിച്ചു.
- ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സി. മേരി ഫിലിപ്പും ടീമംഗങ്ങളും അഭിവന്ദ്യ പിതാവിനെയും ബഹുമാനപ്പെട്ട പാസ്റ്ററൽ സെന്ററിലെ വൈദികരെയും സന്ദർശിച്ച് ക്രിസ്മസിന്റെ ആശംസകൾ അറിയിച്ചു.
- ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി സി. പ്രൊവൻഷ്യലും ടീമംഗങ്ങളും എല്ലാ ജീവകാരുണ്യ സ്ഥാപനങ്ങളും സന്ദർശിച്ച് അവർക്ക് ആശംസകൾ അർപ്പിച്ച് കേക്കും സമ്മാനങ്ങളും നൽകി.
- ക്രിസ്മസിനോടനുബന്ധിച്ച് രൂപതയിലെ പ്രിസൺ മിനിസ്ട്രിയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് പൊൻകുന്നം, പീരുമേട് ജയിലുകൾ സന്ദർശിച്ച് അവിടുത്തെ അംഗങ്ങൾക്കൊപ്പമുള്ള ക്രിസ്മസ് ആഘോഷത്തിൽ പങ്കുചേർന്നു.

- ക്രിസ്മസ് പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു. രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പട്ട ജോസഫ് വെള്ളമറ്റത്തിലച്ചൻ ബലിയർപ്പിച്ച് സന്ദേശം നൽകി. പുതുവത്സരവും സമുചിതമായി പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു.
- CHAI യുടെ നേതൃത്വത്തിൽ നടത്തിയ സൂം മീറ്റിംഗിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പ് തന്റെ കാനോനിക സന്ദർശനം വിവിധ മഠങ്ങളിൽ ആരംഭിച്ചു.

---

# സ്നേഹസ്മരണയ്ക്ക്



**സി. ലീമാ റോസ്**
**ശൗര്യാംകുഴി SABS**

ജനനം : 22 - 04 - 1949
ആദ്യവ്രതം : 19 - 04 - 1966
നിത്യവ്രതം : 18 - 04 - 1972
മരണം : 14 - 01 - 2021



**സി. റോസിലി**
**പനന്തോട്ടം SABS**

ജനനം : 24 - 01 - 1937
ആദ്യവ്രതം : 18 - 04 - 1963
നിത്യവ്രതം : 27 - 05 - 1968
മരണം : 24 - 01 - 2021



**സി. ഡോറ CMC**
**കുന്നുംപുറത്ത്‌വട്ടയ്ക്കാട്ട്**

ജനനം : 17 - 09 - 1935
ആദ്യവ്രതം : 08 - 04 - 1960
നിത്യവ്രതം : 09 - 05 - 1963
മരണം : 24 - 01 - 2021

# കെ.സി.എസ്.എൽ.

**വചനപാരായണം**

LKG മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി, ഏഴ് വിഭാഗങ്ങളിലായി ബൈബിൾപാരായണ മത്സരം നടത്തപ്പെട്ടു. 100 ലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. വചനവായനയുടെ വ്യക്തത യുടെയും ഉച്ചാരണശുദ്ധിയുടെയും അടിസ്ഥാനത്തിൽ വിജയികളെ തെരഞ്ഞെടുത്തു.

**ക്രിസ്മസ്സന്ദേശ പ്രസംഗമത്സരവിജയി**

ക്രിസ്മസ് സന്ദേശപ്രസംഗമത്സരത്തിൽ ഹൈസ്കൂൾ വിഭാ ഗത്തിൽ രൂപതാതലത്തിൽ ഒന്നാംസ്ഥാനവും സംസ്ഥാനതലത്തിൽ രണ്ടാംസ്ഥാനവും കരസ്ഥമാക്കിയ ഇഞ്ചിയാനിഹോളിഫാമിലി ഹൈസ്കൂൾ വിദ്യാർത്ഥിനി ഏയ്ഞ്ചൽ റോസ് ഷൈബുവിന് കാഞ്ഞി രപ്പള്ളി കെ.സി.എസ്.എൽ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**Declamation Contest (English)**

ക്ലാസ്സ് 5 മുതൽ 12 വരെയുള്ള കുട്ടികൾക്കായി Declamation മത്സരം നടത്തപ്പെടുന്നു.

Section 1 - Class 5-7 - My vision for India- Dr. A.P.J Abdul Kalam

Section 2 - Class 8-10 - Peter's Speech at Pentecost - Acts 2:14-36

Section 3 - Class 11-12 - India owes reparations from the British - Shashi Tharoor

അവതരണശൈലി, ആംഗ്യങ്ങളും ഭാവവും, ഉച്ചാരണം, വാക്കു കളുടെ വ്യക്തത എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യ നിർണ്ണയം.

**കെ.സി.എസ്.എൽ ക്വിസ്**

ക്ലാസ്സ് 8 മുതൽ 12 വരെയുള്ള കുട്ടികൾക്ക് രണ്ടു സെക്ഷനിലായിരിക്കും മത്സരം നടത്തപ്പെടുക.

Section 1 - Class 8 -10

Section 2 - Class 11-12

**വിഷയങ്ങൾ**

* General Knowledge (20%)
* Current Affairs (20%)
* ബൈബിൾ (30%)
* സഭ, കെ.സി.എസ്.എൽ (15%)
* ക്രിസ്തീയവേദോപദേശസംക്ഷേപം (10%)
* Fratelli Tutti സംക്ഷേപം (5%) - നൽകപ്പെടുന്ന Pdf ൽ നിന്നു മാത്രം

**Level 1**

100 ചോദ്യങ്ങൾ... സമയം 1 മണിക്കൂർ...

ഫെബ്രുവരി 7-ാം തീയതി 4 മുതൽ 5 വരെ.

ഓൺലൈനിലായിരിക്കും മത്സരം.

**Level 2**

ഓരോ സെക്ഷനിലും ആദ്യഘട്ടത്തിൽ വിജയിക്കുന്ന 10 പേർ മാത്രമായിരിക്കും അടുത്ത ഘട്ടത്തിലേക്ക് കടക്കുക.

മാതൃകാപരീക്ഷ ഫെബ്രുവരി 6-ാം തീയതി ശനിയാഴ്ച നടത്തുന്നതാണ്.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

**കർഷക വർഷാചരണം ഉദ്ഘാടനം ചെയ്തു**

കത്തോലിക്കാ കോൺഗ്രസ് 2021 കർഷക വർഷമായി ആചരിക്കുന്നതിന്റെ കാഞ്ഞിരപ്പള്ളി രൂപതാതല ഉദ്ഘാടനം 10.01.2021-ൽ റാന്നി പേഴുംപാറ തിരുഹൃദയ പള്ളിയിൽ നടന്നു. റാന്നി - പത്തനംതിട്ട ഫൊറോന സംഗമത്തിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി നിർവ്വഹിച്ചു. റാന്നി ഫൊറോനാ പ്രസിഡന്റ് ജിൻസ് പള്ളിക്കമ്യാലിൽ അദ്ധ്യക്ഷത വഹിച്ചു. പേഴുംപാറ ഇടവക വികാരി ഫാ. അജി അത്തിമൂട്ടിൽ, രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, കർഷക ഫോറം രൂപതാ കോ-ഓർഡിനേറ്റർ സണ്ണിക്കുട്ടി അഴകമ്പ്രായിൽ, മിനി സണ്ണി മണ്ണംപ്ലാക്കൽ, ടെസി ബിജു പാഴിയാങ്കൽ, രാജു കൂവനാൽ, വക്കച്ചൻ വാക്കയിൽ, ജെ. ശെൽവരാജ്, റിജോയ് പള്ളിക്കുന്നേൽ, ലീലാമ്മ കാരിക്കത്തറ എന്നിവർ പ്രസംഗിച്ചു. ലോക്ഡൗൺ കാലത്ത് രൂപതാസമിതി നടത്തിയ അടുക്കളത്തോട്ട മത്സര വിജയികൾക്ക് കാഷ് അവാർഡും ട്രോഫിയും സമ്മേളനത്തിൽ വിതരണം ചെയ്തു.

**കർഷകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു**

കർഷകബില്ലിനെതിരെ ഡൽഹിയിൽ സമരം നടത്തുന്ന കർഷകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ 04-01-2021 - ൽ കാഞ്ഞിരപ്പള്ളിയിൽ നടത്തിയ 'കർഷകജ്വാലാ സമരം' മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ റെജി കൊച്ചുകരിപ്പാപറമ്പിൽ, ജെയിംസ് പെരുമാക്കുന്നേൽ, മിനി സണ്ണി മണ്ണംപ്ലാക്കൽ, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ടെസി ബിജു പാഴിയാങ്കൽ, ജോസ് മടുക്കക്കുഴി എന്നിവർ പ്രസംഗിച്ചു.

## കർഷക ജ്വാലസമരം

ഡൽഹിയിലെ കർഷകപ്രക്ഷോഭത്തിന് പിന്തുണയുമായി കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ 19-12-2020 - ൽ സെക്രട്ടറിയേറ്റിനു മുമ്പിൽ 'കർഷക ജ്വാല' തെളിച്ചുകൊണ്ട് സമരം സംഘടിപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലത്തിന്റെ അദ്ധ്യക്ഷതയിൽ സാമ്പത്തിക വിദഗ്ദ്ധ ഡോ. മേരി ജോർജ് ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി, ഗ്ലോബൽ സമിതി ഭാരവാഹികൾ, വിവിധ രൂപതകളിൽ നിന്നെത്തിയ ഭാരവാഹികൾ പങ്കെടുത്തു. സമരത്തിന് പിന്തുണയുമായി വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളും കർഷകജ്വാലയിൽ പങ്കെടുത്തു. കാഞ്ഞിരപ്പള്ളി രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ നേതൃത്വത്തിൽ 25 അംഗങ്ങൾ പങ്കെടുത്തു.

## കാഞ്ഞിരപ്പള്ളി ഫൊറോനാ സമ്മേളനം

കാഞ്ഞിരപ്പള്ളി ഫൊറോനാ സമ്മേളനം കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് ജോസ് മടുക്കക്കുഴി അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി, പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് , ഫൊറോനായിൽ നിന്നുള്ള രൂപതാ ഭാരവാഹികൾ, വിവിധ യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. രൂപതാ സമിതിയുടെ സ്നേഹോപഹാരം ഗ്ലോബൽ പ്രസിഡന്റിന് സമ്മാനിച്ചു. ഫൊറോന ജനറൽ സെക്രട്ടറി പി.എം. ജോസഫ് പണ്ടാരക്കളം കൃതജ്ഞത രേഖപ്പെടുത്തി.

## എരുമേലി ഫൊറോനാസംഗമം

കത്തോലിക്കാ കോൺഗ്രസ് എരുമേലി ഫൊറോനാ സംഗമം 17-01-2021 - ൽ എരുമേലി അസംപ്ഷൻ ഫൊറോനാ ഓഡിറ്റോറിയത്തിൽ ഫൊറോന കോ-ഓർഡിനേറ്റർ ടോമിച്ചൻ പാലക്കുടിയുടെ അദ്ധ്യക്ഷതയിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. ഫൊറോനാ വികാരി ഫാ. സെബാസ്റ്റ്യൻ കൊല്ലംകു

ന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി. ജെയിംസ് പെരുമാകുന്നേൽ, ജോസ്. ജെ. വെട്ടിക്കാട്ട് എന്നിവർ പ്രസംഗിച്ചു. മാത്യൂസ് വെട്ടുക ല്ലാംകുഴി, ഷിജോ തോണിയാങ്കൽ, ജോർജ് ആലപ്പാട്ട് എന്നിവർ കോ-ഓർഡിനേറ്റർമാരായി ഫൊറോനായിലെ വിവിധ യൂണിറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**അനുശോചനയോഗം നടത്തി**

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ പ്രസി ഡന്റ് ദേവസ്യ കൊങ്ങോലയുടെ നിര്യാണത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ സമിതിയുടെ 18-01-2021 ൽ ചേർന്ന യോഗം അനുശോചനം രേഖപ്പെടുത്തി. പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, ജെയിംസ് പെരുമാക്കുന്നേൽ, ജോസ് മടു ക്കക്കുഴി, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, സാബു വട്ടോത്ത്, ഷാജി പുതി യാപറമ്പിൽ തുടങ്ങിയവർ ദേവസ്യ സാറിനെ അനുസ്മരിച്ചു.

**ഗ്ലോബൽ ഡയറക്ടറുടെ സന്ദർശനം**

കേരളത്തിലെ വിവിധ രൂപതകളിലെ ഭാരവാഹികളെ നേരിൽകണ്ട് സംഘടനാ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗ മായി കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി 22-12-2020 - ൽ കാഞ്ഞിരപ്പള്ളി രൂപതാ ഓഫീസ് സന്ദർശിച്ചു. ഗ്ലോബൽ സെക്രട്ടറി ബെന്നി ആന്റണിയും ഒപ്പം സന്നിഹിതരായിരു ന്നു. രൂപതാ ഭാരവാഹികളോടൊപ്പം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനെ സന്ദർശിച്ചു. തുടർന്നു നടന്ന രൂപതാ വർക്കിംഗ് കമ്മിറ്റി ഡയറക്ടർ ഫാ. ജിയോ കടവി ഉദ്ഘാടനം ചെയ്തു. രൂപതാ, ഫൊറോനാ ഭാരവാഹികൾ, വിവിധ ഫോറങ്ങളുടെ കോ-ഓർഡിനേറ്റേഴ്സ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

**കട്ടപ്പന ഫൊറോന**

കട്ടപ്പന ഫൊറോനയിൽ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തനങ്ങൾക്ക് തുടക്കമായി. കട്ടപ്പന സെന്റ് ജോർജ് ഫൊറോന പാരീഷ് ഹാളിൽ നടന്ന ഫൊറോനാ രൂപീകരണയോഗം രൂപതാ ഡയ റക്ടർ ഫാ. മാത്യു പാലക്കുടി, ഫ്രാൻസിസ് ജോസഫ് പെരികില ക്കാട്ടിലിന് മെമ്പർഷിപ്പ് നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. വിൽഫിച്ചൻ തെക്കേവയലിൽ സന്ദേശം നൽകി. രൂപതാ പ്രസി

ഡന്റ് ജോമി കൊച്ചുപറമ്പിൽ, ജെയിംസ് പെരുമാക്കുന്നേൽ, ജോഷി വർഗീസ് പുത്തൻപുരയ്ക്കൽ, തോമസ് കാവുങ്കൽ, ടോമി എബ്രഹാം വേഴമ്പത്തോട്ടം എന്നിവർ പ്രസംഗിച്ചു.

**ക്രിസ്മസ് ആഘോഷിച്ചു**

റാന്നി ഫൊറോനസമിതിയുടെ ആഭിമുഖ്യത്തിൽ റാന്നി ഇൻഫന്റ് ജീസസ് പാരീഷ് ഹാളിൽ വികാരി ഫാ. കുര്യാക്കോസ് അമ്പഴത്തിനാൽ കേക്ക് മുറിച്ചു ക്രിസ്മസ് ആഘോഷം ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ജിൻസ് പള്ളിക്കമ്യാലിൽ, ജനറൽ സെക്രട്ടറി വക്കച്ചൻ വാക്കയിൽ, രൂപതാ വൈസ് പ്രസിഡന്റ് രാജു കൂവനാൽ എന്നിവർ നേതൃത്വം നൽകി.

കത്തോലിക്കാ കോൺഗ്രസ് രൂപതാ മീഡിയാടീമിന്റെ നേതൃത്വത്തിൽ അംഗങ്ങൾ കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളേജിൽ ബർസാറും രൂപതാ ഡയറക്ടറുമായ ഫാ. മാത്യു പാലക്കുടിയോടൊപ്പം കേക്ക് മുറിച്ച് ക്രിസ്മസ് ആശംസകൾ നേർന്നു.

കത്തോലിക്കാ കോൺഗ്രസ് ചെങ്ങളം യൂണിറ്റിൽ വികാരി ഫാ. വർഗ്ഗീസ് കുളമ്പള്ളിൽ യൂണിറ്റ് പ്രസിഡന്റ് വി.ജെ. ആന്റണി ഇടപ്പാടിക്കരോട്ട്, രൂപതാ വൈസ് പ്രസിഡന്റ് റെന്നി ചക്കാലയിൽ എന്നിവരുടെ നേതൃത്വത്തിൽ ക്രിസ്മസ് ആഘോഷിച്ചു.

കറിക്കാട്ടൂർ സെന്റ് ആന്റണീസ് യൂണിറ്റിൽ നടന്ന ക്രിസ്മസ് ആഘോഷപരിപാടികൾ ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട പേഴുംപാറ യൂണിറ്റിലെ ക്രിസ്മസ് ആഘോഷങ്ങൾ വികാരി ഫാ. അജി അത്തിമൂട്ടിൽ കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്തു.

**കാർഷിക വർഷ പ്രഖ്യാപനം**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ രാഷ്ട്രീയ കാര്യസമിതി സമ്മേളനവും കർഷക വർഷ പ്രഖ്യാപനവും 04-01-2021 - ൽ നടന്ന സൂം കോൺഫറൻസിലൂടെ സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം അദ്ധ്യക്ഷത വഹിച്ചു. കത്തോലിക്ക കോൺഗ്രസ് ബിഷപ്പ് ലെഗേറ്റ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ മുഖ്യപ്രഭാഷണം നടത്തി. ഗ്ലോബൽ,

രൂപതാ ഭാരവാഹികൾ പങ്കെടുത്തു. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ച കത്തോലിക്ക കോൺഗ്രസ് അംഗങ്ങളെ യോഗത്തിൽ ആദരിച്ചു.

**മെമ്പർഷിപ്പ് കാമ്പയിൻ**

കത്തോലിക്കാ കോൺഗ്രസ് 2021 – 2024 കാലഘട്ടത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള സംഘടനാ തിരഞ്ഞെടുപ്പ് നടപടികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തിരഞ്ഞെടുത്ത കേന്ദ്ര ഇലക്ഷൻ ബോർഡിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. അതനുസരിച്ച്, ആദ്യഘട്ടമായി മെമ്പർഷിപ്പ് കാമ്പയിനും ശാഖാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും യൂണിറ്റുകളിൽ നടന്നുവരികയാണ്. ജനുവരി 31 –നു മുമ്പായി ശാഖാ തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ഫെബ്രുവരിയിൽ ഫൊറോന ഭാരവാഹികളുടെ തിരഞ്ഞെടുപ്പും തുടർന്ന് മാർച്ച് ഏപ്രിൽ മാസങ്ങളിലായി രൂപതാ, ഗ്ലോബൽ സമിതി ഭാരവാഹികളുടെ തിരഞ്ഞെടുപ്പും സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. കാഞ്ഞിരപ്പള്ളി രൂപതയിലെ തിരഞ്ഞെടുപ്പ് നടപടികൾ നിയന്ത്രിക്കുന്നതിന് ഗ്ലോബൽ സമിതിയുടെ അംഗീകാരത്തോടെ വരണാധികാരിയായി അഡ്വ. സോണി തോമസ് പുരയിടം ഉപവരണാധികാരിയായി ഫാ. മാത്യു പാലക്കുടി എന്നിവരെ നിയമിച്ചു.

**ജനപ്രതിനിധികളെ ആദരിച്ചു**

ഇക്കഴിഞ്ഞ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിവിധ ബ്ലോക്ക്, പഞ്ചായത്ത് വാർഡുകളിൽ നിന്നും വിജയിച്ച കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളായ ബിജു പത്യാല (കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്), ഷാജി പാമ്പൂരി (വാഴൂർ ബ്ലോക്ക് പഞ്ചായത്ത്), ജോമോൾ മാത്യു (പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്), സെൽവി വിത്സൻ (എലിക്കുളം ഗ്രാമപഞ്ചായത്ത്) റോസമ്മ പുളിക്കൽ (കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്) സോഫി ജോസഫ്, ജിജിമോൾ ഫിലിപ്പ് (പാറത്തോട് ഗ്രാമപഞ്ചായത്ത്) എന്നിവരെ രൂപതാ ഓഫീസിൽ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അനുമോദിച്ചു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**NABH പരിശോധന ജനുവരി 5-ാം തീയതി നടത്തപ്പെട്ടു**

ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യ ഹോസ്പിറ്റൽസിനായി നൽകുന്ന NABH (National Accredition Board for Hospitals & Health care providers)- ന്റെ ഓൺലൈൻ പരിശോധന ജനുവരി 5-ാം തീയതി നടത്തപ്പെട്ടു. ഹോസ്പിറ്റലിന്റെ ഓരോ ഡിപ്പാർട്ട്മെന്റുകളെയും പ്രവർത്തനത്തെയും ക്വാളിറ്റിപരിശോധനയ്ക്ക് വിധേയമാക്കി.

**BLS (Basic Life Support) ട്രെയിനിംഗ്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ മെഡിക്കൽ സ്റ്റാഫ് അംഗങ്ങൾക്കായി American Heart Association - ന്റെ സർട്ടിഫിക്കറ്റോടുകൂടി നടത്തപ്പെടുന്ന BLS ട്രെയിനിംഗ് ക്ലാസ് 2021 ജനുവരി 23, 24 തീയതികളിൽ നടത്തപ്പെട്ടു. Indian Institute of Emergency Medical Services - ന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ക്ലാസിൽ 30 നേഴ്സസ് പങ്കെടുത്തു.

**സി.റ്റി. സ്കാൻ യൂണിറ്റിന്റെയും നവീകരിച്ച ഐ.സി.യു.വിന്റെയും വെഞ്ചരിപ്പും ഉദ്ഘാടനവും ഫെബ്രുവരി ഒന്നാം തീയതി നിർവ്വഹിക്കപ്പെടും.**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ പുതിയതായി ആരംഭിക്കുന്ന സി.റ്റി. സ്കാൻ യൂണിറ്റിന്റെയും നവീകരിച്ച ഐ.സി.യു.വിന്റെയും വെഞ്ചരിപ്പുകർമ്മം കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് ഫെബ്രുവരി ഒന്നാം തീയതി നിർവ്വഹിക്കും. കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വെള്ളമറ്റം, വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാ

ക്കൽ, റവ. ബ്രദർ വിൻസെന്റ് കൊച്ചുകുന്നേൽ എന്നിവർ സന്നിഹിതരായിരിക്കും.

നൂതന സൗകര്യങ്ങളോടുകൂടിയ സിമൻസിന്റെ 32 സ്ലൈഡ് സി.ടി. സ്കാൻ യൂണിറ്റിന്റെ പ്രവർത്തനം 24 മണിക്കൂറും രോഗികൾക്ക് ലഭ്യമാക്കാം.

രണ്ട് ബ്ലോക്കുകളിലായി നവീകരിച്ച ഐ.സി.യു. യൂണിറ്റിൽ കൂടുതൽ വെന്റിലേറ്ററുകൾ, മോണിറ്ററുകൾ, മറ്റ് അത്യാധുനിക സൗകര്യങ്ങളും ലഭ്യമാണ്.

**HANDS (ബ്രോഷർ പ്രകാശനം)**

നിർദ്ധനരായ ഡയാലിസിസ് രോഗികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഹോസ്പിറ്റലിൽ ആരംഭിച്ച HANDS (Humanitarian Aid Network for Dialysis Sector) പദ്ധതിയുടെ ലോഗോ പ്രകാശനം കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് ഫെബ്രുവരി ഒന്നാം തീയതി നിർവ്വഹിക്കും.

**നവീകരിച്ച വെബ്സൈറ്റ് പ്രകാശനം**

ഹോസ്പിറ്റലിന്റെ നവീകരിച്ച വെബ്സൈറ്റ് കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഫെബ്രുവരി ഒന്നാം തീയതി ഉദ്ഘാടനം ചെയ്യും. www.mmthospital.com.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ലീജിയൻ ഓഫ് മേരി

കൊറോണ മഹാമാരിമൂലം ഒരു വർഷക്കാലമായി നമ്മുടെ ലീജിയൻ പ്രാർത്ഥനകൾ ഇടവകകളിൽ മാസം തോറുമുള്ള കമ്മീസിയം മീറ്റിംഗുകൾ ഇവ നടത്തുവാൻ സാധിക്കാതെ വന്നിരിക്കുകയാണ്. എങ്കിലും ഏതാനും ഇടവകകളിൽ ഇപ്പോഴും പ്രാർത്ഥനകൾ നടത്തുന്നതായിട്ട് മനസ്സിലാകുന്നു. കൂടാതെ അംഗങ്ങൾ സ്വന്തം വീടുകളിൽ പ്രാർത്ഥനകൾ ചൊല്ലി കഴിയുന്നുണ്ട്. നമ്മുടെ ലീജിയന്റെ ആദ്ധ്യാത്മികനിയന്താവായിരുന്ന വെരി റവ. ഫാ. ജസ്റ്റിൻ പഴേപറമ്പിൽ എലിക്കുളം ഉണ്ണിമിശിഹാ പള്ളിയുടെ വികാരിയായി സ്ഥലം മാറി പോയതിനാൽ തൽസ്ഥാനത്തേയ്ക്ക് റവ. ഫാ. പ്രസാദ് കൊണ്ടൂപ്പറമ്പിലിനെ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിയമിക്കുകയുണ്ടായി. ആയതിന് അഭിവന്ദ്യ പിതാവിന് എല്ലാ ലീജിയൻ അംഗങ്ങളുടെയും പേരിൽ നന്ദിയർപ്പിക്കുന്നു.

ഈ കൊറോണ മഹാമാരി എത്രയുംവേഗം നീങ്ങിക്കിട്ടുന്നതിനും നമ്മുടെ സമ്മേളനങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിനും പ്രത്യാശയോടെ നമുക്ക് ഒത്തൊരുമിച്ച് പ്രാർത്ഥിക്കാം.

**സെക്രട്ടറി**

# ഡി.സി.എം.എസ്.

- T.S.D.T.P. (റ്റാലന്റ്സ് സ്കിൽ ഡെവലപ്പ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം) - ന്റെ ക്യാമ്പ് കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാൻ ഡയറക്ടറും പ്രസിഡന്റും കോട്ടയത്തു വച്ച് നടത്തിയ മീറ്റിംഗിൽ പങ്കെടുത്തു.
- K.C.B.C., SC, ST/ BC കമ്മീഷന്റെ നേതൃത്വത്തിൽ നടത്തുന്ന സിംഫണി ആർട്സ് എന്ന പ്രോഗ്രാമിൽ കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നും 20 കുട്ടികൾ പങ്കെടുത്തു.
- കാഞ്ഞിരപ്പള്ളി എസ്.എച്ച്. പ്രൊവിൻസ് കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസ്. കുട്ടികൾക്കുവേണ്ടി നടത്തുന്ന 'സാഫല്യ' എന്ന വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ഉദ്ഘാടനം മാർ ജോസ് പുളിക്കൽ പിതാവ് നിർവ്വഹിച്ചു. ഡി.സി.എം.എസ്. സംഘടനയിൽ നിന്നും 30 കുട്ടികളെ ആണ് തിരഞ്ഞെടുത്തത്. 5, 6 ക്ലാസിലെ കുട്ടികളെ തിരഞ്ഞെടുത്ത് പ്ലസ് ടു വരെയുള്ള സമയത്ത് വിദ്യാഭ്യാസ സഹായം ചെയ്യുന്നു. ഒപ്പം കുട്ടികളുടെ മാതാപിതാക്കന്മാരും പണം കുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. അങ്ങനെ കുട്ടികൾക്കായി parents- ഉം കൂടി നിക്ഷേപതുക കണ്ടെത്തി സാഫല്യ എന്ന പ്രോഗ്രാമിൽ സഹകരിക്കും. ഒപ്പം ഈ പ്രോഗ്രാമിലൂടെ എസ്.എച്ച്. സിസ്റ്റേഴ്സ് കുട്ടികൾക്ക് ക്യാമ്പുകളും കുട്ടികളുടെ മാതാപിതാക്കന്മാർക്ക് വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകളും നടത്തുന്ന ഒരു പദ്ധതിയാണ് സാഫല്യ.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭ കാഞ്ഞിരപ്പള്ളി രൂപതാ പ്രതിനിധികൾ 31-01-2021 ഉച്ചകഴിഞ്ഞ് ചോറ്റി നിർമ്മലാരാം ആശ്രമ ഓഡിറ്റോറിയത്തിൽ കൂടി തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ എല്ലാ ഭാതൃത്വങ്ങളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് യോഗങ്ങളും പ്രാർത്ഥനകളും നടത്തിവരുന്നു.

കോവിഡ്കാല പശ്ചാത്തലത്തിൽ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുവാൻ സാധിക്കാതിരുന്ന പല ഭാതൃത്വ അംഗങ്ങളും ഏതാനും അംഗങ്ങൾ ഒന്നിച്ചുകൂടി പ്രത്യേക പ്രാർത്ഥനകൾ നടത്തിവന്നിരുന്നു. എന്നാൽ എല്ലാവർക്കും വീണ്ടും ഒന്നിച്ചു ചേർന്ന് പ്രാർത്ഥനകൾ നടത്തുവാൻ അനുവദിച്ച ദൈവത്തിന് അംഗങ്ങൾ പ്രത്യേകം കൃതജ്ഞത അർപ്പിച്ച് പ്രാർത്ഥിച്ചു.

രൂപതാ ലവലിൽ രണ്ടാം ശനിയാഴ്ചകളിൽ നടത്തിവന്നിരുന്ന ഭാതൃത്വ പ്രതിനിധികളുടെ യോഗം 2021 ഫെബ്രുവരി മാസം 13-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് രൂപതാ ഓഫീസിനോട് ചേർന്നുള്ള ഹാളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൂടുന്നതാണ്. സാധിക്കുന്ന എല്ലാ ഭാതൃത്വങ്ങളുടേയും പ്രതിനിധികൾ പ്രസ്തുതയോഗത്തിൽ പങ്കെടുക്കുമല്ലോ. രൂപതാ ഡയറക്ടർ റവ. ഫാ. ജെയിംസ് ചൂരമന OFM (Conv.) ഇപ്പോഴത്തെ സാഹചര്യങ്ങൾ വിശദീകരിച്ച് സംസാരിക്കുന്നതാണ്.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

നമ്മുടെ 43-ാം വാർഷികസമ്മേളനം 2021 ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച രാവിലെ 10.30-ന് കുന്നുംഭാഗത്തുള്ള ഓസാനാം വിദ്യാഭവനിൽ വച്ചു നടത്തപ്പെടുന്നതാണ്. മുൻവർഷങ്ങളിലേതു പോലെ പൊതുവായി എല്ലാ അംഗങ്ങളെയും കൂട്ടി വിപുലമായ രീതി യിൽ സമ്മേളനം നടത്താൻ സാധിക്കാത്തതിനാൽ സിസി അംഗങ്ങളെ മാത്രം പങ്കെടുപ്പിച്ചുകൊണ്ടായിരിക്കും സമ്മേളനം നടത്തുന്നത്. രാവിലെ 10.30-ന് സമ്മേളനം ആരംഭിക്കും. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്ത് അനു ഗ്രഹപ്രഭാഷണം നടത്തുന്നതാണ്. എലിക്കുളം ഉണ്ണിമിശിഹാ കോൺഫ്രൻസ് ജൂബിലി സ്മാരകമായി ഏർപ്പെടുത്തിയ ബെസ്റ്റ് കോൺഫ്രൻസ് അവാർഡും അഭിവന്ദ്യ പിതാവ് നൽകുന്നതാണ്. നമ്മുടെ സംഘടനയുടെ അഭിമാന സ്ഥാപനമായ ഓസാനാം വിദ്യാ ഭവനിൽ അഭിവന്ദ്യ പിതാവ് ആദ്യമായി സന്ദർശനം നടത്തുന്നു എന്നു ള്ളതും നമുക്ക് അഭിമാനം ഉളവാക്കുന്നു. സിസി ആദ്ധ്യാത്മികോപ ദേഷ്ടാവ് പെരിയ ബഹുമാനപ്പെട്ട വർഗ്ഗീസ് പരിന്തിരിക്കലച്ചൻ ആമുഖ സന്ദേശം നൽകുന്നതുമാണ്. സിസി പ്രസിഡന്റ് ബ്ര.എം. എം.ജോർജ്ജ് അദ്ധ്യക്ഷനായിരിക്കും. 43-ാം വാർഷിക റിപ്പോർട്ട് സെക്രട്ടറി ജോസഫ് എം.ജെ. യോഗത്തിൽ അവതരിപ്പിക്കും. ഈ യോഗത്തിലേയ്ക്ക് എല്ലാ സിസി അംഗങ്ങളും കൃത്യസമയത്തുതന്നെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

കെ.സി.ബി.സി ദളിത് കമ്മീഷനും കാഞ്ഞിരപ്പള്ളി രൂപതയും സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും ചേർന്ന് സംയുക്ത

മായി നടപ്പിലാക്കിയ ഭവന പദ്ധതി പ്രകാരം അഞ്ചിലിപ്പ ഇടവകയിൽ ശ്രീ സുരേഷ് ഇരുമ്പുകുത്തിയിലിന് നിർമ്മിച്ചു നൽകുന്ന വീടിന്റെ വെഞ്ചരിപ്പു കർമ്മം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് 2021 ഫെബ്രുവരി 3-ാം തിയതി ബുധനാഴ്ച 4 മണിക്ക് നിർവഹിക്കുന്നതാണ്. വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ഇടവക വികാരി റവ. ഫാ. സെബാസ്റ്റ്യൻ ഉള്ളാട്ട്, ഡി.സി.എം.എസ്. രൂപതാ ഡയറക്ടർ റവ. ഫാ. ജോസുകുട്ടി ഇടത്തിനകം, കോർപ്പറേറ്റ് മാനേജർ റവ. ഫാ. ഡോമിനിക്ക് അയലൂപ്പറമ്പിൽ, വിൻസെന്റ് ഡി പോൾ രൂപതാ പ്രതിനിധികൾ എന്നിവരും പങ്കെടുക്കുന്നതാണ്. ഈ മഹത്തായ സംരംഭത്തിന് ഉദാരമായി സംഭാവന നൽകിയ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരെയും ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചനധ്യാനം**

തമ്പലക്കാട് ധ്യാനകേന്ദ്രത്തിൽ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ പതിവുപോലെയുള്ള ധ്യാനം അസാധ്യമായതിനാൽ 5 ദമ്പതികൾക്കുവീതം പങ്കെടുക്കത്തക്കവിധം ആഴ്ചയിൽ രണ്ടുധ്യാനം നടത്തുന്നുണ്ട്. അത്യാവശ്യമുള്ളവർ താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക.

9447302389, 9447870249

**ജീസസ് ഫ്രട്ടേണിറ്റി**

ജയിൽ ദിനാഘോഷം : ജനുവരി 6-ാം തീയതി ബുധനാഴ്ച ബഹു. സെബാസ്റ്റ്യൻ പെരുനിലം അച്ചൻ പൊൻകുന്നം ജയിൽ ദിനാഘോഷങ്ങളിൽ പങ്കെടുക്കുകയും ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

ജനുവരി 9-ാം തീയതി ശനിയാഴ്ച കോട്ടയം ജയിൽദിനാഘോഷപരിപാടികളോടനുബന്ധിച്ച് 'മദ്യം അപകടകരം - കുറ്റകൃത്യങ്ങൾക്ക് അടിസ്ഥാനം' എന്ന വിഷയത്തെപ്പറ്റി ബഹു. സെബാസ്റ്റ്യൻ പെരുനിലം അച്ചൻ ക്ലാസ് നയിച്ചു. കാഞ്ചിയാർ രാജൻ അനുഭവങ്ങൾ പങ്കുവച്ചു സംസാരിച്ചു.

ജനുവരി 11-ാം തീയതി തിങ്കൾ, പീരുമേട് ജയിൽ ദിനാഘോഷങ്ങളിൽ ബഹു. സെബാസ്റ്റ്യൻ പെരുനിലംഅച്ചൻ പങ്കെടുക്കുകയും ആശംസകൾ നേർന്ന് സംസാരിക്കുകയും ചെയ്തു. ആഘോഷങ്ങളുടെ ചെലവിലേക്ക് അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് സംഭാവനയായി നൽകിയ 5000/- രൂപാ ജയിൽ സൂപ്രണ്ടിനെ ഏല്പിച്ചു.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

**പുത്തൻപുസ്തകം**

**1. ചാഞ്ഞുപെയ്യുന്ന ഓർമ്മകൾ : സിലു ബെന്നി**

പേജ്: 84/ വില: 90/ പതിപ്പ്:1

കഴിഞ്ഞ തലമുറ ആസ്വദിച്ച പഴയനാളുകളുടെ വിലമതിക്കാനാവാത്ത മൂല്യങ്ങൾ പുതുതലമുറയ്ക്ക് പകർന്നു കൊടുക്കാൻചുറ്റുപാടുകളിൽനിന്നും ജീവിതാനുഭവങ്ങളിൽനിന്നും കണ്ടെത്തിയ സ്നേഹത്തിന്റെ, നന്മയുടെ, തിരുത്തലുകളുടെ നൊസ്റ്റാൾജിക് പ്രതിഫലനങ്ങൾ. ലളിതസുന്ദരശൈലിയിൽ ചിത്രകലാ അകമ്പടിയോടെ അക്ഷരമുത്തുകളാക്കി ഒരുക്കിയ മികച്ച കൃതി.

**2. സൈബർ സെയിന്റ് : സി. ടെസി മരിയ എഫ്.സി.സി**

പേജ്: 112/ വില: 90/ പതിപ്പ്:1

ദിവ്യകാരുണ്യത്തിന്റെ സൈബർ അപ്പസ്തോലനും മിഷണറിയുമായിരുന്ന പതിനഞ്ചുകാരൻ. ടീഷർട്ടും, ജീൻസും, സൺഗ്ലാസ്സും ധരിച്ച്, പന്തുകളിയും വീഡിയോഗെയിമും, കോമിക്കും ഇഷ്ടവിനോദമാക്കിയ ചുള്ളൻ – കുമ്പസാരം സ്വർഗത്തിലേയ്ക്കുള്ള ഒറ്റമൂലിയാക്കി അനുദിനം ദിവ്യബലിക്കണഞ്ഞ ഈശോയുടെ ചങ്ക്ബ്രോ–മണിക്കൂറുകൾ കംപ്യൂട്ടറിനോടൊപ്പമെങ്കിൽ മണിക്കൂറുകൾ ജപമാലയ്ക്കും വിനിയോഗിച്ച ന്യൂജെൻകിഡ്. ആഘോഷങ്ങളെ ദൈവികസംവിധാനങ്ങളുടെ സംപ്രേക്ഷകനാക്കി ടെക്നോളജി യുഗത്തിൽ കൗമാര,യൗവനക്കാർക്ക് ന്യൂജെൻമാതൃക കാട്ടിയ വിശുദ്ധന്റെ ജീവചരിത്രഗ്രന്ഥം! യുവതയ്ക്കു വഴികാട്ടാൻ, സമ്മാനമേകാൻ ഉത്തമം.

**3.അനുഗ്രഹബിന്ദുവിലേയ്ക്ക് ഒരു തീർത്ഥയാത്ര :**

**ഡോ. ത്രേസ്യാക്കുട്ടി തോമസ്**

പേജ്: 128/ വില: 250/ പതിപ്പ്:1

ഭിന്നശേഷിക്കാരുടെ അത്താണിയായി ഇന്ത്യമുഴുവൻ നിറഞ്ഞു നിൽക്കുന്ന നല്ല സമറായക്കാരി തന്റെ ജന്മസാഫല്യം തേടിയുള്ള ജീവിതതീർത്ഥാടനത്തെ ഉൾക്കാഴ്ചയോടെ അവതരിപ്പിച്ചിരിക്കുന്ന ചെറുപാഠപുസ്തകം. സഹയാത്രികർക്ക് വഴിവിളക്കും മാർഗ്ഗദർശനവുമാകുന്ന ആത്മകഥ.

**പണിപ്പുരയിൽ**

1. **വെളിച്ചത്തിന്റെ പോരാളികൾ : ഫാ. നൗജിൻ വിതയത്തിൽ**

ബൈബിൾകഥകൾ, വിശുദ്ധജീവിതങ്ങൾ, പരിസ്ഥിതി, ആനുകാലിക സംഭവങ്ങൾ തുടങ്ങി വിവിധവിഷയങ്ങൾ നാടകരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ആഘോഷ അവസരങ്ങളിലും മത്സരവേദികളിലും അരങ്ങുണർത്തുവാൻ മികച്ച നാടകരചനാശേഖരം.

2. **വിടരാൻ വെമ്പുന്ന പൂമൊട്ടുകൾ : വിൻസെന്റ് ആനിക്കാട്**

സ്കൂൾ, സൺഡേസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് മത്സരവേദികളിലും, ആഘോഷാവസരങ്ങളിലും അവതരിപ്പിനാവുംവിധം വിവിധ വിഷയങ്ങൾ ഉൾക്കൊള്ളിച്ച് രചിച്ചിരിക്കുന്ന ലഘുനാടക സമാഹാരം.

**2. എന്റെയും ഈശോയുടെയുംഅപ്പച്ചൻ : ജെ. മതിയത്ത്**

**(എഡിറ്റർ)**

തിരുക്കുടുംബനായകനായ മാർയൗസേപ്പിതാവിന്റെ വിശുദ്ധജീവിതവഴികൾ പരിചയപ്പെടുത്തുന്ന സചിത്രഗ്രന്ഥം.

**ഫാ. ജസ്റ്റിൻ മതിയത്ത്**
**അസി. ഡയറക്ടർ**

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**ഡയറക്ടർ**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ (1098)**

ഡിസംബർ മാസത്തിൽ 18 കേസുകൾ റിപ്പോർട്ട് ചെയ്തു. 18 കേസുകളും CWC (ചൈൽഡ് വെൽഫയർ കമ്മിറ്റി)യ്ക്ക് സമർപ്പിച്ചു. കേസുകൾക്ക് CWC യിൽ നിന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. കഴിഞ്ഞ മാസങ്ങളിലെ കേസുകളുടെ follow-up കൾ നടത്തി.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന 2 കുട്ടികൾക്ക് ഭക്ഷ്യകിറ്റും ഡ്രസ്സും വാങ്ങി നല്കി.

**അവേർനസ് പ്രോഗ്രാം**

ചിറക്കടവ് പഞ്ചായത്തിൽ ICDS സൂപ്പർവൈസർ സിന്ധു മാധത്തിന്റെ സഹായത്തോടെ അംഗൻവാടി ടീച്ചേഴ്സിനായി ഒരു ഓൺലൈൻ ബോധവൽക്കരണപരിപാടി സംഘടിപ്പിച്ചു. 40 ടീച്ചേഴ്സ് പരിപാടിയിൽ പങ്കെടുത്തു. ഈ കൊറോണാ കാലഘട്ടത്തിൽ ഓൺലൈൻ സംവിധാനവും സമൂഹമാധ്യമങ്ങളും തമ്മിലുള്ള പങ്ക്, കൗൺസിലിംഗ് എന്നീ വിഷയത്തെ ആസ്പദമാക്കിയാണ് ക്ലാസ് നടന്നത്. മരിയൻ കൗൺസിലിംഗ് സെന്റർ സി. റ്റെസിൻ CMC ആണ് ക്ലാസുകൾ നയിച്ചത്. ചൈൽഡ് ലൈൻ വിഷയാവതരണവും നടത്തുകയുണ്ടായി.

**Open House**

ചിറക്കടവ് പഞ്ചായത്ത് 10, 11 വാർഡിലെ അംഗൻവാടിയിൽ വച്ച് ഈ മാസം അവസാനം Open House എന്ന പരിപാടി നടത്തും.

**സാമ്പത്തിക സഹായം**

വിദ്യാഭ്യാസ സഹായമായി 1,50,000 രൂപാ അർഹതപ്പെട്ടവർക്കു കൊടുത്തു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**കണ്ടെയ്മെന്റ് സോണുകളിലേയ്ക്ക് സഹായം**

കാഞ്ഞിരപ്പള്ളി, എരുമേലി പഞ്ചായത്തുകളിലെ കണ്ടെയ്മെന്റ് സോണുകളിൽപ്പെട്ട കുടുംബങ്ങൾക്ക് ആവശ്യമായ പാലും ബ്രഡും വിതരണം ചെയ്തു.

**ചികിത്സാസഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി ഈ മാസം 3,06,374/- രൂപ നൽകി.

**മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ**

എം.എം.റ്റി. ഹോസ്പിറ്റലിലൂടെ നിർധനരായ രോഗികൾക്ക് സഹായമായി 1,70,392/- രൂപ നൽകി

**ആശാനിലയം പൊൻകുന്നം**

ശാരീരികമായും മാനസികമായും പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി പൊൻകുന്നത്തു പ്രവർത്തിക്കുന്ന ആശാനിലയം സ്കൂളിന്റെ ദൈനംദിന ചിലവുകൾക്കായി 3,30,000/- രൂപ ചിലവഴിച്ചു.

**ഡെയർ പീരുമേട്**

മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ രോഗികളുടെ ചികിത്സയ്ക്കായി പീരുമേട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഡെയറിന് സഹായമായി 1,00,000/- രൂപ നൽകി

**പെനുവേൽ ഇമ്മാനുവേൽ ചാരിറ്റബിൾ ട്രസ്റ്റിന് സഹായം**

പെനുവേൽ ഇമ്മാനുവേൽ ചാരിറ്റബിൾ ട്രസ്റ്റിന് ധനസഹായമായി 6,00,000/- രൂപ നൽകി.

**ഭവനനിർമ്മാണ സഹായം**

ചോറ്റി, മുണ്ടക്കയം, പറത്താനം, പുറക്കയം, ചാത്തൻതറ, എലിവാലിക്കര, നെയ്യാട്ടുശ്ശേരി, മേലോരം, കറിക്കാട്ടൂർ, റാന്നി-ഇടമൺ, കോരുത്തോട്, ചെമ്പകപ്പാറ, ശാന്തിഗിരി, പൂവരണി എന്നീ സ്ഥലങ്ങളിലുള്ള നിർധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 17,70,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 4,28,482/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാനവർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 4,02,690/- രൂപ ഈ മാസം ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യപദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ 2021 ജീവകാരുണ്യ പദ്ധതിയിലേക്ക് പുതിയ അപേക്ഷകൾ സ്വീകരിക്കുന്നു. ഒരു ഇടവകയിൽ നിന്നും ഏറ്റവും അർഹതയുള്ള ഒരു കുടുംബത്തിനെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. 2021 ഫെബ്രുവരി മുതൽ 2022 ജനുവരി വരെയാണ് ഈ കുടുംബങ്ങൾക്ക് കരുതൽ പദ്ധതി വഴി സാമ്പത്തിക സഹായം നൽകുന്നത്. പൂരിപ്പിച്ച അപേക്ഷകൾ ജനുവരി മാസം 22-ാം തീയതിക്ക് മുൻപായി നൽകേണ്ടതാണ്.

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

- തുടർചികിത്സ ആവശ്യമായ മാരകരോഗങ്ങൾ ബാധിച്ച് കിടപ്പിലായ രോഗിയും കുടുംബവും അനുഭവിക്കുന്ന സാമൂഹ്യവും സാമ്പത്തികവും ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ പ്രാദേശിക സമൂഹത്തിന്റെ സഹായത്തോടും പങ്കാളിത്തത്തോടും കൂടി ലഘൂകരിക്കുക.
- സഹായം ആവശ്യമായ അയൽക്കാരനോടുള്ള നിർവ്വികാരത പാപ

മാണെന്ന തിരിച്ചറിവോടെ മറ്റുള്ളവരുടെ വേദനകളിലും പ്രയാസങ്ങളിലും സഹായത്തിന്റെ കരം നീട്ടുവാൻ സാമൂഹ്യാവബോധവും സഹാനുഭൂതിയുമുള്ള കനിവിന്റെ കരുതലിന്റെ കൂട്ടായ്മകൾ ഇടവകാതലത്തിൽ രൂപീകരിക്കുക.

- ആദിമക്രൈസ്തവ സഭാ സമൂഹത്തിന്റെ ചൈതന്യത്തിൽ യഥാർത്ഥ പങ്കുവയ്പ് അനുഭവത്തിലേയ്ക്ക് നിസ്വാർത്ഥമായി കടന്നുവന്ന് സമ്പത്തും സമയവും സാധ്യതകളും പാവപ്പെട്ടവരുമായി പങ്കുവയ്ക്കുക എന്നത് ഓരോരുത്തരുടെയും കടമയും ഉത്തരവാദിത്വവുമാണെന്ന അവബോധം ഇടവകാ സമൂഹത്തിൽ വളർത്തിയെടുക്കുക.
- രോഗിയുടെ ജീവൻ എങ്ങനെയും നിലനിർത്തുക എന്ന ചിന്താഗതിക്കപ്പുറം, അവസാനംവരെയും രോഗിക്കും കുടുംബത്തിനും മെച്ചപ്പെട്ടതും ആശ്വാസകരവുമായ ജീവിതം പ്രദാനം ചെയ്യുക.

**ഇൻഫാം**

പാറത്തോട് എം.ഡി.എസ്. ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തിയ മീറ്റിംഗിൽ കാർഷിക ജില്ലാ പ്രസിഡന്റ് അഡ്വ. ഏബ്രാഹം പന്തിരുവേലിൽ, കാർഷിക താലൂക്ക് ഡയറക്ടർമാരായ ഫാ. സെബാസ്റ്റ്യൻ പെരുനിലം, ഫാ. വർഗീസ് കുളമ്പള്ളി, ഫാ. ജെയിംസ് വെൺമാന്തറ, ഫാ. റോബിൻ പട്രക്കാലായിൽ, ഫാ. ദേവസ്യാ തൂമ്പുങ്കൽ, ഫാ. വർഗീസ് കാക്കല്ലിൽ, ഫാ. റോയി നെടുംതകിടി, ഫാ. ദീപു അനന്തക്കാട്ട്, ഫാ. സിൽവാനോസ് മഠത്തിനകം, ശ്രീ. ബെന്നി വരിക്കമാക്കൽ, ശ്രീ. ജോയി കട്ടക്കയം, ശ്രീ. ജോസ് പതിക്കൽ എന്നിവർ പങ്കെടുത്തു.

**പത്തായം നിറയ്ക്കൽ പദ്ധതി വിളവെടുപ്പ്**

കേരളത്തിന്റെ ഭാവി ഭദ്രതയ്ക്കുവേണ്ടി ഭക്ഷ്യവിഭവങ്ങളുടെ കാര്യത്തിൽ കർഷകർ സ്വയം പര്യാപ്തത നേടണമെന്നും തരിശായി കിടക്കുന്ന ഭൂമികൾ കൃഷിക്കുവേണ്ടി ഉപയോഗിക്കണമെന്നും ഉള്ള ലക്ഷ്യത്തോടെ ആരംഭിച്ച പത്തായം നിറയ്ക്കൽ പദ്ധതിയുടെ ഭാഗമായി കൃഷി ചെയ്ത ഏത്തക്കുല, പച്ചക്കപ്പ എന്നിവയുടെ സംഭരണം ഇൻഫാം യൂണിറ്റുകൾ വഴി നടത്തിവരുന്നു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ, ജനുവരി മാസങ്ങളിലായി വിവിധ ഗ്രാമതലങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി ഡി എസ് ഓർഗാനിക് സ്പൈസസ്**

NPOP, NOP, EU, JAS, Biosuise, എന്നിവയുടെ CUC ഓർഗാനിക് സർട്ടിഫിക്കേഷൻ പുതുക്കി.

**കമ്മ്യൂണിറ്റി ഡെവലപ്മെൻറ് ഡിപ്പാർട്ട്മെൻറ്**

**ഗ്രാമ തല പ്രവർത്തനങ്ങളുടെ ശാക്തീകരണം:**

ഗ്രാമതല പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി രണ്ട് റീജിയനൽ കോ-ഓർഡിനേറ്റർമാർ ഒന്നിച്ച് ഓരോ യൂണിറ്റുകളും സന്ദർശിക്കുകയും രജിസ്റ്ററുകളും മറ്റു പ്രവർത്തനങ്ങളും വിലയിരുത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തിൽ നടത്തുന്ന യൂണിറ്റ് സന്ദർശനം നടന്നുകൊണ്ടിരിക്കുന്നു.

**Eshakti**

നബാർഡ് വിഭാവനം ചെയ്ത SHG യുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായുള്ള Eshakti പ്രൊജക്ടിൽ ജനുവരി മാസത്തെ കണക്കുകൾ enter ചെയ്തു.

**വന ജ്യോതിസ്:**

**Project on strengthening indigenious communities in Kerala**

KKS/BMZ/PDS-Vanajyothis 2020 - 2023:

ആദിവാസി ശാക്തീകരണ വികസന പദ്ധതിയുടെ ഭാഗമായ വനജ്യോതിസ് 2020 - 2023 പ്രോജക്റ്റിന്റെ ആദ്യ ക്വാർട്ടർ 2020 ഡിസംബർ 31 ൽ പൂർത്തിയാക്കി

വന ജ്യോതിസ് പദ്ധതിയുടെ ഭാഗമായി 9 വിഷയങ്ങളിലായി 34 ട്രെയിനിംഗുകൾ കോഴിമല, കൊമ്പുകുത്തി, എരുത്വാപ്പുഴ, കണ്ണംപടി എന്നീ ആദിവാസിമേഖലകളിൽ നടത്തി. 34 ട്രെയിനിംഗുകളിലായി 638 അംഗങ്ങൾ പങ്കെടുത്തു.

**വനജ്യോതിസ് പദ്ധതിയുടെ ആദ്യ ക്വാർട്ടറിൽ പൂർത്തിയാക്കിയ പദ്ധതികൾ :**

1. Renovation of openwells (3)
2. Rainwater Harvesting tank (1)
3. Dairy Unit (1)
4. Cattle Shed (1)
5. Stringless Beehive (23)
6. Cultivation Traditional Food Crops and Vegetables (32)
7. Indigenious Seedfarms (3)
8. Stone Bunds (459 su.ft)
9. Collection Center for FPO (1,കട്ടപ്പന)
10. Community DrinkingWater Scheme (1: ചെന്നിനായ്ക്കുംകുടി)

കമ്മ്യൂണിറ്റി ഡ്രിങ്കിങ് വാട്ടർ സ്കീമിൽ ഉൾപ്പെടുത്തി ചെന്നിനായ്കുംകുടി വാട്ടർ പ്രൊജക്റ്റ് പൂർത്തിയാക്കി.

ചെന്നിനായ്ക്കുംകുടി വാട്ടർ പ്രൊജക്റ്റ് ഉദ്ഘാടനം പി ഡി എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്ത് പുരയിടം, കാഞ്ചിയാർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനിമോൾ, ചെന്നിനായ്ക്കുംകുടി ഊരുമൂപ്പൻ ശ്രീ. ദിവാകരൻ എന്നിവർ ചേർന്ന് 2021 ജനുവരി 5 ന് നിർവഹിച്ചു. 27 കുടുംബങ്ങൾ, അമ്പലം, അംഗൻവാടി, എന്നിവർ പദ്ധതി പ്രയോജനപ്പെടുത്തുന്നു.

**ഹൈടെക് കോഴിക്കൂട് വിതരണം ചെയ്തു**

സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്ക് വരുമാന ദായക പദ്ധതികൾ കണ്ടെത്തുന്നതിന്റെ ഭാഗമായുള്ള ഹൈടെക് കോഴിക്കൂടുകളുടെ 39 യൂണിറ്റുകൾ കട്ടപ്പന കുമളി റീജനുകളിൽ വിതരണം ചെയ്യുകയുണ്ടായി.

**SHG ലീഡേഴ്സ് ട്രെയിനിങ്**

പത്തനംതിട്ട റീജിയണിലെ സമീപപ്രദേശങ്ങളിലെ 5 യൂണിറ്റിലെ സ്വയം സഹായ സംഘങ്ങളുടെ പ്രതിനിധികളെ

വിളിച്ചുകൂട്ടി പ്രവർത്തനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടി എരുത്വാപ്പുഴയിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി.

**Save a Family Plan**

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ എല്ലാ ജോലികളും പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചു. പ്രോജക്ട് പൂർത്തീകരിച്ചു.

**സാമ്പത്തിക സഹായങ്ങൾ**

വരുമാനദായക പ്രവർത്തനങ്ങൾക്കായി 450000/രൂപയും വിദ്യാഭ്യാസ സഹായം ആയി 75000/രൂപയും ഭവന നിർമ്മാണത്തിനായി 375000/രൂപയും, ചികിത്സാ സഹായമായി 6000/രൂപയും ചാരിറ്റി സംഭാവനയായി 5000 /രൂപയും സഹായമായി നൽകി.

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഈ മാസം 28 കേസുകൾ രജിസ്റ്റർ ചെയ്തു. അവർക്ക് ആവശ്യമായ കൗൺസലിങ് സേവനം ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി ഡി എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ ഈ മാസം 506 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി ഒരു യൂണിറ്റിലെ ഒരാൾക്ക് 10200/രൂപ വിതരണം ചെയ്തു.

| യൂണിറ്റിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| രാജഗിരി | 1 | 10200/- |

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**ജനുവരി 2021**

3 ഇളങ്ങുളം ഇടവകയുടെ ശതോത്തര രജതജൂബിലി സമാപനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

4 ചെറുവള്ളി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

5 കത്തീദ്രൽ ഇടവകയിൽ രണ്ട് കുഞ്ഞുങ്ങൾക്ക് പ്രാരംഭകൂദാശകൾ നൽകി.

– പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

6 പാലമ്പ്ര ഹോളി ക്രോസ് കോൺവെന്റിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പും ചാപ്പലിന്റെ കൂദാശയും നടത്തി.

– പെരിയ ബഹു. സേവ്യർ കൂടപ്പുഴയച്ചന്റെ പൗരോഹിത്യ സ്വീകരണ സപ്തതിയോടനുബന്ധിച്ച് അമൽജ്യോതി കോളേജിൽ വച്ചു നടത്തിയ സിമ്പോസിയത്തിൽ സമാപനസന്ദേശം നല്കി.

7 ഗ്രേറ്റ് ബ്രിട്ടൺ രൂപതയിലെ ബഹു. വൈദികർക്ക് ഓൺലൈനായി മാസധ്യാനം നടത്തി.

10 ചെന്നാക്കുന്ന് ഇടവകയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

11 11 മുതൽ 16 വരെ ഓൺലൈനായി നടന്ന സീറോ മലബാർ ബിഷപ്പ്സ് സിനഡിൽ പങ്കെടുത്തു.

13 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന രൂപതയിലെ പ്രെസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു.

14 കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

15 SABS സന്യാസിനിസമൂഹത്തിലെ നിര്യാതയായ ബഹു. സി. ലീമാ റോസ് ശൗര്യാംകുഴിയുടെ മൃതസംസ്കാരശുശ്രൂഷയുടെ പൊൻകുന്നം ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

16 കത്തീഡ്രൽ ഇടവകയിൽ ഒരു മനസമ്മതം നടത്തി.

\- പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

17 കുട്ടിക്കാനം മരിയൻ കോളേജിൽ വച്ചു നടന്ന ജനപ്രതിനിധി യോഗത്തിൽ പങ്കെടുത്തു.

\- ബഹു. ഡെന്നി നെടുംപതാലിൽ അച്ചന്റെ നിര്യാതനായ ചാച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ വലിയതോവാള ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

18 ആനക്കല്ല് ഇടവകയിൽ ഒരു മനസമ്മതം നടത്തി.

19 കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ഓൺലൈൻ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

20 മണിപ്പുഴ MES College ഓഡിറ്റോറിയത്തിൽ വച്ചു നടന്ന ‘പുണ്യം പൂങ്കാവനം’ പദ്ധതിയുടെ സംസ്ഥാനദിനാഘോഷത്തിൽ പങ്കെടുത്തു.

\- വി. യൗസേപ്പിതാവിന്റെ വർഷാചരണത്തിന്റെ കട്ടപ്പന ഫൊറോനാതല ഉദ്ഘാടനം കട്ടപ്പന ഇടവകയിൽ നടത്തി. പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

21 FCC പുഞ്ചവയൽ മഠത്തിന്റെ പുതിയ കോൺവെന്റിന്റെ വെഞ്ചരിപ്പും ചാപ്പലിന്റെ കൂദാശയും നടത്തി.

23 പെരുനാട് ഇടവകയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

24 ഇഞ്ചിയാനി ഇടവകയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

– കൂവപ്പള്ളി അമൽജ്യോതി കോളേജിൽ വച്ച് നടന്ന ജനപ്രതി നിധി യോഗത്തിൽ പങ്കെടുത്തു.

25 വെളിച്ചിയാനി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

– സി.എം.സി. സന്യാസിനീ സമൂഹത്തിലെ നിര്യാതയായ കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് മഠാംഗമായ സി. ഡോറാ കുന്നുംപുറത്ത് വട്ടയ്ക്കാടിന്റെ മൃതസംസ്കാരശുശ്രൂഷയുടെ കത്തീദ്രൽ ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

27 പാലാ ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന ഫാമിലി ലൈഫ് & ലെയ്റ്റി കമ്മീഷന്റെ മീറ്റിംഗിൽ പങ്കെടുത്തു.

28 പൂമറ്റം ഇടവകയുടെ പുതിയ ദൈവാലയം കൂദാശ ചെയ്തു.

30 കാഞ്ഞിരപ്പള്ളി അക്കരപ്പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

31 തെക്കേമല ഇടവകയുടെ നവീകരിച്ച ദൈവാലയം കൂദാശ ചെയ്തു.

# BISHOP’S ENGAGEMENTS
## MAR JOSE PULICKAL
## February - 2021

| Date | Programme | Place | Time |
|---|---|---|---|
| 01 | Machine Blessing | MMT | 1.00 pm |
| 02 | Chapel Consecration | DST Palampra | 2.30 pm |
| 03 | House Blessing | Anchilippa | 4.00 pm |
| 04 | Holy Qurbana | Minor Seminary | 6.30 am |
| 07 | Vincent De Paul Meeting | Kunnumbhagam | 11.30 am |
| - | Blessing - Capuchin Ashram | Chenkal | 4.00 pm |
| 09 | Jubilee : HE Mar Mathew Arackal | Cathedral | 10.00 am |
| 10 | Sahyadri Credit Society Board Meeting | Peermade | 10.30 am |
| 11 | Holy Qurbana | Changanacherry | 8.30 am |
| 12 | Bishop’s Monthly Recollection | | 5.30 pm |
| 13 | Meeting - Education Department | Kanjirapally | 11.00 am |
| - | Holy Qurbana | Karikkattoor | 4.00 pm |
| 14 | Holy Qurbana | Kunnumbhagam | 7.00 am |
| 15 | Vibhoothi Thirunal | Cathedral | 6.30 am |
| 20 | Convention Talk | Changanacherry | 6.30 pm |
| 23 | Presbyteral Council | Pastoral Centre | 10.30 am |

# MUNDAKAYAM MEDICAL TRUST HOSPITAL

MUNDAKAYAM MEDICAL TRUST HOSPITAL
CARE • CURE



Mundakayam East P.O, Idukki Dist.Kerala. Pin 686513
9446462500, 9446462400, 9446463100
mmthospital@gmail.com www.mmthospital.com




## മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ 32 സ്ലൈസ് സി.റ്റി. സ്കാൻ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

**Phone : 04828 293700, 9446463100, 9446462400**



## Other Departments

- Orthopaedics
- General & Laparoscopic Surgery
- Obstetrics & Gynaecology
- Paediatrics
- General Medicine
- ENT
- Dermatology
- Cardiology
- Anaesthesiology
- Gastroenterology
- Neurology
- Nephrology
- Dental and Maxillofacial Surgery
- Physiotherapy

# 2021 ഫെബ്രുവരി ദനഹാ – നോമ്പുകാലങ്ങൾ

| | | |
|---|---|---|
| 1 | തിങ്കൾ | ഗലാ 3:21 – 25, യോഹ 5:41 – 47 |
| 2 | ചൊവ്വ | 1 യോഹ 3:18 – 24, മർക്കോ 3:7 – 12 |
| 3 | ബുധൻ | കൊളോ 2:6 – 10, മത്താ. 12:15b – 421 |
| 4 | വ്യാഴം | എഫേ. 6:10 – 17, മർക്കോ 9:33 – 37 |
| 5 | വെള്ളി | 2 തിമോ 2:8 – 13, മത്താ. 5:1 – 12 |
| 6 | ശനി | 1 കോറി 3:10 – 17, ലൂക്കാ 11:14 – 23 |
| **7** | **ഞായർ** | **✠ ദനഹാ 6 – ാം ഞായർ**<br>നിയ. 24:14 – 22, ഏശ. 63:7 – 16,<br>ഹെബ്രാ. 8:1 – 6, യോഹ 3:22 – 31 |
| 8 | തിങ്കൾ | 1 യോഹ 5:6 – 12, മർക്കോ 3:13 – 19 |
| 9 | ചൊവ്വ | 1 യോഹ 1:5 – 10, യോഹ 9:35 – 39 |
| 10 | ബുധൻ | റോമാ. 14:1 – 6, യോഹ 8:31 – 38 |
| 11 | വ്യാഴം | കൊളോ 1:21 – 23, ലൂക്കാ 13:10 – 17 |
| 12 | വെള്ളി | 1 കോറി 15:39 – 49, മത്താ. 25:31 – 40 |
| 13 | ശനി | 1 കോറി 15:50 – 57, മത്താ 23:1 – 12 |
| **14** | **ഞായർ** | **✠ നോമ്പ് 1 – ാം ഞായർ**<br>പുറ . 34:27 – 35, ഏശ. 58:1 – 10,<br>എഫേ. 4:17 – 24, മത്താ 4:1 – 11 |
| 15 | തിങ്കൾ | റോമാ 1:16 – 25, മത്താ. 5:17 – 26 |
| 16 | ചൊവ്വ | റോമാ 2:1 – 6, മത്താ. 5:38 – 42 |
| 17 | ബുധൻ | റോമാ 2:12 – 24, മത്താ. 6:5 – 8 |
| 18 | വ്യാഴം | റോമാ 3:9 – 20, മത്താ. 6:25 – 34 |
| 19 | വെള്ളി | റോമാ 4:13 – 25, മത്താ. 7:1 – 6 |
| 20 | ശനി | റോമാ 3:21 – 26, മത്താ. 6:9 – 15 |
| **21** | **ഞായർ** | **✠ നോമ്പ് രണ്ടാം ഞായർ**<br>ഉത്പ 5:19 – 31 ജോഷ്വ. 4:15 – 24,<br>റോമ 6:15 – 23, മത്താ. 7:21 – 27 |
| 22 | തിങ്കൾ | തീത്തോ. 3:1 – 7, മർക്കോ. 7:14 – 23 |
| 23 | ചൊവ്വ | റോമാ 8:18 – 25, മത്താ. 7:7 – 12 |
| 24 | ബുധൻ | റോമാ 6:15 – 23, മത്താ. 9:1 – 8 |
| 25 | വ്യാഴം | റോമാ 3:1 – 8, മത്താ. 5:33 – 37 |
| 26 | വെള്ളി | റോമാ 7:7 – 12, മർക്കോ. 11:27 – 33 |
| 27 | ശനി | 1 കോറി 5:9 – 13, മത്താ. 11:16 – 19 |
| **28** | **ഞായർ** | **✠ നോമ്പ് മൂന്നാം ഞായർ**<br>ഉത്പ. 7:6 – 24, ജോഷ്വാ. 5:13 – 6:5,<br>റോമാ 7:14 – 25, മത്താ. 20:17 – 28 |

Edited and printed by Rev. Fr. Kurian Thamarassery, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654